ശ്രീ. ആർ. ശങ്കർ : വോട്ടേഴ്സ് ലിസ്റ്റിനെപ്പറ്റി പരാതിയില്ല. നോമിനേഷൻ. പേപ്പറിനെപ്പറ്റിയാണ് പരാതിയുണ്ടായത്. പലരും ഇംഗ്ലീഷിലുള്ളതു വാങ്ങി പൂരിപ്പിച്ചെടുക്കുകയാണ് പതിവു്. ഈ രാജ്യത്തു് ധാരാളം ഇംഗ്ലീഷ് ഭാഷയിൽ നോമിനേഷൻ പേപ്പറുകളും ഉണ്ടു്. ഏതായാലും ഭാഷാന്യൂനപക്ഷത്തിനു് വലിയ ബുദ്ധിമുട്ടുവരുന്നു എന്നു പറയുന്നതു് ശരിയായിരിക്കുകയില്ല. ഉദ്യോഗസ്ഥന്മാരെ ഈ പ്രദേശങ്ങളിലേക്കു് നിയമിക്കുമ്പോൾ അവർക്കു് ഈ ഭാഷകളും അറിയാമോ എന്നു് അന്വേഷണം നടത്താറുണ്ടു്. പലപ്പോഴും ഇതു സാധിക്കുമെങ്കിലും എല്ലായ്പ്പോഴും ആ ഭാഷകൂടി അറിയുന്നവരെമാത്രമേ അത്തരം പ്രദേശങ്ങളിൽ പോസ്റ്റു ചെയ്യാവൂ എന്നു പറയുന്നതു് പ്രയാസമായിരിക്കും. പബ്ലിക് സർവ്വീസ് കമ്മീഷനിൽനിന്നു് യോഗ്യതനോക്കി നിയമിക്കുമ്പോൾ അപൂർവ്വം ചില സന്ദർഭങ്ങളിൽ ഇങ്ങനെയുള്ള യോഗ്യത മൈനോറിട്ടീസ് ഭാഷ സംസാരിക്കാൻ കഴിവുള്ള യോഗ്യത ഇല്ലാത്ത ചില ആളുകളെ ചില ഉദ്യോഗങ്ങളിൽ നിയമിക്കേണ്ടിവന്നേയ്ക്കും. എങ്കിലും നിത്യേന ഇവിടത്തെ ജനങ്ങളുമായി സമ്പർക്കത്തിൽ കഴിയാൻ ബാദ്ധ്യതയുള്ള ആളുകളെ സംബന്ധിച്ചിടത്തോളം അവർക്കു് ഇത്തരം ഭാഷകളിൽ അറിവുണ്ടായിരിക്കണമെന്നു് ഗവണ്മെന്റു് പ്രത്യേകം ശ്രദ്ധിക്കുന്നുണ്ടു്. വേറെ എന്തെങ്കിലും ബുദ്ധിമുട്ടുകളും ഈ ഭാഷാസംസാരിക്കുന്നവർക്കു് ഉണ്ടാവുന്നു എന്നു പറയുന്നതു് ശരിയല്ല. ഭാഷയെപ്പറ്റിയുള്ള എല്ലാ ആവശ്യങ്ങളും നിറവേറ്റിക്കൊടുക്കാൻ ഗവണ്മെന്റു് പ്രത്യേകം ശ്രദ്ധിക്കുന്നുണ്ടു്. ഈ സാഹചര്യങ്ങളിൽ യഥാർത്ഥത്തിൽ ഭാഷാന്യൂനപക്ഷത്തിനു് വലിയ പരാതിക്കു് കാര്യമില്ല. ഏതെങ്കിലും കാര്യത്തിൽ വേണ്ടപോലെ ശ്രദ്ധിക്കുന്നില്ലെന്നോ, അവർക്കു് ഈ വിഷയത്തിൽ എന്തെങ്കിലും പ്രത്യേകമായ ബുദ്ധിമുട്ടുകളുണ്ടായിയെന്നോ ഗവണ്മെന്റിന്റെ ദൃഷ്ടിയിൽപ്പെടുത്തിയാൽ അതിനു് പരിഹാരമുണ്ടാക്കാൻ ഗവണ്മെന്റു് എപ്പോഴും സന്നദ്ധമാണു്. ഇതു മാത്രമേ എനിക്കു് ഇതു സംബന്ധിച്ചു് പറയാനുള്ളു. സമയമായതുകൊണ്ടു് ഞാൻ എന്റെ വാക്കുകളും അവസാനിപ്പിക്കുന്നു.

2. Budget Estimates of the Kerala State Electricity Board 1964-1965.

Shri P. Ravindran : Sir, I move that the Budget Estimates of the Kerala State Elestricity Board for 1964-65 be discussed.

ശ്രീ: പി. സി. രാഘവൻ നായർ : ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

Mr. Speaker : Let us now discuss the budget estimates.

ശ്രീ പി. രവീന്ദ്രൻ : സർ, കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിന്റെ 1964-65-ലേക്കുള്ള ബഡ്ജറ്റു് എസ്റ്റിമേറ്റു് ചർച്ച ചെയ്യണമെന്നുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. ഇലക്ട്രിസിറ്റി സപ്ലൈ ആക്ടനുസരിച്ചു് 1-4-57-ലാണു് കേരളസ്റ്റേറ്റു് ഇലക്ട്രിസിറ്റി ബോഡ്ഡു് രൂപീകൃതമായതു്. വളരെയധികം പ്രതീക്ഷകളോടുകൂടിയാണു് ഇങ്ങനെയൊരു സ്ഥാപനം നിലവിൽ വന്നതു്. ബോർഡിന്റെ പ്രധാനപ്പെട്ട ചുമതല വിദ്യുച്ഛക്തി ഉൽപാദനവും അതിന്റെ വിതരണവുമാണു്. കാര്യക്ഷമമായും ചുരുങ്ങിയ ചെലവിലും ഉൽപ്പാദനവും വിതരണവും നടത്തണമെന്നാണു് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. നമ്മുടെ രാജ്യത്തിലെ നദീജലസമ്പത്തു മുഴുവൻ ചൂഷണം ചെയ്തു് കുറഞ്ഞ ചെലവിൽ വിദ്യുച്ഛക്തി ഉൽപ്പാദിപ്പിച്ചു് കുറഞ്ഞ നിരക്കിൽ ജനങ്ങൾക്കു വിതരണം ചെയ്യുക എന്നുള്ള പൊതുനയമാണു് ബോർഡിനുള്ളതു്. കേരളമാണെങ്കിൽ ജലവൈദ്യുത പദ്ധതികളും നടപ്പിലാക്കി വിദ്യുച്ഛക്തി ഉൽപ്പാദനം നടത്തുന്നതിനു് വിപുലമായ സാദ്ധ്യതകളുള്ള ഒരു സംസ്ഥാനമാണു്. 44-ഓളം പ്രധാനപ്പെട്ട നദികളും നമ്മുടെ സംസ്ഥാനത്തുണ്ടു്. ഈ നദികളിലാകെയുള്ള ജലം ശേഖരിച്ചു് വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

സാദ്ധ്യതകളും നമുക്കുണ്ട്. ഏതാണ്ട് 153'9 million കിലോവാട്ട്സ് വിദ്യുച്ഛക്തി കേരളത്തിൽ ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്നാണ് സെൻട്രൽ വാട്ടർ പൗവ്വർ കമ്മീഷൻ കണക്കാക്കിയിട്ടുള്ളത്. കേരളത്തെ സംബന്ധിച്ചിടത്തോളം വിദ്യുച്ഛക്തിക്ക് പ്രത്യേകമായ പ്രാധാന്യം ഉണ്ട്. വളരെ ശ്രുക്ഷമായ തൊഴിലില്ലായ്മയുള്ള ഒരു സംസ്ഥാനമാണ് കേരളം. വ്യവസായവല്ക്കരണം കൊണ്ടു മാത്രമേ ഈ ശ്രുക്ഷമായ തൊഴിലില്ലായ്മ പരിഹരിക്കാൻ സാധിക്കുകയുള്ളൂ എന്ന കാര്യം ഇന്ന് എല്ലാവരും അംഗീകരിച്ചിട്ടുണ്ട്. വ്യവസായവൽക്കരണത്തിനു ഏറ്റവും പ്രധാനമായ ഒരു ഘടകമാണ് വിദ്യുച്ഛക്തി. കേരളത്തിന്റെ സർവ്വതോമുഖമായ പുരോഗതിക്ക് വിദ്യുച്ഛക്തി ഉൽപ്പാദനം പ്രധാനപ്പെട്ട ഒരു ഘടകമായിത്തീർന്നിട്ടുണ്ട്. കൂടാതെ വിദ്യുച്ഛക്തി ഉൽപ്പാദനത്തെ സംബന്ധിച്ചിടത്തോളം ഒരു മിച്ചസംസ്ഥാനമാക്കുന്നതിനും മിച്ചം വരുന്ന ശക്തി അയൽ സംസ്ഥാനത്തിനു കച്ചവടം ചെയ്യുന്നതിനും കേരളത്തിനു സാധിക്കും എന്നാണ് കാണുന്നത്. അങ്ങനെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കുന്നതിന് വിദ്യുച്ഛക്തി ഉൽപ്പാദനം സഹായിക്കുന്ന ഒരു സാഹചര്യം നമ്മുടെ രാജ്യത്തുണ്ട്. ഈ സാഹചര്യങ്ങളെ എങ്ങനെ കേരള 'സ്റ്റേറ്റ്' ഇലക്ട്രിസിറ്റി ബോർഡ് പ്രയോജനപ്പെടുത്തും. ബോർഡിൽ നിക്ഷിപ്തമായിരിക്കുന്ന ചുമതലകളിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടുണ്ടോ ഇക്കാര്യങ്ങളെ സംബന്ധിച്ച് പരിശോധിക്കാനാണ് ഉദ്ദേശിക്കുന്നത്. സർ, വളരെ പരിമിതമായ സമയം മാത്രമേ എനിക്കുള്ളൂ. അതുകൊണ്ട് ഇതിന്റെ വിശദമായ വശങ്ങളിലേക്ക് കടക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല.

സർ, ഇന്ന് വിദ്യുച്ഛക്തിയുടെ കുറവ് നമ്മുടെ രാജ്യത്തെ വ്യവസായികളെ സാരമായി ബാധിച്ചിട്ടുണ്ടെന്നുള്ളതിനു യാതൊരു സംശയവുമില്ല. ഈ ഉണക്കുകാലത്തുതന്നെ വിദ്യുച്ഛക്തിയിൽ കുറവു വന്നതുമൂലം നിരവധി വ്യവസായശാലകൾ പൂട്ടിയിടേണ്ടതായിവന്നു. പല വ്യവസായങ്ങളിലും ഭാഗികമായി മാത്രമേ ജോലി നടക്കുന്നുള്ളൂ. പൗവ്വർ കട്ട് ഏർപ്പെടുത്തിയതുമൂലം കഴിഞ്ഞ വർഷംതന്നെ ലക്ഷക്കണക്കിനു തൊഴിൽ ദിവസങ്ങൾ നഷ്ടപ്പെട്ടിട്ടുള്ളതായി ഈ സഭയിൽത്തന്നെ ഒരു ചോദ്യത്തിനുത്തരമായി ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി പറയുകയുണ്ടായി. ഇതുമൂലം തൊഴിലാളികളുടെ പ്രയത്നശക്തി നഷ്ടപ്പെട്ടുന്നതിനുപുറമെ നമ്മുടെ രാജ്യത്തിന്റെ ഉൽപ്പാദനത്തിലും സാരമായ കുറവു വരുന്നു. ഞാൻ അതിന്റെ കണക്കുകളെല്ലാം ഉദ്ധരിച്ച് സമയം നഷ്ടപ്പെടുത്തണമെന്നും ഉദ്ദേശിക്കുന്നില്ല. രാജ്യത്തുള്ള എല്ലാ ആളുകൾക്കും അറിയാവുന്ന കാര്യമാണ്. വിദ്യുച്ഛക്തി ആവശ്യത്തിനു ലഭിക്കാത്തതുകൊണ്ട് വ്യവസായശാലകൾക്ക് വലിയ നഷ്ടം നേരിട്ടുണ്ട്. കുറഞ്ഞ നിരക്കിൽ ആവശ്യമുള്ളിടത്തോളം വിദ്യുച്ഛക്തി ലഭിക്കുമെന്നു ഉറപ്പുണ്ടെങ്കിൽ മാത്രമേ വെളിയിലുള്ള വ്യവസായികൾ കേരളത്തിൽവന്നു വ്യവസായങ്ങൾ ആരംഭിക്കാൻ സാദ്ധ്യതയുള്ളൂ. കുറഞ്ഞ നിരക്കിൽ വിദ്യുച്ഛക്തി വിതരണം ചെയ്യുക എന്നുള്ളതു വ്യവസായികളെ ആകർഷിക്കുന്നതിനുള്ള പ്രധാനമായ ഉപാധിയാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല. കേരളം വ്യാവസായികമായി വളരെയധികം പുരോഗമിച്ചിട്ടുണ്ടെന്നും വ്യവസായവൽക്കരണത്തിൽ ഗണ്യമായ പുരോഗതി കേരളത്തിനു ഉണ്ടായിട്ടുണ്ടെന്നും ഒക്കെ പറയുമ്പോൾ അതിനു തുല്യമായ വിദ്യുച്ഛക്തി ഉൽപ്പാദനം നടക്കുന്നുണ്ടോ ഇല്ലയോ എന്നുള്ളതിനെ സംബന്ധിച്ച് ആരും ഒന്നും പറഞ്ഞിട്ടില്ല. വ്യവസായവൽക്കരണത്തിൽ തുല്യമായിത്തന്നെ വിദ്യുച്ഛക്തി ഉൽപ്പാദനവും മുന്നോട്ടു പോയെങ്കിൽ മാത്രമേ വ്യവസായീകരണം സാദ്ധ്യമാകൂ എന്നുള്ള കാര്യത്തിൽ ആരും സംശയിക്കേണ്ടതില്ല. സർ, വിദ്യുച്ഛക്തിയുടെ കുറവുമൂലം നമ്മെ നേരിട്ടുന്ന ബുദ്ധിമുട്ടുകളെ സംബന്ധിച്ചിടത്തോളം ഞാൻ വിശദമായി പറയാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ ഒരു കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. കൈത്തറിമേഖലയിൽ നല്ല തറികൾ സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതി ഗവണ്മെന്റിനുണ്ട് സഹകരണസംഘങ്ങളെക്കൊണ്ട് പത്തോ ഇരുപതോ തറികൾ ഗവണ്മെന്റ് എടുപ്പിച്ചു. പക്ഷേ ഇന്ന് ആ തറികളെല്ലാം സ്ഥാപിച്ചുകഴിഞ്ഞിട്ടും പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. പൗവ്വർലൂം മന്ത്രി എന്നാണ് പേരു്. അവിടെ ലൂംസ് മാത്രമേയുള്ളൂ പൗവ്വർ ഇല്ല എന്നുള്ള സ്ഥിതിയാണുള്ളത്. ഇങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

ഏതു രംഗമെടുത്തു പരിശോധിച്ചാലും വിദ്യുച്ഛക്തിയുടെ അഭാവം മൂലം നമ്മുടെ വ്യവസായങ്ങൾക്കു് തടസം നേരിടുന്നുണ്ടെന്നുള്ളതു് സത്യമാണു്. കണക്കുകളും പരിശോധിച്ചുനോക്കിയാൽതന്നെ ഒരു കാര്യം വ്യക്തമായി മനസ്സിലാകും. മൂന്നാം പഞ്ചവത്സരപദ്ധതി അവസാനിക്കുമ്പോഴും 365 മില്യൻ വാട്ടു്സു് ഇലക്ട്രിസിറ്റി വേണ്ടിവരുമെന്നാണു് ഇലക്ട്രിസിറ്റിബോഡ്ഡു് കണക്കാക്കിയിട്ടുള്ളതു്. 1961-വരെ നമുക്കു് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുള്ളതു് 147 മില്യൻ വാട്ടു്സു് മാത്രമാണു്. മൂന്നാം പദ്ധതിയുടെ അവസാനത്തോടുകൂടി ഉദ്ദേശിച്ച നിലയിൽ എത്തുമോ ഇല്ലയോ എന്നുള്ളതിനെ സംബന്ധിച്ചു് എനിക്കു് ബലമായ സംശയമുണ്ടു്. ശബരിഗിരി, ഷോളയാർ ഇടുക്കി എന്നീ പദ്ധതികളുടെ പ്രവർത്തനം പൂർത്തിയായിക്കഴിഞ്ഞാൽ ഒരു പക്ഷേ ഇതിൽ എത്താൻകഴിഞ്ഞേക്കും. മൂന്നാംപദ്ധതിയുടെ അവസാനത്തോടുകൂടിതന്നെ ഈ പദ്ധതികളുടെ പ്രവർത്തനവും പൂർത്തിയാകുമെന്നു പറയാൻ യാതൊരു ന്യായവുമില്ല. ഷോളയാർ പദ്ധതിയെ സംന്ധിച്ചും ശബരിഗിരി പദ്ധതിയെ സംബന്ധിച്ചും സംശയമുണ്ടു്. കേന്ദ്രമന്ത്രി ശ്രീ. കെ. എൽ. റാവു ഇവിടെ വന്നപ്പോഴും നമ്മുടെ ചിലപദ്ധതികളും ഉദ്ദേശിച്ചതിൽ കൂടുതൽ താമസം അതിന്റെ നിർമ്മാണത്തിനു് ഉണ്ടാവുമെന്നു് സൂചിപ്പിച്ചിട്ടുള്ളതായി പത്രങ്ങളിൽ കാണുകയുണ്ടായി. ഏതായാലും ഒരു കാര്യം ചുരുക്കിപറയാനുള്ളതു് ഇതാണു്. വ്യവസായവൽക്കരണത്തിനു് ആവശ്യമായ വിദ്യുച്ഛക്തി ഉദ്ദേശിച്ച രീതിയിൽ ഉൽപ്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനും കേരള ഇലക്ട്രിസിറ്റി ബോർഡിനു് കഴിഞ്ഞിട്ടില്ല. ആ രംഗത്തു് ബോർഡു് പരാജയപ്പെട്ടിരിക്കുന്നു എന്നാണു് എനിക്കു പറയാനുള്ളതു്.

ഏറ്റവും പ്രധാനപ്പെട്ട ഈ ജോലിയിൽ ബോർഡു പരാജയപ്പെട്ടിരിക്കുന്നു എന്നുള്ളതു് നാം പ്രത്യേകം ഓർത്തിരിക്കേണ്ടതാണു്. ആവശ്യമായ വിദ്യുച്ഛക്തി ഉൽപാദിപ്പിച്ചു് കുറഞ്ഞവിലക്കു വിതരണംചെയ്യുക എന്നുള്ളതാണു് അവരുടെ ചുമതല. അതിൽ കേരളാ ഇലക്ട്രിസിറ്റിബോർഡു് ദയനീയമായി പരാജയമടഞ്ഞിരിക്കുന്നു എന്നാണു എനിക്കു പറയുവാനുള്ളതു്. കുറഞ്ഞവിലയ്ക്കു വിദ്യുച്ഛക്തി വിതരണം ചെയ്യണമെന്നാണു ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. ഇന്നു് അനുവർത്തിച്ചുവരുന്നതു് നേരെ മറിച്ചാണു്. അതിന്റെ വിശദാംശങ്ങളിലേക്കു് ഞാൻ കടക്കുന്നില്ല. ഡൊമസ്റ്റിക് കൺസംപ്ഷനുള്ള ഇലക്ട്രിസിറ്റിയുടെ ചാർജ്ജു് വളരെ കൂടുതലാണെന്നു നമുക്കു് ബോദ്ധ്യമായിട്ടുണ്ടു്. പ്രൊഡക്ടിവു് കൺസംപ്ഷനു് ഉള്ളതിന്റെ 15 ഇരട്ടിവരെ വരുന്നുണ്ടു്. 1958-ലെ താരിഫു് റിവിഷൻകൊണ്ടു് ഇന്നും സാരമായ മാറ്റം വന്നില്ല. ഇന്നുള്ള ഡൊമസ്റ്റിക് കൺസംപ്ഷനു വസൂലാക്കുന്ന റേറ്റു് കുറയ്ക്കണമെന്നു എസ്റ്റിമേറ്റു് കമ്മിറ്റിയും ലോകനാഥൻ റിപ്പോർട്ടും ശുപാർശ ചെയ്തിട്ടുണ്ടു്. അതു് കുറയ്ക്കണമെന്നുള്ളതു് ഇന്നു പൊതുവിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള തത്വമാണു്. അങ്ങനെ കുറയ്ക്കുന്നതിനു പകരം റേറ്റു് വർദ്ധിപ്പിച്ചുകൊണ്ടുവരുന്ന ഒരു പ്രവണതയാണു് ഇന്നു കാണുന്നതു്. ചാർജ്ജു് വർദ്ധിപ്പിക്കുന്നതിനു പുറമേ, ഒരു രൂപാ വീതം ഓരോ കൺസ്യൂമറുടെ കൈയിൽനിന്നും മീറ്റർ റെന്റും സർവ്വീസു് ചാർജ്ജുമായി ഈടാക്കുന്നുണ്ടു്. ഇനി ഡിപ്പോസിറ്റു തുകയിൽ സാരമായ വർദ്ധനവു വരുത്താൻപോകുന്നു എന്നു കേൾക്കുന്നു. ഏതായാലും കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുമെന്നു പറഞ്ഞിരുന്ന ബോർഡിനു് അതു ഇതുവരെ ചെയ്യാൻ കഴിഞ്ഞിട്ടില്ല. കാർഷികാവശ്യങ്ങൾക്കു് ആവശ്യമുള്ളിടത്തോളം വിദ്യുച്ഛക്തി വിതരണംചെയ്യാൻ കഴിഞ്ഞിട്ടില്ല. ഈ രംഗത്തേക്കു വിതരണം ചെയ്യുന്നതിനു് 10 ശതമാനം മിനിമം ഗാരൻറി വേണമെന്നുള്ളതു് 6 ശതമാനമായി കുറയ്ക്കണമെന്നു എസ്റ്റിമേറ്റു കമ്മിറ്റി ആവശ്യപ്പെട്ടിട്ടുണ്ടു്. അങ്ങനെ കുറഞ്ഞ നിരക്കിൽ വിദ്യുച്ഛക്തി നൽകാമെന്നു വാഗ്ദാനം നൽകിയ ബോർഡു് ഇന്നു് അക്കാര്യത്തിൽ പരാജയപ്പെട്ടിരിക്കുന്നു എന്ന കുറ്റം ഞാൻ ആരോപിക്കുകയാണു്.

മറ്റൊരു പ്രധാന കാര്യം, മുഖ്യമന്ത്രിയുടേയും ഈ സഭയുടേയും ശ്രദ്ധയിൽ പെടുത്തേണ്ടുള്ളതു്, ഇലക്ട്രിസിറ്റിബോർഡു് വളരെ അധികം അഴിമതികൾ കാണിക്കുന്നുണ്ടെന്നുള്ള ആക്ഷേപം പൊതുജനങ്ങളുടെ ഇടയിൽ ഉണ്ടെന്നുള്ളതാണു്. കൺട്രാക്ടു് നൽകുന്ന കാര്യത്തിലും നിയമനം നടത്തുന്ന കാര്യത്തിലും

LIBRARY ARCHIVES Kerala Legislative Assembly

വലിയ അഴിമതി നടക്കുന്നുണ്ടെന്നു് ഇന്നു പരക്കെ ജനങ്ങൾ വിശ്വസിക്കുന്നുണ്ടു്. അഴിമതികളെ സംബന്ധിച്ചു് ഒട്ടവളരെ പ്രസ്താവനകളും എതിർ പ്രസ്താവനകളും ഈ രാജ്യത്തു് ഉണ്ടായിട്ടുണ്ടു്. അതിലേയ്ക്കെല്ലാം കടക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. ഒന്നരണ്ടു കാര്യങ്ങൾ മാത്രം പൂണ്ടിക്കാണിക്കാനേ ഞാൻ വിചാരിക്കുന്നുള്ളു. കൺട്രാക്ട് സംബന്ധിച്ചുള്ള കാര്യങ്ങളിൽ എലക്ട്രിസിറ്റി ബോർഡു് നിലവിലുള്ള ചട്ടങ്ങൾ പരിപാലിക്കുന്നില്ലെന്നുള്ള കുറ്റം ആരോപിക്കുകയാണു്. അതിനു വ്യക്തമായ ഒരു തെളിവു് വയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഷോളയാർ ഡാമിന്റെ ഫസ്റ്റ് സ്റ്റേജ് വർക്ക് ടെൻഡർ സമയത്തുണ്ടായ കാര്യമാണു് എനിക്കു പറയുവാനുള്ളതു്, 44 ലക്ഷം രൂപാ ചെലവാക്കി അതു് പണിയണമെന്നാണു് ഉദ്ദേശിച്ചതു്. അതിനു ടെൻറർ വിളിച്ചു. നാലുപേർ ടെൻറർ കൊടുത്തിട്ടു് അതിൽ കൂടിയ ടെൻറർകാറനു് ജോലികൊടുത്തു എന്നാണു് മനസ്സിലാക്കുവാൻ കഴിഞ്ഞതു്. 44 ലക്ഷം രൂപയുടെ ജോലി 4645918 രൂപക്കു് ടെൻറർ കൊടുത്ത ആളിനാണു് കൊടുത്തതു്. അതായതു്, രണ്ടരലക്ഷം രൂപയിലധികം കൊണ്ടു് ജോലി ചെയ്യാമെന്നു പറഞ്ഞ ആളിനു കൊടുത്തു. അതേ സമയം ഏറ്റവും കുറഞ്ഞ ടെൻഡർ കൊടുത്തയാളിനു കൊടുത്തില്ല. കുറഞ്ഞ ടെൻഡർകാരനു എന്തുകൊണ്ടു് ജോലി കൊടുത്തില്ലെന്നു ചോദിച്ചപ്പോൾ പറഞ്ഞ മറുപടി, ഈ സഭ പ്രത്യേകം ഓർക്കേണ്ടതാണു്. ആ കൺട്രാക്ടർക്കു് ഇത്തരം പ്രധാനപ്പെട്ട ജോലികളും ഏൽപ്പിക്കുന്നതിനുള്ള കഴിവും പരിചയവും സാമ്പത്തികശേഷിയും ഇല്ലെന്നാണു പറഞ്ഞതു്. അതുകൊണ്ടാണു് കൂടിയ ടെൻഡർകാരനു കൊടുത്തതെന്നു പറഞ്ഞു. പക്ഷേ, മൂന്നുമാസം കഴിഞ്ഞ ശേഷം പൊൻമുടി ഡാമിന്റെ ജോലി ടെൻഡർ ചെയ്തപ്പോൾ നടന്ന കാര്യംകൂടി സഭ പ്രത്യേകം ഓർമ്മിക്കേണ്ടതാണു്. 8476000 രൂപ ചെലവുള്ള ജോലിയായിരുന്നു അതു്. അതായതു്, ഷോളയാറിന്റെ ഇരട്ടിയോളം തുകയും വലിപ്പവും ഉള്ള ജോലി. ഈ ജോലി കഴിവും പരിചയവും ഒന്നുമില്ലെന്നു പറഞ്ഞു് ഡിസ്ക്വാളിഫൈ ചെയ്ത കൺട്രാക്ടർക്കാണു് കൊടുത്തതു്. ഇത്രയും വലിയ ഒരു ജോലി ഈ കൺട്രാക്ടറർക്കു കൊടുത്തപ്പോൾ മുൻ നടപടിയുടെ വെളിച്ചത്തിൽ ഈ കൺട്രാക്ടറുടെ പരിചയവും സാമ്പത്തികഭദ്രതയുമൊക്കെ പരിഗണിക്കപ്പെട്ടിട്ടുണ്ടോയെന്നു ചോദിച്ചപ്പോൾ എലക്ട്രിസിറ്റിബോർഡു് ചെയർമാൻ എസ്റ്റിമേറ്റു് കമ്മിറ്റിയിൽ പറഞ്ഞതു് റിക്കാർഡുകൊണ്ടു് അങ്ങനെയൊന്നും കാണുന്നില്ല എന്നാണു്. ഈ സഭ ഇതു് ഗൗരവപൂർവ്വം വീക്ഷിക്കണമെന്നാണു് എനിക്കു് പറയുവാനുള്ളതു്. ബഹുമാനപ്പെട്ട മന്ത്രി ഇതിനെപ്പറ്റി അന്വേഷിക്കേണ്ടതാണു്, ഡിസ്ക്വാളിഫൈ ചെയ്ത കൺട്രാക്ടറർക്കു് ഈ വർക്ക് കൊടുക്കുന്നതിനു ശുപാർശ ചെയ്തു. ആ ടെൻഡർ പൂർണ്ണമായി അംഗീകരിക്കുന്നതിനുമുമ്പു് ആ കൺട്രാക്ടറർക്കു പൊൻമുടി ഡാമിൽ മണലിറക്കുന്നതിനുള്ള അനുവാദവും കൊടുത്തു. എന്തുകൊണ്ടു് അങ്ങനെ അനുവാദം കൊടുത്തു എന്നു ചോദിച്ചപ്പോൾ ചീഫ് എൻജനീയർ പറയുന്നതു് അതു് അംഗീകരിക്കുമെന്നുള്ള പ്രതീക്ഷയിൽ കൊടുത്തു എന്നാണു്. ഇത്ര നിരുത്തരവാദപരമായി ഇത്തരം കാര്യങ്ങൾ ചെയ്യാൻ കഴിയുമോയെന്നാണു് ഞാൻ ചോദിക്കുന്നതു്. ഇത്തരത്തിൽ ഒരു സ്ഥാപനം പ്രവർത്തിക്കുന്നതു് നിസ്സാരമായി കണക്കാക്കാൻ പാടില്ല. മുഖ്യമന്ത്രി മറുപടി പറയുമ്പോൾ, ഇതു സംബന്ധിച്ചു് അന്വേഷിക്കുമെന്നു തീർച്ചയായും പറയുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. കംഭകോണങ്ങളുടെ ഒരു നീണ്ട പട്ടികതന്നെ എന്റെ കൈയിലുണ്ടു്. അതിലേക്കെല്ലാം പ്രവേശിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഷോളയാർ മണൽ കംഭകോണം എന്നു പ്രസിദ്ധീകരണവും എതിർ പ്രസിദ്ധീകരണവും ഉണ്ടായതായി കാണുന്നുണ്ടു്. പത്തരലക്ഷം രൂപയുടെ കംഭകോണം നടന്നു എന്നാണു പറയുന്നതു്. അങ്ങനെ പത്തരലക്ഷം രൂപയുടെ കുംഭകോണം നടന്നിട്ടുണ്ടെന്നു് ആക്ഷേപമുള്ളതുകൊണ്ടു് അതു സംബന്ധിച്ചു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്വേഷണം നടത്തണമെന്നാണു് എനിക്കു പറയുവാനുള്ളതു്. അതുപോലെതന്നെ ഷോളയാർ ഡാമിന്റെ ജോലിക്കുവേണ്ടി ഒരു കൺട്രാക്ടർക്കു് 200 ടൺ സിമൻറു് സപ്ലൈ ചെയ്തു. ആ സിമൻറു് അവിടെ കൊടുത്തില്ല. കൊടുക്കാതിരുന്നതിനു് നടപടി എടുത്തു. ചീഫ് എൻജനീയർ പറയുന്നതു് ആ സിമൻറിന്റെ വില കൺട്രാക്ടറുടെ കൈയിൽനിന്നും ഈടാക്കിയാൽ മതിയെന്നാണു്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. രവീന്ദ്രൻ]

ബോർഡിൽനിന്നും സപ്ലൈ ചെയ്യുന്ന സിമൻറ് പഴയ വില കണക്കാക്കി തുക ഈടാക്കിയാൽ മതിയെന്നാണ് ശുപാർശ ചെയ്തത്. ഇതുപോലെ വളരെ അധികം കാര്യങ്ങളും നടക്കുന്നുണ്ട്. സുക്കിയിട്ട് അടിസ്ഥാനം കെട്ടേണ്ട ഡാമിൽ പിന്നീട് സിമൻറിട്ട് അടിസ്ഥാനം കെട്ടണമെന്ന തീരുമാനിച്ചു. ആദ്യം സുക്കിയിട്ട കെട്ടി. പിന്നെ അതിൻറെ പുറത്തു സിമൻറു പൂശി. അങ്ങനെ അടിസ്ഥാനം സുക്കിയിൽകെട്ടി സിമൻറു പൂശിയിട്ട് സിമൻറിൽ കെട്ടിയെന്ന റിപ്പോർട്ടുചെയ്തു. ഇതു ചൂണ്ടിക്കാണിച്ച എൻ. എം. ആർ. തൊഴിലാളികളെ പ്രതികാരബുദ്ധിയോടുകൂടി പല സ്ഥലത്തേക്കും മാറ്റുകയുണ്ടായി. ഇങ്ങനെ വളരെ ഗുരുതരമായ ആരോപണങ്ങളാണ് ഇലക്ട്രിസിറ്റി ബോർഡിനെ സംബന്ധിച്ച് പറയുവാനുണ്ട്. നിയമനത്തെ സംബന്ധിച്ച് കേൾക്കുന്ന ആരോപണത്തെപ്പറ്റി പറയുവാൻ എനിക്കു ലജ്ജയുണ്ട്. എല്ലാ നടപടികളും മര്യാദകളും ലംഘിച്ചുകൊണ്ടാണ് അവിടെ നിയമനങ്ങൾ നടത്തുന്നതെന്നു കേൾക്കുന്നു, അതു സഹിക്കവയ്യാതെയാണ് ഗവണ്മെൻറ് നിയമനങ്ങൾ പബ്ലിക്ക് സർവ്വീസ് കമ്മീഷനു വിട്ടുകൊടുക്കുന്നതിനു നിയമമുണ്ടാക്കിയതു്. അതിൻറെ ഗതിയെന്തായി എന്നെനിക്കറിഞ്ഞുകൂടാ. ഏതായാലും നിയമനകാര്യത്തിൽ വളരെ അഴിമതികരം നടക്കുന്നുണ്ടെന്നു ജനങ്ങൾ ബലമായി വിശ്വസിക്കുന്നുണ്ട്. വിദ്യുച്ഛക്തികൊണ്ട് വെളിച്ചം തരേണ്ട ബോർഡ് അഴിമതിയുടെ അന്ധകാരം പരത്തുന്നു എന്നു ഞാൻ ആരോപിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതു ഗൗരവമായി പരിഗണിച്ച് ഒരു ജുഡീഷ്യൽ അന്വേഷണമോ, ഈ സഭയിലെ അംഗങ്ങൾ അടങ്ങിയ ഒരു കമ്മിറ്റിയുടെ അന്വേഷണമോ നടത്താൻ തയാറാകണമെന്നു ഞാൻ ആവശ്യപ്പെടുകയാണ്.

സ്റ്റാഫിനെ സംബന്ധിച്ച് ഒന്നുരണ്ടു കാര്യങ്ങൾ പറയുവാനുണ്ട്, ചീഫ് എഞ്ചിനീയർ ഇലക്ട്രിസിറ്റി, സിവിൽ, അഡീഷണൽ ചീഫ് എൻജനീയർ എന്നിങ്ങനെ ചീഫ് എൻജിനീയർമാരുടെ ഒരു പട്ടിക കാണുന്നുണ്ട്. ഇതിൽ ചിലതെല്ലാം ആവശ്യമില്ലാത്തതാണെന്നു എനിക്കു പറയുവാൻ കഴിയുകയുള്ളു. മാനുവൽ എഴുതുന്നതിനു് ഒരു ചീഫ് എൻജിനീയരെ വച്ചിട്ടുണ്ടെന്നു കേൾക്കുന്നു. ഡാമിൻറെ പണികൾക്കു് തിരുവനന്തപുരത്തു് ഹെഡ്കാട്ടേഴ്സിൽ ഒരു ചീഫ് എൻജിനീയർ ഉണ്ടെന്നാണ് കേൾക്കുന്നതു്. പെൻഷൻറെ വക്കിൽ പറഞ്ഞിരിക്കുന്ന ഒരു ചീഫ് എൻജനീയരെ ക്യാനഡായിൽ പരിശീലനത്തിനയച്ചിരിക്കുന്നു. കൂടെ ഒരു എക്സിക്യൂട്ടീവു് എൻജിനീയരേയും അയച്ചിട്ടുണ്ട്. ട്രെയിനിംഗ് കഴിഞ്ഞുവന്നാൽ പെൻഷൻ വാങ്ങി സ്വസ്ഥമായി വീട്ടിൽ പോയിരിക്കേണ്ട ഒരു ഉദ്യോഗസ്ഥനെ ഇങ്ങനെ പരിശീലനത്തിനയച്ചതിൽ എന്തെങ്കിലും ഉദ്ദേശം കാണുകയില്ലേ? എക്സ്റ്റെൻഷൻ കൊടുക്കാനായിരിക്കും ഉദ്ദേശിക്കുന്നതെന്നു തോന്നുന്നു. എക്സിക്യൂട്ടീവു് സ്റ്റാഫിൻറെ ആവശ്യങ്ങൾ 1958-ൽ ടൈബൂണലിൻറെ പരിശോധനയ്ക്കു വിട്ടു. ടൈബൂണൽ എക്സിക്യൂട്ടീവു് സ്റ്റാഫിനു് അനുകൂലമായ തീരുമാനമാണെടുത്തതു്. ബോർഡ് ഹൈക്കോടതിയിൽ അപ്പീൽ കൊടുത്തു. അപ്പീലിലും സ്റ്റാഫിനു് അനുകൂലമാണു്. അതിനുശേഷം ബോർഡു് സുപ്രീംകോടതിയിൽ പോയിരിക്കുകയാണു്. ബോർഡിൻറെ കീഴിലുള്ള എക്സിക്യൂട്ടീവു് സ്റ്റാഫിനു് ന്യായമായ കാര്യങ്ങൾ അനുവദിച്ചുകൊടുക്കുന്നതിൽ സുപ്രീംകോടതിവരെ പോകുന്ന നിലപാടാണു് ബോർഡു സ്വീകരിക്കുന്നതെന്നുള്ള കാര്യം ഈ സഭ ഗൗരവമായി പരിഗണിക്കണം, ബോർഡിൻറെ കീഴിൽ ജോലി ചെയ്യുന്നവരോടു കാണിക്കുന്ന സ്നേഹത്തിൻറെ സൂചനയാണിതു്. മിനിസ്റ്റീരിയൽ സ്റ്റാഫും ഇതുപോലെയുള്ള ചില അവകാശങ്ങൾ ഉന്നയിച്ചു. ഇക്കാണ്ട് പ്രതിനിധികളും ബോർഡു് പ്രെയർമാനും, ബോർഡു് സെക്രട്ടറിയും, ബോർഡ് അക്കൗണ്ട്സ് മെമ്പറും ഉൾപ്പെടുന്ന ഒരു കമ്മിറ്റി വർക്കു്ലോഡിനെ സംബന്ധിച്ചും സ്റ്റാഫ് പാറ്റേൺ സംബന്ധിച്ചുമെല്ലാം പഠിച്ചു് സമഗ്രമായ ഒരു റിപ്പോർട്ട് കൊടുത്തു. അര ലക്ഷത്തോളം രൂപാ ഈ കമ്മിറ്റിയുടെ പ്രവർത്തനത്തിനു് ചെലവായി. ഇന്നുവരെ ആ റിപ്പോർട്ട് സൂര്യപ്രകാശം കണ്ടിട്ടില്ല. അരലക്ഷം രൂപാ ചെലവാക്കി ഉന്നതന്മാരായ ആളുകൾ ചേർന്നു തയാറാക്കിയ റിപ്പോർട്ടു് എന്തുകൊണ്ടു് പ്രസിദ്ധീകരിക്കുന്നില്ല. ആ റിപ്പോർട്ടു് ഈ സഭയിൽ വയ്ക്കണമെന്നാണു് എനിക്കു മുഖ്യമന്ത്രിയോടു പറയുവാനുള്ളതു്,

LIBRARY ARCHIVES Kerala Legislative Assembly

ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മിനിസ്റ്റീരിയൽ സ്റ്റാഫിന് ആവശ്യമായ ആനുകൂല്യങ്ങളും അനുവദിച്ചുകൊടുക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നു. സ്റ്റാഫിനെ സ്ഥലം മാറ്റുന്നതിൽ യാതൊരു തത്വദീക്ഷയും കാണിക്കുന്നില്ല. സെക്രട്ടേറിയറ്റ് സർവ്വീസ് എന്ന പേരിൽ ഇന്നു മുതൽ നടപ്പിൽ വരുത്തുന്ന ഒരേർപ്പാടുണ്ട്.

ബോർഡിലുള്ള ഉദ്യോഗസ്ഥന്മാരെ തരംതിരിച്ച് അവരുടെ ലീൻ കട്ട ചെയ്ത പ്രത്യേകായി ഒരു സർവ്വീസ് ഉണ്ടാക്കുന്നതു് എന്തിനാണെന്നു മുഖ്യമന്ത്രി പറയണം. ഈ സ്റ്റാഫിന്റെ പ്രമോഷൻ, സീനിയോറിറ്റി തുടങ്ങിയ കാര്യങ്ങളിൽ വിഷമം സൃഷ്ടിക്കുന്ന ഒരു നടപടിയാണിതു്. അവരുടെയിടയിൽ വളരെ അസംതൃപ്തിയുണ്ടു്. കൂടുതൽ കാര്യങ്ങളും പറയുവാനുള്ള സമയമില്ലാത്തതുകൊണ്ടു് ഞാൻ അതിലേക്കു് കടക്കണമെന്നു വിചാരിക്കുന്നില്ല. 60-61-ലെ ആഡിറ്റു റിപ്പോർട്ടിൽ ചില പ്രത്യേക ന്യൂനതകളും ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. ഫിസിക്കൽ വെരിഫിക്കേഷൻ ചട്ടങ്ങളും അനുസരിച്ചു നടത്തുന്നില്ല, അരിയേഴ്സു കളക്റ്റു ചെയ്യുന്ന കാര്യത്തിൽ കാലവിളംബം വരുത്തുന്നു എന്നെല്ലാം ആരോപണങ്ങളും ഉണ്ടായിട്ടുണ്ടു്. അങ്ങനെ ആകെക്കൂടി ബോർഡിന്റെ പ്രവർത്തനം തൃപ്തികരമല്ലെന്നാണു് നമുക്കു് ബോദ്ധ്യമാവുന്നതു്. ദീർഘവീക്ഷണത്തോടുകൂടി വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി തയാറാക്കി അതു ക്രമപ്രവൃദ്ധമായി നടപ്പിൽ വരുത്തുന്ന കാര്യത്തിൽ ബോർഡു പരാജയപ്പെട്ടു. അതുപോലെ അഴിമതി വളരെയധികം ഉണ്ടെന്നുള്ള ധാരണ ജനങ്ങളുടെയിടയിൽ ഉണ്ടാക്കിയിട്ടുണ്ടു്. അഴിമതിയുടെ പര്യായമായി കേരളാ എലക്ട്രിസിറ്റി ബോർഡു് മാറിയിട്ടുണ്ടെന്നാണു് എന്റെ ആക്ഷേപം. സ്റ്റാഫിന്റെ അവകാശവാദങ്ങളും അനുവദിച്ചുകൊടുക്കുന്ന കാര്യത്തിലും തൊഴിലാളികളുടെ ന്യായമായ അവകാശങ്ങളും അനുവദിച്ചുകൊടുക്കുന്ന കാര്യത്തിലും ബോർഡു വളരെ സഹായകരമല്ലാത്ത നിലപാടാണു് സ്വീകരിച്ചിട്ടുള്ളതു്. സ്റ്റാഫിന്റെയിടയിൽ കഠിനമായ അസംതൃപ്തിയുണ്ടു്. എന്തെല്ലാം പ്രതീക്ഷകളോടുകൂടിയാണു് 1—4—57-ൽ ബോർഡിനു ജന്മം കൊടുത്തതു്, ആ പ്രതീക്ഷകളെയെല്ലാം തകർത്തു തരിപ്പണമാക്കിക്കൊണ്ടു് ബോർഡു പ്രവർത്തിക്കുകയാണു്. ഈ ഗവണ്മെന്റും സഭയും ഇക്കാര്യങ്ങളും പ്രത്യേകമായി പരിഗണിച്ചു് ഇന്നു് ബോർഡിന്റെ പ്രവർത്തനത്തേയും അവിടെ നടക്കുന്ന അഴിമതിയേയും സംബന്ധിച്ചു് ഒരു ജൂഡീഷ്യൽ അന്വേഷണമൊ അല്ലെങ്കിൽ ഈ സഭയിലുള്ള അംഗങ്ങളും അടങ്ങുന്ന ഒരു കമ്മിറ്റിയുടെ അന്വേഷണമൊ നടത്തണമെന്നാണു് എനിക്കു പറയുവാനുള്ളതു്. എന്റെ ഈ പ്രമേയത്തെ സംബന്ധിച്ചു് സഭ ഗൗരവമായി ചർച്ച ചെയ്യുകയും ഒരു എൻക്വയറി വേണമെന്നുള്ള എന്റെ അഭിപ്രായം ഈ സഭ അംഗീകരിക്കുകയും ചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ. പി. സി. രാഘവൻനായർ : എലക്ട്രിസിറ്റി ബോർഡിന്റെ മായാവിലാസങ്ങളിൽ മുഴകി അന്ധകാരമയമായ ഒരു പ്രദേശത്തു നിന്നു വരുന്ന ഒരു പ്രതിനിധിയാണു് ഞാൻ. ഏഴു കൊല്ലക്കാലമായി വിദ്യുച്ഛക്തി ബോർഡിന്റെ പ്രവർത്തനം ഈ കേരളാസ്റ്റേറ്റിൽ എങ്ങിനെ നടത്തുന്നുവെന്നതിനെ സംബന്ധിച്ചിടത്തോളം, അതിന്റെ വിവിധ വശങ്ങളെപ്പറ്റിയുള്ള വിശദീകരണം ശ്രീമാൻ രവീന്ദ്രൻ ഈ സഭയുടെ മുമ്പാകെ വയ്ക്കുകയുണ്ടായി. 1963 ആഗസ്റ്റു മാസം ഒന്നാംതീയതി മുതൽ കോഴിക്കോട്ടുള്ള വെസ്റ്റ്കോസ്റ്റ് എലക്ട്രിസിറ്റി കോർപ്പറേഷൻ എന്ന സ്വകാര്യ കമ്പനി നടത്തിയിരുന്ന വിദ്യുച്ഛക്തിവിതരണം എലക്ട്രിസിറ്റിബോർഡ് നേരിട്ടു ഏറ്റെടുക്കുകയുണ്ടായി. അന്നുമുതൽ ഇതുവരെ ഉപഭോക്താക്കളും കടുത്ത യാതനകളും ദുരിതവും അനുഭവിച്ചുകൊണ്ടിരിക്കുകയാണു്.

ഈ വിദ്യുച്ഛക്തി ബോർഡിന്റെ ബഡ്ഡറ്റിൽ കോഴിക്കോട്ട ഡിവിഷനെ സംബന്ധിച്ചിടത്തോളം വിദ്യുച്ഛക്തിയുടെ ഡിസ്ട്രിബ്യൂഷൻ കാര്യത്തിൽ മറ്റുള്ള ജില്ലകളിൽനിന്നും വ്യത്യസ്തമായി ഒരു തുക നീക്കിവച്ചിട്ടുണ്ടെന്നുള്ളതു ശരിതന്നെ. പക്ഷേ ആ നീക്കിവച്ചിട്ടുള്ള തുക എന്തെല്ലാം വിധത്തിൽ കൈകാര്യം ചെയ്യുമെന്നോ, എന്തെല്ലാം ഇനങ്ങൾക്കായി അതു ചെലവഴിക്കു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. സി. രാഘവൻ നായർ]

മെന്നോ ഉള്ളതിനെ സംബന്ധിച്ച് യാതൊരു വിശദീകരണവും ഈ ബഡ്ജറ്റിൽ കാണുന്നില്ല. പുതിയതായി കണക്ഷൻ കൊടുക്കുന്ന കാര്യത്തെ സംബന്ധിച്ചും റൂറൽ ഇലക്ട്രിഫിക്കേഷനെ സംബന്ധിച്ചും എല്ലാംതന്നെ വകയിരുത്തീട്ടുണ്ടെങ്കിലും കോഴിക്കോട്ട ഡിവിഷനെ സംബന്ധിച്ചിടത്തോളം സാധാരണനിലയിൽ നിന്നും വ്യത്യസ്ഥമായ ഒരു നിലപാട് സ്വീകരിക്കേണ്ടതു വളരെ ആവശ്യമായിരിക്കുന്നു. കാരണം ഈ ഡിവിഷനിൽ പന്തീരായിരത്തിൽ താഴെ മാത്രമെ ആകെ കൺസ്യൂമേഴ്സ് ഉണ്ടായിരുന്നുള്ള. എന്നാൽ കോഴിക്കോട്ട പുതുതായി ഏറ്റെടുത്തിട്ടുള്ള സിറ്റി സബ്ഡിവിഷനിൽമാത്രം പന്തീരായിരത്തിൽ കൂടുതൽ കൺസ്യൂമേഴ്സുണ്ട്. പെരുന്തൽമണ്ണ, കോഴിക്കോട് റൂറൽ, വടകര എന്നീ മൂന്നു സബ്ഡിവിഷനുകളും ഉൾപ്പെടുത്തിയാണ് കോഴിക്കോട്ട ഡിവിഷൻ പ്രവത്തിച്ചുകൊണ്ടിരിക്കുന്നതു്. ആ മൂന്നു സബ്ഡിവിഷനുകളിൽ 12,000 കൺസ്യൂമേഴ്സു മാത്രമേ ഉണ്ടായിരുന്നുള്ള. അപ്പോഴാണ് പുതിയതായി ഏറ്റെടുത്തിട്ടുള്ള കോഴിക്കോട്ട സബ്ഡിവിഷനിൽ 12,000 കൺസ്യൂമേഴ്സുകൂടി ഉണ്ടായിരിക്കേ അവിടേക്കു ആവശ്യമായിട്ടുള്ള സ്റ്റാഫ് തന്നെ ഇല്ലാതെയാണ് ഇപ്പോഴും പ്രവത്തിച്ചുകൊണ്ടിരിക്കുന്നതു്. ഈ കോഴിക്കോട്ട ഡിവിഷനിൽ മൂന്നു സബ്ഡിവിഷനിലും കൂടി 360-ൽപരം ജോലിക്കാർ ജോലിയിരിക്കുമ്പോഴാണ് അതിനെക്കാളും കൂടുതൽ കൺസ്യൂമേഴ്സുള്ള കോഴിക്കോട്ട സിറ്റി ഡിവിഷനിൽ കേവലം 101 പേർ മാത്രമാണ് ഇന്നു ജോലിയിലുള്ളതു്. ഞാൻ ആദ്യമേ പറയുകയുണ്ടായി പന്തീരായിരത്തോളം ഉപഭോക്താക്കളുള്ള പ്രദേശത്തേക്ക് 360 ജീവനക്കാരും പന്തീരായിരത്തിലധികം ഉപഭോക്താക്കളുള്ളേടത്തേക്ക് 101 ജീവനക്കാരും മാത്രമാണുള്ളതെന്നു്. കോഴിക്കോട്ട വെസ്റ്റുകോസ്റ്റു ഇലക്ട്രിക്കു കാർപ്പറേഷൻ ഗവണ്മെൻറു ഏറ്റെടുക്കുന്നതിനു മുമ്പു അതിലുള്ള ജീവനക്കാരിൽ ഒരു വിഭാഗം രാജിവച്ചു പോയിരിക്കുകയാണു്. അവക്കു് അന്നു കിട്ടിക്കൊണ്ടിരിക്കുന്നതായ ആനുകൂല്യങ്ങളും നഷ്ടപ്പെടുമെന്നു മുൻകൂട്ടി കണ്ടതിന്റെ ഫലമായിട്ടാണു് അവർ രാജിവച്ചു പോയിട്ടുള്ളതു്. കോഴിക്കോട്ടെ ഏലക്ട്രിസിറ്റി നാഷണലൈസ് ചെയ്യുന്നതിനെതിരായിട്ട ഇൻഡസ്ട്രീയലിസ്റ്റ്സ് അസോസിയേഷനും പെയിസ്വർ ആഫ് കാമേഴ്സും മറ്റു പ്രാമാണികരായ വ്യക്തികളും ശബ്ദം ഇളക്കീട്ടുണ്ടായിരുന്നു. എന്നിരുന്നാലും നാഷണലൈസ് ചെയ്യുകയാണല്ലോ. അതുകൊണ്ടതു ഈ രാജ്യത്തിന്റെ സ്വത്തായി തീരുകയാണു എന്നു കരുതി ഈ നാട്ടിലെ ജനങ്ങളും അതിനെ സ്വാഗതം ചെയ്യുകയായിരുന്നു. അതുമല്ലാ ഇന്നു കിട്ടുന്നതിൽ ചുരുങ്ങിയ വിലയ്ക്കു വിദ്യുച്ഛക്തി കിട്ടുമെന്നുമായിരുന്നു ജനങ്ങളുടെ ധാരണ. രണ്ടാമതായി അവർ ഉദ്ദേശിച്ചതു കാര്യക്ഷമതയോടുകൂടി വിദ്യുച്ഛക്തി ബോർഡ് അതിന്റെ പ്രവത്തനം മുന്നോട്ടു കൊണ്ടുപോകും എന്നുമായിരുന്നു. മൂന്നാമതായി ഇതിലുള്ള ജീവനക്കാരുടെ സ്ഥിതി കൂടുതൽ നന്നാകും എന്നും വിചാരിച്ചിരുന്നു. എന്നാൽ ഈ മൂന്നു പ്രതീക്ഷകളേയും തട്ടിത്തകർത്തുകൊണ്ടാണ് ബോഡ് ഇപ്പോഴും പ്രവത്തിച്ചുകൊണ്ടിരിക്കുന്നതു്.

ഈ സ്റ്റേറ്റിനെ സംബന്ധിച്ചിടത്തോളം ശ്രീമാൻ രവീന്ദ്രൻ ഇവിടെ പറഞ്ഞു, ഇന്നു വിദ്യുച്ഛക്തി ഉപയോഗിക്കുന്നവരിൽ വീട്ടാവശ്യത്തിനുള്ള റേറ്റുതന്നെ അധികമാണെന്നു്. എന്നാൽ വെസ്റ്റുകോസ്റ്റു ഇലക്ട്രിക്കു കാർപ്പറേഷൻ വീട്ടാവശ്യത്തിനു സപ്ലൈ ചെയ്തിരുന്നതു യൂണിറ്റിനു 25 നയാപൈസാ വച്ചു മാത്രമായിരുന്നു. എന്നാൽ ബോർഡ് ഏറ്റെടുത്തതിനുശേഷം അതു് 30 നയാ പൈസയായി വർദ്ധിച്ചിരിക്കുകയാണു്. അതുപോലെ ഇൻഡസ്ട്രീയൽ കൺസേൺസിനു ആദ്യത്തെ 2000 യൂണിറ്റിനു ഏഴു നയാപൈസയും, പിന്നീടുള്ളതിനു അഞ്ചു നയാ പൈസയും എന്നു വച്ചിരുന്ന സ്ഥാനത്തു് ആദ്യത്തെ യൂണിറ്റുകൾക്കു് ഒൻപതു നയാപൈസയും തുടർന്നുവരുന്ന യൂണിറ്റുകൾക്കു് 8.5 നയാപൈസയും ആയി വർദ്ധിപ്പിച്ചിരിക്കുകയാണു്. മീറ്റർ റെൻറിനെ സംബന്ധിച്ചിടത്തോളം 37 ന. പൈ. വസൂലാക്കിയിരുന്നതു ഇപ്പോഴും 50 നയാപൈസയായി വർദ്ധിപ്പിച്ചിരിക്കുകയാണു്. ഇതുകൂടാതെ സർവ്വീസു ചാർജ്ജ് എന്നുള്ള പേരിൽ 50 നയാപൈസ വേറെയും പുതുതായി വസൂലാക്കിവരുന്നു. മീറ്റർചാർജിനത്തിൽ ഒരു രൂപാ ഇന്നു വർദ്ധി

LIBRARY ARCHIVES Kerala Legislative Assembly

ച്ചിട്ടുണ്ട്. ഈ മീറ്ററിന്റെ ആകെ നാല്പതോ, നാല്പത്തിയഞ്ചോ രൂപ മാത്രമാണ് വില അതു മുൻക്കൂറായി മദ്രാസ് ഗവണ്മെന്റിന്റെ കീഴിലായിരുന്നപ്പോഴും വാങ്ങിയിരുന്നതുമാണ്. ഒരു മീറ്ററിന്റെ ലൈഫ്ടൈം ഇരുപതു കൊല്ലമാണെന്നാണ് വയ്പ്. എന്നാൽ ഇപ്പോഴത്തെ ബോർഡ് എടുത്തതിനു ശേഷം കൊല്ലത്തിൽ 12 രൂപാ എന്ന കണക്കിനു 20 കൊല്ലം കൊണ്ടു 240 രൂപാ റെന്ററായി ഈടാക്കുന്നു. നാല്പതോ, നാല്പത്തിയഞ്ചോ രൂപാ വിലയുള്ള മീറ്ററിന്നാണ് ഇത്രയും തുക വസൂലാക്കുന്നതു്. മാത്രമല്ല, വെസ്റ്റ്കോസ്റ്റ് ഇലക്ട്രിക്ക് കാർപ്പറേഷൻ മീറ്ററിനു 40 രൂപാ മുതൽ 60 രൂപാ വരെ ഡെപ്പോസിറ്റു വാങ്ങിച്ചിരുന്നു. മീറ്റർ റെന്റു് ഒരു രൂപാ തോതിൽ വസൂലാക്കിയിട്ടും ആ ഡെപ്പോസിറ്റു് തുക ഇനിയും മടക്കിക്കൊടുത്തിട്ടില്ല. ആ തുക ഇപ്പോഴത്തെ ഇലക്ട്രിസിറ്റി ബോഡ്ഡ് എടുത്തതിനു ശേഷം തിരികെ കൊടുത്തിട്ടില്ല. അങ്ങനെ റേറ്റിനെ സംബന്ധിച്ചിടത്തോളം പണ്ടുള്ളതിനെക്കാൾ വർദ്ധിപ്പിച്ചിട്ടുള്ള റേറ്റാണ് അവിടത്തെ കൺസ്യൂമേഴ്സിൽ നിന്നും ഈടാക്കിക്കൊണ്ടിരിക്കുന്നതു്. സ്വകാര്യകമ്പനികളാണെങ്കിൽ ഇവർക്ക് ചാർജ്ജ് വർദ്ധിപ്പിക്കണമെങ്കിൽതന്നെ അതിനു മുൻകൂട്ടി ഒരു മാസത്തെ നോട്ടീസു കക്ഷികൾക്കും 60 ദിവസത്തെ നോട്ടീസ് ഗവണ്മെന്റിനും കൊടുക്കേണ്ടതുണ്ടായിരുന്നു. ഇതിനു ശേഷമേ ചാർജ്ജ കൂട്ടാൻ പാടുള്ളു എന്നു മുൻ ആക്ടിൽ വ്യവസ്ഥയുണ്ടായിരുന്നിട്ടുപോലും ഇലക്ട്രിസിറ്റി ബോഡ്ഡ് ഏറെറടുത്തതിനെ തുടർന്നു് ഒരു സുപ്രഭാതത്തിൽ ചാർജ്ജ് വർദ്ധിപ്പിക്കുകയാണു ചെയ്തിട്ടുള്ളതു്.

ഇനി കാര്യക്ഷമതയെ സംബന്ധിച്ചു് പറയുകയാണെങ്കിൽ ആ കാര്യത്തിലും ബോഡ്ഡ് എടുത്തതിനുശേഷം ഏറ്റവും പരിതാപകരമായ ഒരു നിലയാണു് വന്നുകൂടിയിട്ടുള്ളതു്. കഴിഞ്ഞ ചൊവ്വാഴ്ച കോഴിക്കോടു് മൂന്നര മണിക്കൂർ നേരം വിദ്യുച്ഛക്തിയുടെ പ്രവർത്തനം തീരെ നഷ്ടപ്പെട്ടുപോയി. അതിനുള്ള കാരണം അറിയാൻ കഴിഞ്ഞതു് ഒന്നോ, രണ്ടോ ട്രാൻസ് ഫാർമറിനു് അല്പസ്വല്പം കേടു സംഭവിച്ചിരിക്കുന്നു എന്നാണു്. അതുതന്നെയും വാസ്തവത്തിൽ വേഗത്തിൽ റിപ്പേർ ചെയ്യാൻ അവർക്കു് സാധിക്കാതെ വന്നിരിക്കുകയാണു്. അങ്ങനെ കാര്യക്ഷമതയുടെ കാര്യത്തിലും പരാജയപ്പെട്ടുകയാണു് ചെയ്യുന്നതു്.

ഇനി ജീവനക്കാരുടെ സ്ഥിതിയെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ എക്സ്ലൈസൻസിയിൽനിന്നു കിട്ടിയിരുന്ന ശമ്പളനിരക്കിനേക്കാൾ ചുരുങ്ങിയ നിരക്കാണു് ബോഡിന്റെ സ്റ്റെയിൽ. ഇലക്ട്രിസിറ്റി ബോഡിലെ ഒരു ജൂനിയർ ഇൻജിനീയർക്കു് 175—350 രൂപാ ശമ്പളം ഉണ്ടായിരിക്കെ എക്സ് ലൈസൻസിയുടെ ഒരു ജൂനിയർ ഇൻജിനീയരുടെ ശമ്പളം 200—400 രൂപയായിരുന്നു. ബോർഡിൽ ഒരു സൂപ്പർവൈസക്കു് 80—180 രൂപാ എന്നുള്ളപ്പോൾ വെസ്റ്റുകോസ്റ്റ് ഇലക്ട്രിക്ക് കാർപ്പറേഷനിൽ 130—230 രൂപയായിരുന്നു. ഇവിടെ ക്യാഷ്യർക്കും, ക്ലാർക്കിനും 40—120 രൂപാ ആയിരിക്കെ അവരുടെ ശമ്പളം 60—180 രൂപയായിരുന്നു. അതുപോലെ ഇവിടെ ഒരു ലൈൻമാന്റെ ശമ്പളം 50—150 രൂപയായിരിക്കെ അവർ കൊടുത്തുവന്നിരുന്നതു് 80—180 രൂപയാണു്. ബോർഡിൽ ഒരു പ്യൂണിനു് 30—40 രൂപാ ശമ്പളമായിരിക്കെ എക്സ് ലൈസൻസ് കൊടുത്തിരുന്നതു് 60—75 രൂപയായിരുന്നു. ഈ ശമ്പളവും അന്നുവരെ അവർക്കു് കിട്ടിക്കൊണ്ടിരുന്ന ആനുകൂല്യങ്ങളും അതുപോലെ പ്രൊവിഡൻറ്ഫണ്ടു്, ബോണസു് കാഷ്വൽഅലവൻസു്, ബസ്ഫെയർ അലവൻസു്, ഓവർടൈം അലവൻസു്, വാഷിംഗ് അലവൻസു് ഈ അലവൻസുകളൊന്നും അവർക്കു് ഇപ്പോഴത്തെ കിട്ടുന്നില്ല. പുതുക്കത്തിൽ റിസ്ക് അലവൻസുകളും ഒന്നും ഇല്ലാത്ത സ്ഥിതിയാണു്. മാത്രമല്ലാ മുമ്പു കിട്ടിയിരുന്ന അലവൻസും ആനുകൂല്യങ്ങളും അവർക്കു വർദ്ധിപ്പിച്ചു കൊടുത്തിട്ടില്ലെന്നുമാത്രം. മുൻപു അവർക്കു് കിട്ടിക്കൊണ്ടിരുന്ന ആനുകൂല്യങ്ങളും അവസാനിപ്പിച്ചു എന്നുള്ളതു മാത്രമല്ലാ ബോർഡിന്റെ ആനുകൂല്യങ്ങളും കൊടുത്തിട്ടുമില്ല. അതിന്റെയൊക്കെ ഫലമായി ഇത്രയും അസംതൃപ്തമായിട്ടുള്ള ഒരു വിഭാഗം കേരളത്തിലുള്ള ജീവനക്കാരിൽ ഇല്ലാ എന്നുള്ളതാണു് എന്റെ അഭിപ്രായം. കാരണം മുമ്പു അവർക്കു് കിട്ടിക്കൊണ്ടിരുന്ന ആനുകൂല്യങ്ങളും നിഷേധിക്കപ്പെട്ടു, പുതിയ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. സി. രാഘവൻ നായർ]

ആനുകൂല്യങ്ങളും അവർക്ക് നൽകിയിട്ടുമില്ല. അങ്ങനെ ഏറ്റവും അസംതൃപ്തരായ ഒരു വിഭാഗത്തെ ഒരേ സ്ഥലത്തുതന്നെ നിലനിർത്തി ഇവരെക്കൊണ്ട് ഇലക്ട്രിസിറ്റിവിതരണം നടത്തുകയാണെങ്കിൽ കാര്യങ്ങളും എത്ര ശരിയായി നടക്കുമെന്നു ഗവണ്മെന്റുതന്നെ ആലോചിക്കേണ്ടതാണ്,

അങ്ങനെ നാഷണലൈസേഷൻ കൊണ്ടുദ്ദേശിക്കപ്പെട്ടിട്ടുള്ള മൂന്നു ലക്ഷ്യങ്ങളും വാസ്തവത്തിൽ കോഴിക്കോട്ടിനെ സംബന്ധിച്ചിടത്തോളം നാഷണലൈസ് ചെയ്തിട്ടുള്ള ആ പ്രദേശത്തെ സംബന്ധിച്ചിടത്തോളം വിദ്യുച്ഛക്തി ബോർഡ് തികച്ചും പരാജയപ്പെട്ടിരിക്കുന്നു. തന്നെയുമല്ലാ നാഷണലൈസ് ചെയ്തിരിക്കുന്ന ഏതു സ്ഥാപനത്തിന്റെയും ഗതി ഇതേതരത്തിലാണെന്നു വിചാരിക്കുകയും, ആ ഒരു വിചാരഗതി രാജ്യത്താകമാനം പരത്താൻ സഹായകമായിരിക്കുകയുമാണ്. ഈ സ്റ്റേറ്റിനു യാതൊന്നും ചെയ്യാൻ സാധിക്കാത്ത തരത്തിലുള്ള ഒരു പരിതഃസ്ഥിതിയാണ് ഇന്നുള്ളതു്, ഈ ജീവനക്കാരുടെ കാര്യത്തെ സംബന്ധിച്ചിടത്തോളം അവർക്കു കൊടുക്കേണ്ടതായിട്ടുള്ള ആനുകൂല്യങ്ങളും, സുപ്രീംകോടതി വിധിച്ചിട്ടുള്ള ആനുകൂല്യങ്ങളും ബോർഡിലെ എക്സിക്യൂട്ടീവ് വിഭാഗത്തിനു അനുവദിച്ചുകൊടുക്കാതെ ചീഫ് എൻജിനീയർക്കും, സൂപ്രണ്ടിംഗ് എൻജിനീയറന്മാർക്കും അക്കൌണ്ട് ആഫീസർക്കും ശമ്പളം വർദ്ധിപ്പിക്കാൻ വേണ്ടി ഈ ബഡ്ജറ്റു അംഗീകരിക്കുകയാണെങ്കിൽ അതു ശരിയല്ല. ഈരാജ്യത്തെ വിദ്യുച്ഛക്തിബോർഡിന്റെ പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം വിചാരിക്കുന്ന വില കൊടുക്കാതെ അടിയന്തിരമായ നടപടികളും ഗവണ്മെന്റു എടുക്കണമെന്നു ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.

ശ്രീ. എം. കൃഷ്ണൻ: സർ, ശ്രീ. പി. രവീന്ദ്രൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു. ഗവണ്മെൻറിന്റെ വൻകിട ജലസേചന പദ്ധതിയിൽ കുറിയാടി പദ്ധതി, 505 ലക്ഷം രൂപ ചെലവു ചെയ്തു 75000 കിലോവാട് സു വിദ്യുച്ഛക്തി ഉല്പാദിപ്പിക്കാനാണുദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. 1961-62-ൽ ഈ പദ്ധതിക്കു വേണ്ടി, 64,46000 രൂപ വരെ ചെലവാക്കിയിട്ടുണ്ടു്. 1962—63—ലേക്ക് 72 ലക്ഷം രൂപയാണു ചെലവാക്കാൻ ഉദ്ദേശിച്ചിരുന്നതു്. കഴിഞ്ഞ മൂന്നുനാലുകൊല്ലമായി ഈ പദ്ധതി സംബന്ധിച്ച പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയായിരുന്നു. അതിനിടയ്ക്കു പദ്ധതി പ്രവർത്തനം നടക്കുന്ന സ്ഥലത്തെപ്പറ്റി ഒരു അവകാശതർക്കം ഉണ്ടായിരിക്കുകയാണു്. കൺടാക്ടരും ധനാഢ്യനായ സ്ഥലം ഉടമസ്ഥനുമായി തർക്കം ഉണ്ടായി വടകര സബ് കോടതിയിൽ പ്രവർത്തനം നിറുത്തിവയ്പ്പുന്നതിനു കേസു കൊടുത്തിരിക്കുകയാണു്. മാർച്ചു 12—ാംതീയതി പദ്ധതി പ്രവർത്തനം നിറുത്തിവയ്പ്പാൻ കോടതി ആർഡർ കൊടുത്തിരിക്കുകയാണു്. കഴിഞ്ഞ മാർച്ചു 19—ാംതീയതി മുതൽ അവിടത്തെ പ്രവർത്തനങ്ങളും എല്ലാംതന്നെ നിറുത്തിവച്ചിരിക്കുകയാണു്. പദ്ധതി പ്രവർത്തനങ്ങളും, കാളനി സംബന്ധിച്ചു പ്രവർത്തനങ്ങളും നിറുത്തിവച്ചിരിക്കുകയാണു്. എക്സിക്യൂട്ടീവു എൻജിനീയർക്കു നിറുത്തിവയ്പ്പാനുള്ള ആർഡർ കിട്ടിയതിനുശേഷം അവിടെ വർക്കുകളൊന്നും നടക്കുന്നില്ല. അതിന്റെ അടിസ്ഥാനത്തിൽ കൺടാക്ടർ കാമ്പൻസേഷനുവേണ്ടി ആവശ്യപ്പെട്ടിരിക്കുകയാണെന്നും അറിയുന്നു. കഴിഞ്ഞ മൂന്നുനാലുകൊല്ലമായി പ്രവർത്തനം നടന്നുവരുന്ന ഈ പദ്ധതി, ഇപ്പോഴും മുടങ്ങാത്തക്കവിധം ഈ തർക്കം ഉണ്ടാകാൻ കാരണമെന്താണെന്നു മനസ്സിലാകുന്നില്ല. ഏപ്രിൽ ഒന്നാം തീയതി ഇലക്ട്രിസിറ്റി ബോർഡ് ഇതുസംബന്ധിച്ച നിരോധന ഉത്തരവു് മാറ്റി കിട്ടാൻ ഹർജി, വടകര സബ്കോടതിയിൽ കൊടുത്തിട്ടുള്ളതായി അറിയുന്നു. ഈ കാര്യത്തെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി ഗൗരവതരമായി വേണ്ടതു ചെയ്യണമെന്നു് അഭ്യർത്ഥിക്കുന്നു. ഇപ്പോഴും ഉണ്ടായിട്ടുള്ള തടസ്സം നീങ്ങി പ്രവർത്തനം മുമ്പോട്ടുപോയാൽ മാത്രമേ, ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്ന ഫലം ഉണ്ടാകുകയുള്ളു. അതിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കാൻ വേണ്ട നടപടി സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനപുനഃസംഘടനയ്ക്കു മുൻപായി മലബാർ, മദിരാശിയുടെ ഭാഗമായിരുന്ന കാലത്തു്, വീട്ടാവശ്യത്തിനുവേണ്ടി ഇലക്ട്രിസിറ്റി വകുപ്പിൽ നിന്നു നൽകിയിരുന്ന മീറ്ററിനു് വിലയായി മുഴുവൻ സംഖ്യയും കൊടുത്തിട്ടുണ്ടായിരുന്നു. ഇപ്പോഴാണെങ്കിൽ, മാസംതോറും ഒരുരൂപാ വീതം മീറ്ററിനു പ്രത്യേകം കൊടുക്കേണ്ടതായിട്ടു വന്നിരിക്കുന്നു. സർവ്വീസു ചാർജിനെസംബന്ധിച്ചിടത്തോളം നിരക്കു കൂടിയിട്ടുള്ളതു മനസ്സിലാക്കാം. മുഴുവൻ വിലയും മീറ്ററിനു് അടച്ചിട്ടുള്ളതുകൂടാതെ, ഇപ്പോഴും ഓരോ രൂപാ ഈടാക്കുന്നതിന്റെ ആവശ്യം എന്താണെന്നു മനസ്സിലാകുന്നില്ല. സംസ്ഥാന പുനഃസംഘടനയ്ക്കു മുൻപുതന്നെ മുഴുവൻ തുകയും വില അടച്ചിട്ടുള്ളവരിൽ നിന്നു ഈ തുക വീണ്ടും ഈടാക്കുന്നതിനെ തടയണമെന്നു് അഭ്യർത്ഥിക്കുന്നു.

മറ്റൊരു സംഗതി, കോഴിക്കോട്ടിനും കണ്ണൂരിനും മധ്യേ ഒരു ഇലക്ട്രിസിറ്റി സബ്സ്റ്റേഷൻ വേണമെന്നുള്ളതാണു്. ഇതിനെസംബന്ധിച്ചു ഇലക്ട്രിസിറ്റി ബോർഡിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടുള്ളതാണു്. 1964 മധ്യത്തോടുകൂടി സബ് സ്റ്റേഷൻ സ്ഥാപിക്കാനുള്ള പ്രവർത്തനം തുടങ്ങുമെന്നു പറഞ്ഞിരുന്നു. അതിനുവേണ്ടി സ്ഥലം പരിശോധിച്ചു് അകപയർചെയ്തിട്ടും മറ്റു നടപടികളും ഒന്നും ആയിട്ടില്ല. ഇലക്ട്രിസിറ്റി ബോർഡു് ഈ കാര്യം ഗൗരവപൂർവ്വം പരിഗണിക്കുമെന്നും, ഇതിനുവേണ്ടി മുൻകൈയെടുക്കുമെന്നും വിശ്വസിച്ചുകൊണ്ടു് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. കെ. വിശ്വനാഥൻ : സർ, ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനങ്ങളെസംബന്ധിച്ചു് ധാരാളം ആക്ഷേപങ്ങൾ പൊതുവേ ഉണ്ടായിട്ടുണ്ടു്. അവിടെ നടക്കുന്ന ക്രമക്കേടുകളെസംബന്ധിച്ചു് ഒരു അന്വേഷണംനടത്തണമെന്നു് ശ്രീ. പി. രവീന്ദ്രൻ, ആവശ്യപ്പെട്ടിട്ടുള്ളതിനെ ഞാൻ ബലമായി പിൻതാങ്ങുകയാണു്. സർ, ഇലക്ട്രിസിറ്റി ബോർഡു് ഗവണ്മെന്റിന്റെ നിയന്ത്രണം ഇഷ്ടപ്പെടുന്നില്ല ; ഈ നിയമസഭ അവരുടെ പ്രവർത്തനങ്ങളുടെ ഉള്ളിലേക്കു കടന്നു നോക്കുന്നതും അവർ ഇഷ്ടപ്പെടുന്നില്ല ; ഈ നാട്ടിലെ ജനങ്ങളും, അവിടെ നടക്കുന്ന പലവിധത്തിലുള്ള ക്രമക്കേടുകളും അറിയുന്നതും അവർ ഇഷ്ടപ്പെടുന്നില്ല. അവർ ഒരു ഇരുമ്പുമറ സൃഷ്ടിച്ചുകൊണ്ടു്, നിഗൂഢമായ ചില പ്രവർത്തനങ്ങളും നടത്തുകയാണു്. അതാണു് അവരുടെ ഉദ്ദേശമെന്നുള്ളതു വളരെ വ്യക്തമാണു്. അതുകൊണ്ടു് ഈവകകാര്യങ്ങളെക്കുറിച്ചു് ഒരു അന്വേഷണം ആവശ്യമാണു്. പ്രത്യേകിച്ചും, കാൺട്രാക്റ്റു കൊടുക്കുന്നതിനെ സംബന്ധിച്ചാണു് ധാരാളം ആക്ഷേപങ്ങളും ഉയർന്നു വന്നിട്ടുള്ളതു്. ഏറ്റവും ചുരുങ്ങിയ ടെൻഡർ വിളിച്ചിട്ടുള്ള ആളുകൾക്കു് കാൺട്രാക്റ്റു കൊടുക്കാതെ, വലിയ തുകയ്ക്കു ടെൻഡർ വിളിച്ചിട്ടുള്ളവർക്കു കാൺട്രാക്റ്റു കൊടുക്കുന്ന ഒരു പൊതു നയം അവർ സ്വീകരിച്ചിട്ടുണ്ടെന്നു കാണുന്നു. അതിനു ഒരു ന്യായമായി പറയുന്നതു്, കാര്യക്ഷമതയും, കഴിവും ഒക്കെയാണു്. ശ്രീ. പി. രവീന്ദ്രൻ പറഞ്ഞതുപോലെ, അങ്ങനെയുള്ള മാനദണ്ഡം എപ്പോഴും പാലിച്ചു കാണുന്നില്ല. ഓരോ കേസിലും, ഓരോ പ്രകാരത്തിൽ അവർക്കു് ഇഷ്ടമുള്ള ഒരു നയം സ്വീകരിക്കുന്നതായിട്ടാണു് കാണാൻ കഴിയുന്നതു്. സർ, വളരെയധികം പണം ഈ ഇനത്തിൽ ദുർവിനിയോഗംചെയ്യപ്പെടാൻ ഇടയാകുന്നുണ്ടു്. ഏറ്റവും ചുരുങ്ങിയ ടെൻഡർ വിളിച്ചിട്ടുള്ള ആളുകൾ ഉണ്ടായിരിക്കേ, അവർക്കു പരിചയം കുറവാണെന്നു പറഞ്ഞു്, അതിനേക്കാൾ വലിയ തുകയ്ക്കു ടെൻഡർ വിളിച്ചിട്ടുള്ളവർക്കു കാൺട്രാക്റ്റു കൊടുക്കുന്നതുമൂലം വളരെയധികം സംഖ്യ ദുർവിനിയോഗംചെയ്യപ്പെടുന്നുണ്ടെന്നുള്ളതിനു യാതൊരു സംശയവുമില്ല. സർ, ഇവിടെ ഇലക്ട്രിസിറ്റി ചാർജ്ജു കുറയ്ക്കണമെന്നു് നിയമസഭയിലും, ഈ നാട്ടിലെ ജനങ്ങൾക്കും അഭിപ്രായം ഉണ്ടായിരുന്നു. 1·6 നയാപൈസയാണു് ഒരു യൂണിറ്റിനു് ഉല്പാദന ചെലവു കണക്കാക്കുന്നതു്. പക്ഷേ, വീട്ടാവശ്യത്തിനു നൽകുന്ന വിദ്യുച്ഛക്തിക്കു് യൂണിറ്റിനു 30 നയാപൈസ വസൂലാക്കുന്നുണ്ടു്. അതു കുറവുചെയ്യാൻ സാധിക്കാത്തതിനു് ചില കാരണങ്ങളും പറയുന്നുണ്ടു്. എന്നാൽ, കാൺട്രാക്റ്റു കൊടുക്കുന്നതിൽ നിന്നുണ്ടാകുന്ന ദുർവിനിയോഗം കുറച്ചു കുറയ്ക്കാമെങ്കിലും ഈ ചാർജ്ജു കുറയ്ക്കാൻ സാധിക്കുമെന്നാണു് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കെ. വിശ്വനാഥൻ]

സർ, ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനങ്ങളെസംബന്ധിച്ചു പറയുമ്പോൾ ബോർഡിനെ ഒട്ടാകെ കുറ്റപ്പെടുത്തി പറയണമെന്നു വിചാരിക്കുന്നില്ല. ബോർഡിന്റെ തീരുമാനങ്ങളെ വകവയ്ക്കാതെ ചില പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്മാർ പലതും പ്രവർത്തിക്കുന്നതായിട്ട് ആരോപണങ്ങളും ഉണ്ടായിട്ടുണ്ട്. ബോർഡിന്റെ തീരുമാനങ്ങൾക്കു വിരുദ്ധമായിട്ട്, ടെൻഡർ കൊടുക്കുന്നതിൽ കാലതാമസം വരുത്തുക, മറ്റു പ്രതിബന്ധങ്ങളും സൃഷ്ടിക്കുക എന്നിങ്ങനെ ചില കുഴപ്പങ്ങളും അവിടെ ഉണ്ടായിട്ടുള്ളതായി പരാതിയുണ്ട്. ലക്ഷക്കണക്കിനു സംഖ്യ ആവശ്യമായി വരുന്ന വലിയ സ്കീമുകളാണ്. ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി നീക്കിവയ്ക്കുന്നതു്. എതായാലും ബോർഡിന്റെ പ്രവർത്തനങ്ങളും തൃപ്തികരമായി മുമ്പോട്ടു പോകുന്നുണ്ടെന്നു പറയാൻ നിവൃത്തിയില്ല. വിദ്യുച്ഛക്തി ധാരാളമായി ഉല്പാദിപ്പിച്ചു നമ്മുടെ വ്യവസായങ്ങളും അഭിവൃദ്ധിപ്പെടുത്താനുള്ള എല്ലാ സാഹചര്യങ്ങളും നമുക്കുണ്ട്. ആ സൗകര്യങ്ങളും മുഴുവൻ ഫലപ്രദമായി വിനിയോഗിക്കുന്നതിനു ഇലക്ട്രിസിറ്റി ബോർഡു കാര്യമായി ശ്രമിക്കുന്നില്ല. മുൻപു പറഞ്ഞതുപോലെ മേജർ പദ്ധതികളാണ് ബോർഡിന്റെ പ്രവർത്തന പരിപാടിയിലുള്ളതു്. ചെറിയ ചെറിയ അനേകം സ്കീമുകളും പ്രവർത്തിച്ചു, ചെലവു കുറഞ്ഞ പദ്ധതികളും മൂലം വിദ്യുച്ഛക്തി ഉല്പാദിപ്പിക്കാൻ ബോർഡു യാതൊന്നും തന്നെ ചെയ്യുകാണുന്നില്ല. അങ്ങനെ ചെറിയ ചില സ്കീമുകളും നടപ്പിൽ വരുത്തിയാൽ കുറഞ്ഞ കാലത്തിനകം വിദ്യുച്ഛക്തി ഉല്പാദിപ്പിക്കുവാൻ കഴിയും. വളരെ കുറഞ്ഞ ചെലവു കൊണ്ടു വിദ്യുച്ഛക്തി ഉല്പാദിപ്പിക്കാൻ കഴിയും. മറ്റു പല രാജ്യങ്ങളിലും ഇതുപോലെ ചെറിയ ചെറിയ എത്രയോ സ്കീമുകളും നടപ്പാക്കി വിദ്യുച്ഛക്തി ഉല്പാദിപ്പിക്കുന്നുണ്ട്. നാം കൂടുതലും മഴയെ ആശ്രയിച്ചാണു് വിദ്യുച്ഛക്തി സമ്പാദിക്കുന്നതു്. യഥാകാലം മഴ ഉണ്ടാകാതിരുന്നാൽ നമുക്കു വിദ്യുച്ഛക്തി ക്ഷാമം നേരിടും. ഈ വിഷമം പരിഹരിക്കാൻ തെർമൽ സ്റ്റേഷൻ ഉണ്ടാക്കുന്ന ഒരു പരിപാടിയുണ്ട്. സ്വകാര്യസ്ഥാപനങ്ങളും അങ്ങനെ വിദ്യുച്ഛക്തി ക്ഷാമത്തെ നേരിടാൻ തെർമൽ സ്റ്റേഷൻ സ്ഥാപിക്കാറുണ്ട്. നമ്മുടെ ജലസേചന പദ്ധതികൾക്കെല്ലാം കൂടിയ്ക്കൂടി വിദ്യുച്ഛക്തി ഉല്പാദിപ്പിക്കാനുള്ള സാധ്യതയുണ്ട്. അതുപോലെതന്നെ വേലിയേറ്റവും വേലിയിറക്കവും ഉപയോഗപ്പെടുത്തി വിദ്യുച്ഛക്തി ഉല്പാദിപ്പിക്കുന്ന ഒരു സമ്പ്രദായം ഉള്ളതായി പത്രത്തിൽ റിപ്പോർട്ടു കാണുകയുണ്ടായി. വേലിയേറ്റ സമയത്തു നല്ല ബണ്ടിട്ടു് വെള്ളം കെട്ടിനിറുത്തി, വേലിയിറക്കുന്നതിനു വെള്ളം ഒഴുകി പോകുമ്പോൾ ആ ഒഴുക്കിനെ വേണ്ട വിധം നിയന്ത്രിച്ചു് വിദ്യുച്ഛക്തി ഉല്പാദിപ്പിക്കാൻ കഴിയുമെന്നു അറിയുന്നു. നമ്മുടെ ഇവിടത്തെ സൗകര്യങ്ങളും പരമാവധി ഉപയോഗപ്പെടുത്തി വിദ്യുച്ഛക്തി ഉല്പാദിപ്പിച്ചു നമ്മുടെ വ്യവസായങ്ങളും അഭിവൃദ്ധിപ്പെടുത്തുകയും അങ്ങനെ രാജ്യത്തിനു് കൂടുതൽനേട്ടങ്ങളും കൈവരുത്തുകയും ചെയ്യാവുന്നതാണു്. ഇന്നു വിദ്യുച്ഛക്തി ഉപയോഗിക്കുന്നതിന്റെ ആളോഹരി കണക്കു് പരിശോധിച്ചാൽ ഏറ്റവും കൂടുതൽ നാട്ടിലായിലാണെന്നു കാണാം; രണ്ടായിരത്തിൽ പരം യൂണിറ്റാണു് അവിടത്തെ ആളോഹരി ഉപയോഗവീതം. ഇവിടെയാണെങ്കിൽ അതു് ഏഴു യൂണിറ്റു മാത്രമാണു്. ഇത്രമാത്രം അന്തരമാണു് ഈ കാര്യത്തിലുള്ളതു്. ഏതെല്ലാം സൗകര്യങ്ങളും നമുക്കുണ്ടായിരുന്നിട്ടും കൂടുതൽ വിദ്യുച്ഛക്തി ഉല്പാദിപ്പിക്കുന്നതിനുള്ള പരിശ്രമം ഫലപ്രദമായി നടക്കുന്നില്ല എന്നുള്ളതാണു് വസ്തുത. അതുകൊണ്ടു് ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനത്തെ സംബന്ധിച്ചും, ക്രമക്കേടുകളെപ്പറ്റിയും ആവശ്യമായ അന്വേഷണം നടത്താൻ ഗവണ്മെന്റു മുമ്പോട്ടു വരണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ഹസ്സൻഗനി: സർ, ശ്രീ പി. രവീന്ദ്രൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനങ്ങളെസംബന്ധിച്ചും, അതിന്റെ കാര്യക്ഷമതയില്ലായ്മയെസംബന്ധിച്ചും ഇന്നു് ഏതു പ്രകാരത്തിൽ അവിടെ കാര്യങ്ങളും നടക്കുന്നു എന്നുള്ളതിനെക്കുറിച്ചും അദ്ദേഹം പ്രഗത്ഭമായി പ്രതിപാദിക്കുകയുണ്ടായി. നമ്മുടെ രാജ്യത്തു ഇലക്ട്രിസിറ്റി ക്ഷാമം തുടങ്ങിയിട്ടു് കുറേക്കാലമായി. വെള്ളം ഇല്ലാതെ

LIBRARY ARCHIVES Kerala Legislative Assembly

യാകുന്നു, വെള്ളം വറ്റിപ്പോകുന്നു എന്നൊക്കെയാണു് ഇലക്ട്രിസിറ്റി ക്ഷാമത്തിനു കാരണം പറയാറുള്ളതു്. മദിരാശി ഗവണ്മെന്റു്, ആ സ്റ്റേറ്റിനെ സംബന്ധിച്ചിടത്തോളം ഈ കാര്യത്തിൽ സമ്പന്നരാണു്. അവർക്കു് നെയ്വേലി തുടങ്ങിയ പദ്ധതികളിൽനിന്നു ആവശ്യമുള്ളിടത്തോളം വിദ്യുച്ഛക്തി കിട്ടിക്കൊണ്ടിരിക്കുകയാണു്. രാത്രികാലങ്ങളിൽ നമുക്കു് 21000 കിലോ വാട്സു വിദ്യുച്ഛക്തി ഇന്നു മദിരാശി ഗവണ്മെന്റു സപ്ലൈചെയ്യുകയാണു്. നമ്മുടെ പല പദ്ധതികളും, പമ്പാ, ഇടുക്കി എന്നിങ്ങനെയുള്ള പദ്ധതികളും പൂർത്തിയായാൽ കൂടുതൽ വിദ്യുച്ഛക്തി ലഭിക്കുമായിരുന്നു. നമ്മുടെ എല്ലാ പദ്ധതിയും പൂർത്തിയായാൽ, ഈ സ്റ്റേറ്റിന്റെ ആവശ്യത്തിനുമാത്രമല്ല, മറ്റു രാജ്യങ്ങൾക്കും വിദ്യുച്ഛക്തി നൽകാൻ നമുക്കു കഴിയുമായിരുന്നു. അങ്ങനെ നമ്മുടെ വിദ്യുച്ഛക്തിക്ഷാമം പരിഹരിക്കുന്നതിനും, വ്യവസായങ്ങളും അഭിവൃദ്ധിപ്പെടുത്തുന്നതിനും എല്ലാ പദ്ധതികളും വളരെ വേഗം പൂർത്തിയാക്കേണ്ടിയിരിക്കുന്നു. ഇന്നു നമ്മുടെ വ്യവസായങ്ങൾക്കായി ഏകദേശം 77 ശതമാനം വിദ്യുച്ഛക്തി ഉപയോഗിക്കുന്നുണ്ടു". അതിൽനിന്നു് ആകെ വരുമാനത്തിന്റെ ഏഴു ശതമാനം വരുമാനം ഉള്ളതായും കാണുന്നു. പ്രാദേശിക ഉപഭോക്താക്കൾക്കു് ഏകദേശം 45 ശതമാനം ആവശ്യമുള്ളതിൽ, ഇപ്പോൾ 8.5 ശതമാനം മാത്രമേ നൽകപ്പെടുന്നുള്ളു. അതിൽനിന്നുമുള്ള ആദായം ആകെ ആദായത്തിന്റെ 42 ശതമാനമാണു്. ഒരു യൂണിറ്റിനു 30 നയാപൈസയാണു് വസൂൽ ചെയ്യുന്നതു്. ആ നിരക്കു് വർദ്ധിച്ചതോതിലുള്ളതാണെന്നു ജനങ്ങൾക്കു പരാതിയുണ്ടു്. വലിയ വ്യവസായങ്ങൾക്കു് 77.5 ശതമാനം ഇലക്ട്രിസിറ്റി നൽകുന്നതിൽനിന്നു് കുറെ കൂടുതൽ ചാർജ്ജു് ഈടാക്കിയാൽ സാധാരണ ആളുകളിൽനിന്നു ഇപ്പോൾ ഈടാക്കുന്ന നിരക്കു് അല്പം കുറയ്ക്കാൻ സാധിക്കുന്നതാണു്. ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനങ്ങളെസംബന്ധിച്ചിടത്തോളം കാര്യക്ഷമത ഇല്ലെന്നു ഇവിടെ വ്യക്തമാക്കുകയുണ്ടായി. ഇന്നു് അവിടത്തെ സ്റ്റാഫു് വളരെയേറെ അസംതൃപ്തരാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല. പുതുതായി ഒരു റീഓർഗനൈസേഷൻ നടക്കാൻപോകുന്നുവെന്നും, വിവിധ യൂണിറ്റുകളും ഓരോ വിഭാഗത്തിനും സംഘടിപ്പിച്ചു്, പ്രത്യേകം സെക്രട്ടേറിയറ്റുണ്ടാക്കാൻപോകുന്നുവെന്നും കേൾക്കുന്നു. അങ്ങനെ വരുമ്പോൾ പൊതുവേ സീനിയാറിട്ടി മുതലായ കാര്യങ്ങളിൽ വളരെ അവശതകളും താണനിലവാരത്തിലുള്ള ഉദ്യോഗസ്ഥന്മാർക്കു് ഉണ്ടാകാൻ ഇടയുണ്ടു്. സീനിയാറിട്ടിയിൽ കുഴപ്പം ഉണ്ടാകാതെ സ്റ്റോറടിസ്ഥാനത്തിൽതന്നെ സീനിയാറിട്ടി പരിഗണിക്കപ്പെടണമെന്നാണു് ഈ അവസരത്തിൽ എനിക്കു പറയാനുള്ളതു്.

വളരെ ധിക്കാരപരമായി ബോർഡിലെ ചില ഉദ്യോഗസ്ഥന്മാർ പെരുമാറുന്നു എന്നൊരു വാർത്ത പത്രത്തിൽ കാണുകയുണ്ടായി. പല എഴുത്തുകളും അതു സംബന്ധിച്ചു് എനിക്കു കിട്ടുന്നുണ്ടു്. പെരിങ്ങൽകുത്തു എന്ന സ്ഥലത്തു പുഴശിരാജാ എന്ന പടത്തിന്റെ ചില ഭാഗങ്ങൾ ഫിലിം ചെയ്യുവാൻ അവിടെ എത്തിയ Excel Production നോടു് സാധാരണഗതിയിൽ ഈടാക്കേണ്ട 600 രൂപ ഈടാക്കുന്നതിനു പകരം ആറായിരത്തിൽ ചിലപ്പോൾ രൂപയുടെ ഒരു ബില്ലാണു് സൂപ്രണ്ടിംഗ് എൻജിനീയർ നൽകിയതെന്നും അതുതന്നെയുമല്ല, അവർ അതിന്റെ തക്കിച്ചുതിൽ മൂന്നു മൂന്നരലക്ഷം രൂപ വില വരുന്ന സാധനങ്ങൾ കൊണ്ടുപോകുവാൻ സമ്മതിക്കുന്നില്ലെന്നും എന്നെ അറിയിച്ചിട്ടുണ്ടു്. അങ്ങനെ ചെയ്തിട്ടുണ്ടോ ഇല്ലയോ എന്നുള്ളതു എനിക്കു അറിവുള്ളകാര്യമല്ല. അങ്ങനെ ഉദ്യോഗസ്ഥന്മാർ ചെയ്തിട്ടുണ്ടെങ്കിൽ അതു അക്രമമാണു്; അനീതിയാണു്. അതിനെപ്പറ്റി അന്വേഷണം നടത്തണം. ഇലക്ട്രിസിറ്റി ബോർഡു് കൂടിശ്ശിക പിരിക്കുന്ന കാര്യത്തെപ്പറ്റി പറയുകയുണ്ടായി. 63 വരെ ഒരുകോടി രൂപ പിരിയാനുള്ളതിൽ 70 ലക്ഷത്തോളം പിരിഞ്ഞിട്ടുണ്ടു്. 30 ലക്ഷവും ഇനിയും ബാക്കികിടക്കുകയാണു്. ഇതു കർഷകരിൽ നിന്നും കിട്ടാനുള്ളതാണെന്നാണു് പറയുന്നതു്. സാധാരണഗതിയിൽ കാൺട്രാക്ടു് കൊടുക്കുന്നതു മിഡിൽമാനാണു്. അദ്ദേഹം ഒരു കൊല്ലത്തേക്കു കാൺട്രാക്ടു് കൊടുക്കുകയും പണംകൊടുക്കാതെ പോവുകയും ചെയ്യും. അതാണു് ഇങ്ങനെ കുടിശ്ശിക വരാനുള്ള പ്രധാന കാരണം. എപ്പോഴും ഈ കാൺട്രാക്ടു് കർഷകരിൽപ്പെട്ട വക്കുതന്നെ നൽകുന്നതിനു് ഏർപ്പാടു ചെയ്യുന്നതു നന്നായിരിക്കും. ഇലക്ട്രി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ഹസ്സൻഗനി]

സിറ്റി ബോർഡിന്റെ നിയമനത്തിലും പ്രമോഷൻ കാര്യത്തിലും ഡിഗ്രിയും ഡിപ്ലോമയും, എസ്. എസ്. എൽ. സി. സർട്ടിഫിക്കറ്റ് ഹോൾഡേഴ്സിനു 5: 3: 2 എന്ന ക്രമത്തിലാണെന്നാണ് വ്യവസ്ഥ വച്ചിട്ടുള്ളത്. എന്നാൽ ഈ അനുപാതക്രമം പാലിക്കാതെ പ്രമോഷൻ നടത്തുന്നു എന്നുള്ള പരാതിയും നിലവിലുണ്ട്. ഇതു കാര്യമായി ഗൗനിക്കുകയും താഴ്ന്ന ജീവനക്കാർ അനുഭവിക്കുന്ന അരിഷ്ടതകളും, റീഓർഗനൈസേഷൻ കൊണ്ടു ഉണ്ടായ കെടുതികളും ഇല്ലാതാക്കി കാര്യക്ഷമമായി നടത്തുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടു പിടിച്ചു, ഇതിന്റെ പോരായ്മകളും ദൂരീകരിക്കുന്നതിനു ഒരു കമ്മീഷനേയോ കമ്മിറ്റിയേയോ നിയമിക്കുകയും ചെയ്യണമെന്നുള്ള അഭിപ്രായത്തോടു് ഞാൻ യോജിപ്പുപ്രകടിപ്പിച്ചുകൊണ്ടു എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. എം. നാരായണക്കുറുപ്പു് : സർ, ഈ ബോർഡിന്റെ പ്രവർത്തനത്തിൽ കുറച്ചു കാര്യക്ഷമത ആവശ്യമാണെന്നു എനിക്കും തോന്നുന്നുണ്ടു്. ഇതു ഞാൻ പറയുന്നതു് ഇതുവരെയുണ്ടായിട്ടുള്ള അനുഭവത്തെ മുൻനിറുത്തിയാണു്. നമ്മുടെ രണ്ടാം പദ്ധതിയിൽ വിദ്യുച്ഛക്തി ഉൽപ്പാദനത്തിനുവേണ്ടി നീക്കി വച്ചിരിക്കുന്നതു സുമാർ 23 കോടി രൂപയോളമാണു്. അതിൽ ഒരുകോടി കമ്മിയായിട്ടു മാത്രമേ ഈ ബോഡിനു ചെലവാക്കുവാൻ കഴിഞ്ഞിട്ടുള്ളു. ഇവിടത്തെ വിദ്യുച്ഛക്തി ഉൽപ്പാദനത്തിന്റെ ആവശ്യകതയെപ്പറ്റി ആക്ഷേപം ആക്ഷേപം ഇല്ല. കേന്ദ്രത്തിൽ നിന്നും കൂടുതൽ പണം കൊടുക്കുകയാണെങ്കിൽ അതും ചെലവാക്കുവാൻ കഴിയുമെന്നു പറയുകയാണു്. ഇവിടത്തെ ഇലക്ട്രിസിറ്റി ഉൽപ്പാദനത്തിൽ രണ്ടാം പദ്ധതിയുടെ അന്ത്യത്തിൽ രണ്ടരലക്ഷം കിലോവാട്ടു് ഇലക്ട്രിസിറ്റി ഉൽപ്പാദിപ്പിക്കാമെന്നു പദ്ധതിയുടെ ആദ്യം പ്രതീക്ഷിച്ചിരുന്നു. ഒന്നര ലക്ഷം മാത്രമേ ഉൽപ്പാദിപ്പിക്കുവാൻ സാധിച്ചിട്ടുള്ളു. ഇതിൽ കൂടുതൽ ബോർഡിന്റെ കാര്യക്ഷമതയെപ്പറ്റി പറയാനില്ല. മൂന്നാം പദ്ധതിയുടെ അനുഭവവും ഇതായിരിക്കുമെന്നാണു് എനിക്കു തോന്നുന്നതു്. 1963–64 ആദ്യത്തെ വർഷത്തിൽ മതിപ്പു കണക്കു പ്രകാരം ഒൻപതു കോടി പത്തു ലക്ഷം രൂപ ചെലവാകുമെന്നാണു് പ്രതീക്ഷിച്ചിരുന്നതു്. ഇതിൽ എട്ടുകോടി 90 ലക്ഷം മാത്രമേ ചെലവായുള്ളു. ഇതിൽ നിന്നെല്ലാം കാര്യക്ഷമത കുറഞ്ഞനിലയിലാണു് ബോഡു പ്രവർത്തിച്ചിരുന്നതെന്നു കാണാൻ കഴിയുന്നതാണു്. ഇതിന്റെ 63–64 ലെ മതിപ്പു കണക്കു 773.82 ലക്ഷമാണു്. അതു പുനഃപരിശോധന ചെയ്തപ്പോൾ 749. 52 ലക്ഷമായി. പല വർക്സും കാണിച്ചിട്ടുണ്ടു്. അതിൽ ഓരോന്നും പുനഃപരിശോധനചെയ്തതിനുശേഷം എത്രയാണെന്നുള്ളതു കാണിച്ചിട്ടില്ല. 749 ലക്ഷമെന്നുള്ളതു എങ്ങനെ കിട്ടി. ഇങ്ങനെ കണക്കുകൂട്ടി വഴി സൂചിപ്പിക്കേണ്ടതായ വിവരങ്ങളൊന്നുംതന്നെ ഇലക്ട്രിസിറ്റി ബോർഡിനു നൽകാൻ സാധിച്ചിട്ടില്ല എന്നുള്ളതു ഒരു സംഗതിയാണു്. രണ്ടാം പദ്ധതിയിൽ നടപ്പാക്കാനുള്ള കുറ്റ്യാടി പദ്ധതിക്കും ഇടുക്കി പദ്ധതിക്കും നൽകിയിട്ടുള്ള പ്രാധാന്യം പോലും ഇലക്ട്രിസിറ്റി ബോർഡ് അംഗീകരിച്ചിട്ടില്ല.

ഇടുക്കിപദ്ധതിയേക്കാൾ കുറ്റിയാടി പദ്ധതിക്കായിരിക്കണം പ്രാധാന്യം കൊടുക്കേണ്ടതെന്നുള്ള കാര്യം വിദഗ്ദ്ധന്മാർ അഭിപ്രായപ്പെട്ടിട്ടുള്ളതാണു്. ഇടുക്കി വമ്പിച്ച ഒരു പദ്ധതിയാണെങ്കിലും, കുറ്റിയാടി താരതമ്യേന ചെറുതാണെങ്കിലും, വിദ്യുച്ഛക്തി ഉൽപ്പാദനം സ്റ്റെബിലൈസ് ചെയ്യാൻ വേണ്ടി ആ പ്രദേശങ്ങൾക്കു മുൻഗണന കൊടുക്കണമെന്നാണു് മൂന്നാം പദ്ധതിയിൽ ശുപാർശ ചെയ്തിരുന്നതു്. ഇന്നത്തെ പ്രവർത്തനങ്ങൾ കാണുമ്പോൾ ഈ കുറ്റ്യാടി പദ്ധതി മൂന്നാം പദ്ധതിക്കാലത്തു ആരംഭിക്കുമോ എന്നുള്ളതുതന്നെ സംശയമായിരിക്കുന്നു. അതു പൂർത്തിയാകുന്നതു നാലാം പദ്ധതിക്കാലത്തായിരിക്കുമെന്നുള്ളതും വ്യക്തമാണു്. ഇതിലേക്കു ഈ കൊല്ലത്തേക്കു വച്ചിരുന്ന 43 ലക്ഷത്തിലധികം രൂപയിൽ ഇതേവരെ ചെലവായതു് എത്രയാണെന്നും സൂചിപ്പിച്ചിട്ടില്ല. ഡിസ്ട്രിക്റ്റ് ഡെവലപ്പുമെന്റു കൗൺസിലിന്റെ വിവരപ്രകാരം ഡിസമ്പറോടുകൂടി 17 ലക്ഷമേ ചെലവാക്കുവാൻ കഴിഞ്ഞിട്ടുള്ളുഎന്നാണു്. മൂന്നാം പദ്ധതിയുടെ ആദ്യത്തെ മൂന്നുകൊല്ലത്തിനുള്ളിൽ ആകെയുള്ള സംഖ്യയുടെ മുപ്പിതിലൊന്നുമാത്രമേ ചെലവാക്കുവാൻ സാധിച്ചിട്ടുള്ള എങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

അഞ്ചാം പദ്ധതിക്കാലത്തെങ്കിലും ഈ പദ്ധതികൾ പൂർത്തിയാക്കുവാൻ സാധിക്കുമോ എന്നുള്ളതു സംശയമാണു്. വൻകിട പദ്ധതികൾ വേണം. അതോടൊപ്പം ഹ്രസ്വകാല ഫലം ഉളവാക്കുന്ന പദ്ധതികൾകൂടി ശാസ്ത്രീയമായ രീതിയിൽ ഏറെറടുത്താൽ രണ്ടും കൂടി ഏകോപിപ്പിച്ചു പോകാനുള്ള സാദ്ധ്യതയുണ്ടു്. ഈ വക കാര്യങ്ങൾ പരിഗണിച്ചു കൊറിയാടി പദ്ധതിക്കു കൂടുതൽ ശ്രദ്ധ ഗവണ്മെൻറു കാണിക്കേണ്ടതായിരുന്നു. കണക്കു സൂക്ഷിപ്പിനെപ്പററി അക്കൌണ്ടു്സു് ആഫീസർ ഇങ്ങനെ പറയുന്നു.

'The Board is also not for keeping proper records, giving full details of the dues'.

കുടിശ്ശിക സംഖ്യ വളരെ പിരിഞ്ഞു കിട്ടാൻ ബാക്കിയുണ്ടു്. അവയെ സംബന്ധിച്ചു ശരിയായ കണക്കുമില്ല. എന്നു പറഞ്ഞിരിക്കുന്നതിൽ നിന്നു തന്നെ കാര്യമായ കണക്കുകളും വിവരങ്ങളും നൽകുന്നതിൽ ബോഡു് സൂക്ഷിക്കുന്നില്ല, വേണ്ടവണ്ണം ശ്രദ്ധിക്കുന്നില്ല എന്നു് വ്യക്തമാണു്. അതുകൊണ്ടു് കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കണമെന്നുള്ള ഈ പ്രമേയത്തോടു എനിക്കു അനുകൂലമാണു് ഉള്ളതു്.

[Deputy Speaker in the chair]

ശ്രീ. കെ. അനിരുദ്ധൻ : മാഡം, ശ്രീ. രവീന്ദ്രൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണു്. 1957—ൽ ഇലക്ട്രിസിററി ബോർഡു് രൂപീകരിക്കുമ്പോൾ മുഖ്യമായും ഉദ്ദേശിച്ചിട്ടുള്ളതു് കൺസ്യൂമേഴ്സിൻെറ ആവശ്യത്തിനു ഇലക്ട്രിസിററി കുറഞ്ഞ നിരക്കിൽ കൊടുക്കുക എന്നുള്ളതാണു്. മറെറാന്നു രാജ്യത്തിൻെറ എല്ലാ ഭാഗങ്ങളിലും വ്യാവസായികമായ, അതുപോലെയുള്ള മറു ആവശ്യങ്ങൾക്കു ഇലക്ട്രിസിററി എത്തിച്ചു കൊടുക്കുക എന്നുള്ളതാണു്. ഈ ബോർഡു് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ? ഇവിടെ നടന്ന ചച്ചകളിൽനിന്നു തന്നെ, വിവിധ കക്ഷിയിൽപ്പെട്ട ആളുകൾ സംസാരിച്ചിട്ടുള്ളതിൽ നിന്നു തന്നെ കാര്യക്ഷമമായ പ്രവർത്തനമാണു് ഈ ബോഡു് 1957 മുതൽ നടത്തുന്നതെന്നുതെളിയുന്നില്ല. മീറർ റെൻറു വർദ്ധിപ്പിച്ചതിലും മിനിമം ചാർജ്ജു വർദ്ധിപ്പിച്ചതിലും ഇവിടെ പരാമർശനങ്ങൾ ഉണ്ടായി. 1962—63 കാലഘട്ടത്തിൽ സാധാരണ കൺസ്യൂമേഴ്സിനു് ഏറവും കുറഞ്ഞ മിനിമം ചാർജ്ജു് ഒരു മാസം രണ്ടു രൂപ എന്നുള്ളതായിരുന്നു. 1963—64 ആയപ്പോൾ അതു മൂന്നുരൂപയിലധികമായി വർദ്ധിപ്പിച്ചു. ഓരോ മീറർ ഉപയോഗിക്കുന്നവരിൽ നിന്നും അഞ്ചു രൂപ വീതം അഡീഷണൽ ഡെപ്പോസിറു വാങ്ങിക്കുന്നുണ്ടു്. ആ ഇനത്തിൽ തന്നെ ഏതാണ്ടു നാലര ലക്ഷത്തോളം രൂപ വരുമാനം ബോർഡിനുണ്ടെന്നാണു് അനുമാനിക്കുന്നതു്. ഇതൊക്കെ ഉണ്ടായിട്ടും യാതൊരു പ്രയോജനവും കൺസ്യൂമേഴ്സിനു് കിട്ടുന്നില്ല എന്നുള്ളതാണു് ആരോപണം. വ്യാവസായികമായ ആവശ്യത്തിനായാലും കാർഷികമായ ആവശ്യത്തിനായാലും വീട്ടാവശ്യത്തിനായാലും വിദ്യുച്ഛക്തി ആവശ്യത്തിനു ലഭിക്കുന്നില്ല. ഇതിനൊക്കെ കാരണക്കാർ ആരാണെന്നുള്ളതു ഇപ്പോൾ മാത്രം ചച്ചചെയ്തിട്ടുള്ള കാര്യമല്ല. 1957—ൽ ബോർഡു് രൂപീകരിച്ചതിനുശേഷം 1958—ൽ ബോർഡു് ജീവനക്കാർ ഈ കാര്യങ്ങൾ വിശദമായി സംസാരിച്ചിട്ടുണ്ടു്. അന്നു അവർക്കുണ്ടായിരുന്ന അസംതൃപ്തി പണിമുടക്കുവഴിയും മറും സൂചിപ്പിക്കുകയുണ്ടായി അന്നു അവർ ഉന്നയിച്ച അവകാശങ്ങളും വാദങ്ങളും സെൻട്രൽ ഗവണ്മെൻറു ജീവനക്കാരുടേയോ, സംസ്ഥാന ഗവണ്മെൻറു ജീവനക്കാരുടേയോ ആനുകൂല്യങ്ങൾ ഇവർക്കു ലഭിക്കുന്നില്ല എന്നുള്ളതായിരുന്നു.

1957—ൽ ഇലക്ട്രിസിററി ബോർഡു് ഒരു ആട്ടോണമസ് ബോഡിയായി രൂപീകരിച്ചപ്പോൾ അതുവരെ ഗവണ്മെൻറു ജീവനക്കാരായി തുടർന്നുവന്നിരുന്ന അതിലെ ജോലിക്കാർക്കു്, അന്നു് നിലവിലുള്ള അവകാശങ്ങളും പ്രത്യേകമായ പരിഗണനകളും ഒന്നും നൽകപ്പെട്ടില്ല. മാത്രമല്ല അവരെ ഗവണ്മെൻറു സർവ്വെൻറ്സു് എന്നുള്ളതു് മാററിയിട്ടു് ഒരു വ്യാവസായികസ്ഥാപന

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ.അനിരുദ്ധൻ]

ത്തിലെ ജോലിക്കാരെന്നുള്ള നിലയിലാക്കുകയും ചെയ്തു. അതുമൂലം അവർക്ക് പലവിധത്തിലുള്ള പരാധീനതകളും പ്രയാസങ്ങളും നേരിട്ടു. ബോഡ്ഡ് പ്രത്യേകം ഒരു സ്ഥാപനമായി മാറിയ അവസരത്തിൽ അവർക്കു ഒരു മാസത്തെ ശമ്പളം ബോണസ് എന്നുള്ള നിലയിൽ നൽകപ്പെട്ടു. അതു് എല്ലാ വർഷവും കൊടുക്കുമെന്നു് അവർ പ്രതീക്ഷിച്ചു. എന്നാൽ പിന്നീടൊരിക്കലും അങ്ങനെ കൊടുത്തിട്ടില്ല. ഇക്കാരണങ്ങളാൽ ബോർഡിലെ ജീവനക്കാർ ഒരു സമരത്തിലേർപ്പെടുമെന്നുള്ള ഘട്ടംവരെയായി. അങ്ങനെ സമരം ചെയ്യുമെന്നു് മനസ്സിലായപ്പോൾ ബോഡ്ഡ് അവർക്കു ആവശ്യമായ ആനുകൂല്യങ്ങളും എല്ലാം വകവെച്ചുകൊടുക്കാമെന്നു് ഉറപ്പുകൊടുത്തു. അങ്ങനെ ഉറപ്പുകൊടുത്തതിൽ പല കാര്യങ്ങളും പറഞ്ഞിട്ടുണ്ടായിരുന്നു. ഒന്നു് സർവ്വീസു് കണ്ടീഷൻസിനെ സംബന്ധിച്ചാണു്, പിന്നെ അവരുടെ ശമ്പളത്തിൽ ചില വർദ്ധനവുകളും ഉണ്ടാക്കുന്നതിനെ സംബന്ധിച്ചായിരുന്നു. ബോർഡിനെ സംബന്ധിച്ചിടത്തോളം അതിന്റെ പ്രവർത്തനം കാര്യക്ഷമമായി എങ്ങനെ നടത്തണമെന്നു് ഇൻഡസ്ട്രിയൽ കമ്മീഷണറുമായി ആലോചിച്ചു് അതിനു് ബോഡ്ഡിലെ ചിലയാളുകളും ഗവണ്മെന്റിന്റെ സെക്രട്ടറിമാരും കൂടി ചേർന്നുള്ള ഒരു കമ്മിറ്റി രൂപീകരിക്കുകയും, അവർ ഇതിനെക്കുറിച്ചു് അന്വേഷിച്ചു് ഒരു റിപ്പോർട്ടു് തയാറാക്കുകയും ചെയ്തു. അതു പോലെതന്നെ അന്നു് 150 രൂപവരെ അടിസ്ഥാനശമ്പളം വാങ്ങിയിരുന്ന ബോർഡിലെ ജീവനക്കാർക്കു് കൊടുക്കാമെന്നു് ഏറ്റിരുന്ന ആനുകൂല്യങ്ങളിൽ, എന്തെങ്കിലും അഡീഷണലായിട്ടുള്ള ആനുകൂല്യങ്ങളും കൊടുക്കാമെന്നുള്ള ഉറപ്പോടുകൂടി അവരുടെ ഒരു മാസത്തെ അടിസ്ഥാന ശമ്പളം ബോണസു് എന്നുള്ള പേരോടുകൂടി കൊടുക്കേയുണ്ടായി. അതിനെത്തുടർന്നു് ബാക്കി കൊടുക്കാമെന്നു് പറഞ്ഞിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും ഉണ്ടാകുമെന്നു് അന്നത്തെ ബോർഡിലെ ചെയർമാനായിരുന്ന ശ്രീ. ശ്രീധരമേനോൻ പറയുകയുണ്ടായി. അന്നു് ശ്രീ. ശ്രീധരമേനോനുമായി ഞാനും, ശ്രീ. ഈശ്വര അയ്യരും ഇക്കാര്യത്തെപ്പറ്റി സംസാരിച്ചപ്പോഴും അദ്ദേഹം ഞങ്ങളോടു് പറഞ്ഞതു് അവർക്കു ഉറപ്പുകൊടുത്തിട്ടുള്ള ആനുകൂല്യങ്ങളെല്ലാം അനുവദിച്ചു കൊടുക്കുന്നതാണെന്നാണു്. അതിനുശേഷം പുതിയ ചെയർമാൻ വരികയുണ്ടായി. അതു് 1962-ലാണു്. ഇക്കാര്യത്തെക്കുറിച്ചു് അന്വേഷിക്കുന്നതിനു് ഒരു ഇക്കോൺ കമ്മിറ്റിയെ നിയമിക്കുകയുണ്ടായി. അവർ ഒരു റിപ്പോർട്ടു് തയ്യാറാക്കി ബോർഡിലേക്കു് സമർപ്പിച്ചിട്ടുണ്ടു്. ഇക്കോൺ കമ്മിറ്റി അന്വേഷണം നടത്തി റിപ്പോർട്ട തയ്യാറാക്കിയതിനു് 5൦ ലക്ഷത്തോളം രൂപ ചെലവായിട്ടുണ്ടു്. അങ്ങനെ 50 ലക്ഷം രൂപ ചെലവഴിച്ചു് തയാറാക്കിയ ആ റിപ്പോർട്ടു് ഇതുവരെയും വെളിച്ചം കണ്ടിട്ടില്ലെന്നുള്ളതാണു് വാസ്തവം. അതിലെ വിവരങ്ങളും എന്തൊക്കെയാണെന്നു ഒരിക്കൽ ഈ നിയമസഭയിൽ ചോദിച്ചപ്പോൾ അന്നത്തെ ഇലക്ട്രിസിറ്റി മന്ത്രിയായിരുന്ന ശ്രീ. പി. ടി. ചാക്കോ പറഞ്ഞതു് അതിലെ വിവരങ്ങളും ഈ സഭയിൽ പറയാൻ പാടില്ലെന്നാണു്. ബോർഡിലെ ജീവനക്കാരുടെ ആവശ്യങ്ങളും പരിഗണിക്കുക മാത്രമല്ല, അതിന്റെ നടത്തിപ്പിനെ സംബന്ധിച്ചിടത്തോളവും, പ്രത്യേകിച്ചു് നമ്മുടെ പ്രോജക്ടുകളുടെ പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം വലിയ ആക്ഷേപങ്ങളും ഉണ്ടായിട്ടുണ്ടു്.

സർ, കുറെക്കാലമായി പ്രോജക്ടുകളുടെ പ്രവർത്തനത്തിൽ കോൺട്രാക്ട കൊടുക്കുന്നതു് മുഴുവൻ മുന്നോ നാലോ ആളുകളുടെ കുത്തക അവകാശംപോലെ ആക്കിയിരിക്കുകയാണു്. എല്ലാ വർക്കുകളും ഈ മൂന്നു നാലുപേർക്കു് മാത്രമേ കൊടുക്കുകയുള്ളു. ആ കോൺട്രാക്ടർമാർ എല്ലാ സ്ഥലങ്ങളിലും എഞ്ചിനീയർമാരെ നിയമിച്ചിട്ടുണ്ടു്. ആദ്യം താഴ്ന്ന ജോലിയിൽ ഏർപ്പെട്ടിരുന്ന പല ആളുകളും ഇന്നു് വലിയ വലിയ കോൺട്രാക്ടർമാരായിട്ടുണ്ടു്. അവരെല്ലാം തന്നെ ഇന്നു് അഞ്ചും ആറും കോടി രൂപയുടെ പണി ഏറ്റെടുക്കാൻ തക്ക പണശേഷിയുള്ളവരായിത്തീർന്നിട്ടുണ്ടു്. ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും പ്രോജക്ടുകളുടെ പ്രവർത്തനങ്ങളും പരിശോധിക്കുന്നതിനുവേണ്ടി 800 രൂപയും 1000 രൂപയും ശമ്പളമുള്ള ഇൻജിനീയറന്മാരെ നിയമിച്ചിട്ടുണ്ടു്. അവരുടെ പേരിലും അവരുടെ അടുത്ത ബന്ധുക്കളുടെ പേരിലും ഉള്ള ബാങ്കു് നിക്ഷേപങ്ങളും പരിശോധിച്ചാൽ കോടി കണക്കിനു് രൂപയുണ്ടെന്നു് കാണാവുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

ഷോളയാർ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ നാല്പ ലക്ഷം രൂപയുടെ വ്യത്യാസം ഉണ്ടായിരുന്നു. അതിന്റെ കാരണം അതിന്റെപണി ഏറ്റവും കുറഞ്ഞ ടെണ്ടറുകാരനു് കൊടുക്കാതെ നാല്പ ലക്ഷം കൂട്ടി വേറൊരാളിനു് കൊടുത്തതാണു്. അങ്ങനെ കൂടിയ തുകയ്ക്കു് ടെണ്ടർ വിളിച്ച ആളിനു് കൊടുത്തതിനു് ചീഫ് ഇൻജിനീയർ ശ്രീ. രംഗനാഥൻ പറഞ്ഞ വാദം കുറഞ്ഞ ടെണ്ടറുകാരനു് ആവശ്യമുള്ള ഫിനാൻസ്യൽ സ്റ്റെബിലിറ്റി ഇല്ലെന്നും ആവശ്യമുള്ള എക്സ്പീരിയൻസില്ലെന്നും, അതുകൊണ്ടു് കൂടിയ ടെണ്ടറുകാരനു് കൊടുത്തുവെന്നുമാണു്. എന്നാൽ ഇങ്ങനെ ആവശ്യമുള്ള സാമ്പത്തികശേഷിയും എക്സ്പീരിയൻസുമില്ലാത്ത ആളിനു് വേറൊരിടത്തും കോൺട്രാക്ടു് കൊടുത്തില്ലെങ്കിൽ നമുക്കു് ആ വാദത്തെ ശരിവെയ്ക്കാമായിരുന്നു. ആദ്യം ടെണ്ടർ വിളിച്ചു് പണി ഏൽപിച്ചു് രണ്ടു മാസം കഴിഞ്ഞപ്പോഴേ ആ കുറഞ്ഞ ടെണ്ടറുകാരനു് ഷോളയാറിന്റെ വേറൊരു പണിക്കു് വേണ്ടി ആ ചീഫ് ഇൻജിനിയർ നാൽപതു് അൻപതു് ലക്ഷം രൂപയുടെ ഒരു പണി 80 ലക്ഷം രൂപയ്ക്കു കൊടുക്കുകയുണ്ടായി. ഇങ്ങനെ പല വർക്കുകളും എടുത്തുനോക്കിയാൽ ഇത്തരത്തിലുള്ള സംഭവങ്ങളും ഉണ്ടായിട്ടുള്ളതായി കാണാം.

ഇലക്ട്രിസിറ്റി ബോഡ്ഡു് ഒരു ആട്ടോണമസ് ബോഡിയായി രൂപീകരിച്ചതിനുശേഷം അതിന്റെ പ്രവർത്തനത്തിൽ പല രീതിയിലുള്ള അനീതികളും നടക്കുന്നുണ്ടു് ഈ അടുത്തകാലത്താണു് കുറിയാടി പ്രോജക്ടിന്റെ പണി ആരംഭിച്ചതു്. അതിൽ മുപ്പതു് ലക്ഷം രൂപയുടെ കുറവുണ്ടായിരുന്നു. ഇതിൽ പലർക്കും കൈയുള്ളതായിട്ടറിയുന്നു. ഇങ്ങനെ പലരീതിയിലുള്ള കംപ്ലയിന്റുകൾ നടക്കുന്നുണ്ടു്.

ഡെ.സ്പീക്കർ: മെമ്പർ പുതിയ കാര്യങ്ങളും വല്ലതുമുണ്ടെങ്കിൽ പറയണം. പഴയ കാര്യങ്ങളും ഇങ്ങനെ ആവർത്തിച്ചാവർത്തിച്ചു് പറഞ്ഞു സമയം കളയാതെ പുതിയ കാര്യങ്ങളും വല്ലതുമുണ്ടെങ്കിൽ പറഞ്ഞാൽ മതി.

ശ്രീ. കെ. അനിരുദ്ധൻ : മാഡം, ആവർത്തനമല്ല, പുതിയ കാര്യങ്ങളും തന്നെയാണു് പറയുന്നതു്.

1962—ൽ പണിയാരംഭിച്ചിട്ടുള്ള പ്രോജക്ടുകളുടെ പണി പൂർത്തിയാക്കുകയോ, അതിൽ പിന്നിട്ടു് എന്തെങ്കിലും ചെയ്യുകയോ ചെയ്തിട്ടില്ല. ഷോളയാറിന്റെ രണ്ടാം ഘട്ടമായപ്പോഴേക്കും അതിന്റെ പണികളും സ്പീഡിലറ്റു ചെയ്യുകൊടുക്കുകയെന്നുള്ള ഒരു സംപ്രദായം ഉണ്ടായിട്ടുണ്ടു്. വെള്ളത്തിനടിയിൽ ഉള്ള മേസിനറി വർക്കുകളും തന്നെ പരിശോധിക്കുക. പറമ്പിക്കുളം പദ്ധതിയിൽ വെള്ളത്തിനടിയിലുള്ള മേസിനറി വർക്കുതന്നെ ഒൻപതോ പത്തോ ആയി സ്പ്ലിറ്റു ചെയ്തിട്ടുണ്ടായിരുന്നു. കരിങ്കൽ ഉടയ്ക്കുന്നതിനും, കരിങ്കൽകൊണ്ടു കൊടുക്കുന്നതിനും, മണൽ വാരുന്നതിനും, മണൽ ട്രാൻസ്പോർട്ടു ചെയ്യുന്നതിനും, എല്ലാം പ്രത്യേകം പ്രത്യേകം ആളുകളെ നിയമിക്കും. അങ്ങനെ അതിന്റെ വർക്കിൽ തന്നെ ഏകദേശം നാൽപതിനായിരം യൂണിറ്റുകളും ഉണ്ടായിരുന്നുവെന്നാണു് അറിയുന്നതു്. ഇത്തരത്തിലുള്ള വർക്കു് ആരംഭിച്ചതു് വളരെ അനുമോദനാർഹമാണു്. ഏതായാലും ഇക്കാര്യങ്ങളെപ്പറ്റിയെല്ലാം അന്വേഷിക്കുന്നതിനു് ഒരു കമ്മിറ്റിയെ. നിയമിക്കേണ്ടതാവശ്യമാണു്. അങ്ങനെയൊരു കമ്മിറ്റിയെ വച്ചു് അന്വേഷിപ്പിച്ചു് ഈ വർക്കുകളും മുടക്കം വരുത്തിയതിൽ ആരെല്ലാമാണു് ഉത്തരവാദികളെന്നും, വർക്കുകൾക്കു തടസ്സമായിരുന്നതു് എന്തെല്ലാമാണെന്നും കണ്ടുപിടിക്കേണ്ടതാവശ്യമാണു്. ഈ നാട്ടിലെ ആളുകളുടെ പണം ചെലവഴിച്ചുണ്ടാക്കുന്ന പ്രോജക്ടുകളിൽ ഇത്തരത്തിലുള്ള അമാന്തം ഉണ്ടാകുന്നതിനെപ്പറ്റി ചോദ്യം ചെയ്യുമ്പോൾ അങ്ങനെ ചോദ്യം ചെയ്യാൻ പാടില്ല, കാരണം ഇലക്ട്രിസിറ്റി ബോർഡ് ഒരു ആട്ടോണമസ് ബാഡിയാണു എന്നെല്ലാം പറയുന്നതു ശരിയല്ല. ഏതായാലും അതിന്റെ പ്രവർത്തനം കാര്യക്ഷമമായ രീതിയിൽ നടത്തുന്നതിനു് ശ്രീ. രാഘവീന്ദ്രൻ കൊണ്ടുവന്നിട്ടുള്ള പ്രമേയത്തിലെ കാര്യങ്ങൾ സ്വീകരിക്കണമെന്നു് അപേക്ഷിച്ചുകൊണ്ടു് അവസാനിപ്പിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ജി. ജനാർദ്ദനൻ: മാഡം, എനിക്കു പ്രധാനമായി പറയേണ്ടതു നമ്മുടെ സ്റ്റേറ്റിലെ പ്രോജക്റ്റുകളുടെ പ്രവർത്തനം വളരെ മന്ദഗതിയായും ശിഥിലഗതിയിലും നടത്തുന്നതിനെപ്പറ്റിയാണു്. നമ്മുടെ പ്രോജക്റ്റുകളുടെ പ്രവർത്തനത്തിൽ കോൺട്രാക്റ്റു കൊടുക്കുന്നതിനെപ്പറ്റിയും, പണം ചെലവഴിക്കുന്നതിനെപ്പറ്റിയും പ്രത്യേകമായി ശ്രദ്ധിക്കേണ്ടതാണു്. പ്രോജക്റ്റുകളുടെ പ്രവർത്തനം ആരംഭിക്കുമ്പോൾ അതിന്റെ പ്രധാനപ്പെട്ട ഭാഗത്തിന്റെ പ്രവൃത്തി ആരംഭിക്കുമ്പോൾ, അതിന്റെ കാൺട്രാക്റ്റു കൊടുക്കുന്നതിന്റെ റേറ്റു അൽപ്പം കൂടിയെന്നുള്ള കാരണം മാത്രം നോക്കാതെ നല്ലപോലെ എക്സ്പീരിയൻസും കഴിവുമുള്ളവർക്കു് കൊടുക്കുന്നതിനുള്ള നടപടികളും എടുക്കേണ്ടതാണു്. നമ്മുടെ രാജ്യത്തിന്റെ അതിപ്രധാനമായ ഒരു കാര്യം നമ്മുടെ നാട്ടിൽ വ്യവസായങ്ങളും അഭിവൃദ്ധിപ്പെടുത്തണമെന്നുള്ളതാണു്. അങ്ങനെ വ്യവസായം അഭിവൃദ്ധിപ്പെടുത്തണമെങ്കിൽ അതിനു് പ്രധാനമായി വേണ്ടതു് ഇലക്ട്രിസിറ്റിയാണു്. അതുകൊണ്ടു് ഇലക്ട്രിസിറ്റിയുടെ ഉൽപാദനത്തിൽ നാം കാര്യമായി ശ്രദ്ധിക്കേണ്ടതു് ആവശ്യമാണു്. മൂന്നാം പഞ്ചവത്സരപദ്ധതി പൂർത്തിയാകുന്നതിനു മുമ്പു എങ്കിലും കേരളത്തിൽ ഇലക്ട്രിസിറ്റി സ്വയം സംപൂർണ്ണമാക്കുന്നതിനു് എന്തെല്ലാം കാര്യങ്ങളാണു് ചെയ്യേണ്ടതെന്നുള്ളതിനെപ്പറ്റി പരിശോധിച്ചു് അതിനുള്ള ഏർപ്പാടുകളും ചെയ്യണമെന്നാണു് എനിക്കു് ഇപ്പോൾ പറയുവാനുള്ളതു്. ഇലക്ട്രിസിറ്റിയുടെ കാര്യത്തിൽ മദ്രാസു ഗവണ്മെന്റുമായി കേരളഗവണ്മെന്റിനെ താരതമ്യപ്പെടുത്തിനോക്കുമ്പോൾ ഒരു കാര്യം നമുക്കു് കാണാൻ സാധിക്കും. അതായതു് മദ്രാസു് ഗവണ്മെന്റു് അവരുടെ പ്രോജക്റ്റിന്റെ കാര്യത്തിൽ ടാർഗറ്റു അച്ചീവു് ചെയ്യുന്നതിനു് മുൻഗണന കൊടുക്കും. എന്നാൽ നമ്മുടെ പ്രോജക്റ്റുകളുടെ പ്രവർത്തനത്തിൽ ടാർഗറ്റു അച്ചീവു് ചെയ്യുന്നതിനു മുൻഗണന ഇതുവരെയും കൊടുത്തിട്ടില്ല. അതുകൊണ്ടു് എനിക്കു പറയുവാനുള്ളതു് നമ്മുടെ പ്രോജക്റ്റുകളുടെ പ്രവർത്തനത്തിൽ ടാർഗറ്റിനു മുൻഗണന കൊടുത്തില്ലെങ്കിൽ നമ്മുടെ രാജ്യത്തിന്റെ ഭാവി അപകടത്തിലാകുമെന്നാണു്. തമിഴു് നാട്ടിലെ കുന്ദ പ്രോജക്ടിന്റെ പ്രവർത്തനം അവസാന ഘട്ടത്തിലേക്കു് നീങ്ങിക്കൊണ്ടിരിക്കുകയാണു്. ഇലക്ട്രിസിറ്റിയുടെ കാര്യത്തിൽ നമുക്കു് ഇതുവരെയും സ്വയം സമ്പൂർണ്ണമാകാൻ സാധിച്ചിട്ടില്ല. ഇലക്ട്രിസിറ്റി ഉൽപാദനത്തിനു് ഏറ്റവും സാദ്ധ്യതയുള്ള ഒരു സ്റ്റേറ്റു് ഇൻഡ്യയിൽ, കേരളമാണു്. ഇതുവരെയും ഒരു ഗവണ്മെന്റും കേരളത്തിൽ ഇലക്ട്രിസിറ്റി സ്വയം സമ്പൂർണ്ണമാക്കാൻ ശ്രമിച്ചിട്ടില്ലെന്നുള്ളതാണു് വാസ്തവം. പ്രധാനമായി ഇക്കാര്യത്തിൽ കൺട്ടിന്യൂറ്റിയെ ആശ്രയിച്ചാണു് ഇരിക്കുന്നതു്. അതുകൊണ്ടു് ഈ പ്രമേയത്തിന്റെ ചർച്ചയിൽ അതിപ്രധാനമായ സ്ഥാനം കൊടുക്കേണ്ടതു് കേരളത്തിൽ വ്യവസായവൽക്കരണത്തിനാവശ്യമായതു് ഇലക്ട്രിസിറ്റി ആയതുകൊണ്ടു്, ഇലക്ട്രിസിറ്റിയുടെ ഉൽപാദനത്തിൽ വളരെയധികം ശ്രദ്ധ പതിപ്പിക്കേണ്ടതാവശ്യമാണു്. കഴിഞ്ഞ കാലങ്ങളിലെല്ലാംതന്നെ, ഇന്ന കാലയളവിനുള്ളിൽ ഇത്രമാത്രം ഇലക്ട്രിസിറ്റി ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്നു് സമർത്ഥമായി പറയുമെങ്കിലും, ആ കാലയളവു് വരുമ്പോൾ വീണ്ടും അയൽ സ്റ്റേറ്റിൽനിന്നും കടം വാങ്ങേണ്ടിവരുന്ന ഗതികേടാണു് ഇന്നലെവരെ ഉണ്ടായിട്ടുള്ളതു്. അതുകൊണ്ടു് ഇന്നലെവരെ ഇവിടെ നടന്ന കാര്യങ്ങളെക്കുറിച്ചു് അന്വേഷിക്കുന്നതിനു് ഒരു കമ്മിറ്റിയെ നിയമിച്ചാൽ, ആ കമ്മിറ്റി എല്ലാം പരിശോധിച്ചശേഷം, ഇതിനു് ഉത്തരവാദികളും ആരെല്ലാമാണു്. അവർ ഇന്നയിന്ന വിധത്തിലാണു് പ്രവർത്തനം മന്ദഗതിയിലാക്കിയതു് അതുകൊണ്ടു് അവരെയെല്ലാം തന്നെ വെടിവച്ചു കൊല്ലേണ്ടതാണു് എന്നു വരെ റിപ്പോർട്ടിൽ ശുപാർശ ചെയ്യേണ്ടിവരും. അതുകൊണ്ടു് ഇന്നലെവരെ നടന്നതു് എന്താണെന്നു് ചിന്തിക്കാതെ, പരിശോധിക്കാതെ, നാളെ എന്തെല്ലാമാണു് ചെയ്യേണ്ടതെന്നുള്ളതിനെക്കുറിച്ചു് ചിന്തിച്ചു് പരിശോധിച്ചു് അതു് പ്രവൃത്തിയിൽ കൊണ്ടുവരുന്നതിനു് ശ്രമിക്കേണ്ടതാണു്. എങ്കിലേ അതുകൊണ്ടു് നമുക്കു് എന്തെങ്കിലും പ്രയോജനം കിട്ടുകയുള്ളൂ. വില കുറയ്ക്കുന്നതിനുമുമ്പു, ആദ്യമായി ചെയ്യേണ്ടതു് നമ്മുടെ രാജ്യത്തെ വ്യവസായങ്ങളും നിലനിറുത്തുന്നതിനും, അവയുടെ വളർച്ചയും ആവശ്യമായ ഇലക്ട്രിസിറ്റി ഉൽപാദിപ്പിക്കാൻ ശ്രമിക്കുകയാണു്. അതിനുവേണ്ടി ഇത്രകാലത്തിനുള്ളിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇത്ര ഇലക്ട്രിസിറ്റി കൊടുക്കാൻ സാധിക്കും എന്നു് അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ ഇവിടത്തെ പ്രോജക്റ്റുകളുടെ പ്രവർത്തനം മുന്നോട്ടു കൊണ്ടു പോകുകയും ചെയ്യണം, ഇതിൽ സാധാരണ ഇൻഡസ്ട്രിയൽ ഔട്ട്ലുക്കു് ഉണ്ടായിരിക്കണം. നമ്മുടെ പ്രോജക്റ്റുകളും ഏത്ര കാലഘട്ടത്തിനിടയ്ക്കു് തീർക്കാൻ സാധിക്കുമെന്നുള്ളതിനെപ്പറ്റി നോക്കി അതിനു തക്കവിധത്തിലുള്ള കാൺട്രാക്റ്റുകളും കൊടുക്കണം. ശ്രദ്ധാ അണാ പൈസയിൽ നോക്കാതെ ഇക്കാര്യത്തിൽ പ്രവർത്തിക്കേണ്ടതാണു്. പ്രോജക്റ്റുകളുടെ പ്രവർത്തനത്തിൽ വളരെ കാര്യമായി ഗവണ്മെന്റിൽനിന്നും ശ്രദ്ധ പതിപ്പിച്ചില്ലെങ്കിൽ കേരളത്തിൽ ഭാവിയിൽ വ്യവസായങ്ങളും തകരാൻ ഇടയാകും. അങ്ങനെ തകരാൻ ഇടയായാൽ അതിനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടിവരും. ഈ രാജ്യത്തിലെ വ്യവസായങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി ആവശ്യമായ വിദ്യുച്ഛക്തി ഉൽപാദനത്തിൽ ഗവണ്മെന്റിന്റെ സർവ്വവിധ കഴിവുകളും ഉപയോഗിക്കണമെന്നു് പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. ഗോപാലൻ : മാഡം, കേരള ഇലക്ട്രിസിറ്റി ബോഡിനെ സംബന്ധിച്ചു് പരാമർശം നടത്തുമ്പോൾ സമയമില്ലാത്തതുകൊണ്ടു് വളരെ ചുരുക്കിയേ എനിക്കു പറയുവാൻ സാധിക്കുകയുള്ളു എന്നുള്ളതു് വളരെ വിഷമമുള്ള ഒരു കാര്യമാണു്. അത്ര ദീർഘമായി അതേപ്പറ്റി വിമർശിക്കേണ്ടതായിട്ടുണ്ടു്. മാഡം, കാര്യക്ഷമതാകുറവു്, ദീർഘദർശിത്വമില്ലായ്മ, നിഷ്കർമ്മത്വം, പിശുക്കന്റെ ലാഭക്കൊതി ഇതെല്ലാംകൂടിയുള്ളതാണു് ഈ ഇലക്ട്രിസിറ്റിബോർഡു് എന്നു പറഞ്ഞാൽ അതിൽ തെറ്റുണ്ടെന്നു തോന്നുന്നില്ല. ഈ രാജ്യത്തു് ഇന്നുള്ള കുറവു് എന്താണു്? ആ കുറവു് ഇന്നിവിടത്തെ വികസനത്തിനു് തടസ്സമായി നിൽക്കുന്നു എന്നുള്ളതു് പരക്കെ സമ്മതിച്ചിട്ടുള്ള ഒരു കാര്യമാണു്. ഈ ഗവണ്മെന്റു് ഇവിടെ അധികാരത്തിൽവന്ന അവസരത്തിൽ, ഈ സഭാതലത്തിൽവച്ചു് വ്യവസായമന്ത്രിയും, അന്നത്തെ ഇലക്ട്രിസിറ്റി ബോർഡിന്റെ ചുമതല വഹിച്ചിരുന്ന മന്ത്രിയും പറയുകയുണ്ടായി, മലബാറിൽ ഇലക്ട്രിസിറ്റിയുടെ കുറവു് പരിഹരിക്കാൻ വേണ്ടി മൂന്നു കേന്ദ്രങ്ങളിൽ മൂന്നു തെർമൽ സ്റ്റേഷൻ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നു്. അതിനശേഷം ഒരു കൊല്ലം കഴിഞ്ഞപ്പോൾ ഈ സഭയിൽവച്ചു പറഞ്ഞു, കൂടുതൽ ചെലവു് ചെയ്തു തെർമൽ സ്റ്റേഷൻ ഉണ്ടാക്കുന്നതു് നഷ്ടമാണെന്നു്. നഷ്ടമാണെന്നു പറയുന്നതു് എങ്ങനെയാണെന്നു മനസ്സിലാകുന്നില്ല. വ്യവസായവികസനം പ്രാപിച്ചിട്ടുള്ള എല്ലാ പാശ്ചാത്യ രാജ്യങ്ങളിലും പ്രത്യേകിച്ചു് അമേരിക്കയിലെ എല്ലാ പട്ടണങ്ങളിലും ആവശ്യമായ തെർമൽ സ്റ്റേഷനുള്ള കാര്യം നാം വിസ്മരിക്കരുതു്. ഏതായാലും സമയമില്ലാത്തതുകൊണ്ടു് ഞാൻ ആ കാര്യത്തിലേക്കു് കടക്കുന്നില്ല. ഇന്നത്തെ സ്ഥിതി എന്താണു്? ഇന്നു ഇലക്ട്രിക്കു് സ്റ്റീമുകൊടുക്കുവേണ്ടി നീക്കിവച്ചതുക ചെലവു് ചെയ്യാൻ കഴിയാത്തവിധം ഈ സ്ഥാപനം നിഷ്കൃഷ്ടമണതത്വത്തിൽ എത്തിച്ചേർന്നിരിക്കുകയാണു്. ഇന്നു് ആദായമുണ്ടാക്കാൻ കാണുന്ന മാർഗ്ഗമെന്താണു്? ന്യായമായ പവ്വർ കൊടുത്തു് വാഗ്ദാനം ചെയ്ത വോൾട്ടേജു് കൊടുത്താണോ ഉപഭോക്താക്കളിൽനിന്നു് തുക വസൂൽ ചെയ്യുന്നതു്. കത്തുന്ന ബൾബുകളുടെ സ്ഥിതിതന്നെ ഇന്നു എന്താണു്? അതിനു പ്രകാശമുണ്ടോ? ഇപ്പോൾ അവർ ചെയ്യുന്നതു് മീറർചാർജു് എന്നുള്ള പേരിൽ കൂടുതൽ തുക ഈടാക്കുകയാണു്. മിനിമംചാർജു് കൊടുക്കുന്ന രണ്ടുരൂപാക്കാരൻ ഒരുരൂപകൂടി മീറർചാർജു് എന്നുള്ള പേരിൽകൂടുതൽ കൊടുക്കണമെന്നുള്ളതു് അധർമ്മമല്ലേ? ഇനി ഇലക്ട്രിസിറ്റി ബോർഡു് നഷ്ടപ്പെടുത്തുന്ന സാധനങ്ങളുടെ കാര്യത്തെക്കുറിച്ചു പറയുകയാണെങ്കിൽ എന്റെ നിയോജകമണ്ഡലത്തിലെ പല പ്രദേശങ്ങളിലും എത്രയോ രൂപയ്ക്കു വില വരുന്ന ഇലക്ട്രിസിറ്റി സാധനങ്ങളും മണ്ണിൽകിടന്നു ദ്രവിച്ചുപോകുന്നതായി കാണാം. അത്ര കാര്യക്ഷമതയില്ലാതെയാണു് ഈ ബോർഡു് കാര്യങ്ങളും കൈകാര്യം ചെയ്യുന്നതു്. ഈ ബോർഡിന്റെ മേൽ സർക്കാരിനു് അധികാരമില്ലാത്ത ഒരു നിസ്സഹായവസ്ഥ ഇന്നുണ്ടു്. എന്തുകൊണ്ടാണു് ഈ അധികാരങ്ങളും ബോർഡിനു് വിട്ടുകൊടുത്തതു്? ഇതിന്റെ പ്രവർത്തനങ്ങളും വളരെ കാര്യക്ഷമതയോടുകൂടി നടക്കണമെന്നു കരുതിയാണു് സകല അധികാരങ്ങളും ബോർഡിനു വിട്ടുകൊടുത്തതു്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. ഗോപാലൻ]

പക്ഷേ ബോർഡിന്റെ ഇന്നത്തെ സ്ഥിതി എന്താണു്? നമ്മുടെ അയൽ സംസ്ഥാനമായ മദ്രാസിലേക്കു് നാം നോക്കുക. അവിടെ കോടിക്കണക്കിനുള്ള രൂപാ ചെലവഴിച്ചു് തെർമൽ സ്റ്റേഷൻ സ്ഥാപിച്ചു് പ്രവർത്തിക്കുന്നുണ്ടു്. ആ തെർമൽ പ്ലാന്റിൽ നിന്നു ഉണ്ടാക്കിയ ഇലക്ട്രിസിറ്റിക്കുവേണ്ടി നാം ഇന്നു കൈ നീട്ടുകയാണു് ചെയ്യുന്നതു്. നമുക്കാണെങ്കിൽ ഇലക്ട്രിസിറ്റി ഉൽപ്പാദിപ്പിക്കുന്നതിനു് പ്രകൃതിദത്തമായിത്തന്നെ ധാരാളം സൗകര്യങ്ങളുണ്ടു്. പ്രകൃതിയിലുള്ള അനുഭവം ഉപയോഗിക്കാൻ കഴിയാതെ, ഹൈഡ്രോ ഇലക്ട്രിസിറ്റിക്കുള്ള റിസോഴ്സസു് ഉപയോഗപ്പെടുത്താതെ, കറിയാടി പദ്ധതിക്കു് അല്ലെങ്കിൽ മറ്റുപദ്ധതിക്കു് സാംഗ്ഷൻ കിട്ടിയില്ല, അതിനു ഇന്നു കുറവുണ്ടു്, അതിനു അലോട്ടുമെന്റു് കിട്ടിയില്ല എന്നൊക്കെ പറഞ്ഞു് ഞങ്ങളെ അന്ധകാരത്തിലാക്കുകയല്ല വേണ്ടതു്. ഞാൻ പറയുന്നതു് മലബാറിനെ സംബന്ധിച്ചാണു്. മലബാറിൽ വിദ്യുച്ഛക്തി ലഭിക്കുന്നതിനാവശ്യമായ നടപടി ഗവണ്മെന്റു് സ്വീകരിക്കണം. അവിടെ ലക്ഷക്കണക്കിനു് രൂപ ചെലവുചെയ്തു പണിതിട്ടുള്ള വ്യവസായശാലകൾ ഇന്നു ഇലക്ട്രിസിറ്റി ലഭിക്കാത്തതുകൊണ്ടു് ആരംഭിക്കാതിരിക്കുകയാണു്. കണ്ണൂർ കോവാപ്പറേറ്റീവു് സ്പിന്നിംഗ്മിൽ ഇന്നു പ്രവർത്തിക്കാതിരിക്കുകയാണു്. ഈ കാര്യം വ്യവസായമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടത്തിയാൽ പറയും ഇലക്ട്രിസിറ്റിയില്ല, എന്തു ചെയ്യാനാണു് എന്നു്. പിന്നെ ആക്കാണു് ഇതിന്റെ ഉത്തരവാദിത്വം എന്നു ഞാൻ ചോദിക്കുകയാണു്? ഈ രാജ്യത്തെ ഇലക്ട്രിസിറ്റിയുടെ വർദ്ധിച്ചുവരുന്ന ആവശ്യത്തെ മുൻനിറുത്തി ഇതിന്റെ ഉത്തരവാദിത്വം ഇലക്ട്രിസിറ്റി ബോർഡിനു് ഏറ്റെടുക്കണം. അതുകൊണ്ടു് ഇന്നുള്ള ഇലക്ട്രിസിറ്റി ബോർഡിനെ പിരിച്ചുവിട്ടു് പകരം കാര്യക്ഷമതയുള്ള ഒരാളിനെ വയ്ക്കാൻ സാധിക്കുന്നില്ലെങ്കിൽ ഞാൻ പറയുകയാണു്, ഗവണ്മെന്റു് കൈമലർത്തിയതുകൊണ്ടു് പ്രയോജനമില്ല എന്നു്. ഗവണ്മെന്റിനു് ഈ കാര്യത്തിൽ വളരെ ചുമതലയുണ്ടു്. ഈയിടെ സ്റ്റീൽ റോളിംഗ്മില്ലിന്റെ ഉൽഘാടനാവസരത്തിൽ വ്യവസായമന്ത്രി പറഞ്ഞു, ഇവിടത്തെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു് ധാരാളം വ്യവസായങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു, വ്യവസായശാലകൾക്കു് എളുപ്പം ഇലക്ട്രിസിറ്റി കൊടുക്കാനുള്ള ബാദ്ധ്യത ഗവണ്മെന്റിനുണ്ടു് എന്നു്. ആ ബാദ്ധ്യത നിറവേറ്റാനുള്ള പൂർണ്ണമായ ഉത്തരവാദിത്വം ഇന്നുള്ളതു് ഇലക്ട്രിസിറ്റി ബോർഡിനാണു്. ആ ബാദ്ധ്യത നിറവേറ്റാൻ കഴിയുന്നതും വേഗം വേണ്ട നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. വിശ്വംഭരൻ : മാഡം, ഇലക്ട്രിസിറ്റി ബോർഡിലെ എൻജിനീയർമാരുടേയും ബോഡിന്റെ കീഴിലുള്ള പ്രോജക്ടുകളിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാരുടേയും സാധാരണ തൊഴിലാളികളുടേയും കഴിവിനെ സംബന്ധിച്ചിടത്തോളം എനിക്കു് ആക്ഷേപമില്ല. പല പ്രോജക്ടുകളും സന്ദർശിച്ച പല വിദേശരാജ്യങ്ങളിലെ വിദഗ്ദ്ധന്മാരും ഇൻഡ്യയ്ക്കുള്ള ഡാകുർ കെ. എൽ. റാവുവിനെപ്പോലുള്ള വിദഗ്ദ്ധന്മാരുംനമ്മുടെ എൻജിനീയർമാരുടേയും ഉദ്യോഗസ്ഥന്മാരുടേയും തൊഴിലാളികളുടേയും കഴിവിനെ പ്രശംസിച്ചു പറഞ്ഞിട്ടുണ്ടു്. പക്ഷേ ഇത്രയൊക്കെ കഴിവുള്ള വിദഗ്ദ്ധന്മാരായ ആളുകൾ ഉണ്ടെയിരുന്നിട്ടും നമ്മുടെ സംസ്ഥാനത്തിന്റെ ആവശ്യത്തിനു മതിയാകുന്ന വിധത്തിൽ വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കാൻ സാധിക്കുന്നില്ലെങ്കിൽ അതൊരു ഗൗരവതരമായ തകരാറായി നാം പരിഗണിക്കേണ്ടതായിട്ടുണ്ടു്. എന്റെ അഭിപ്രായത്തിൽ ഈ വിദഗ്ദ്ധന്മാരുടെ വൈദഗ്ദ്ധ്യം ശരിക്കു പ്രകടിപ്പിക്കാതിരിക്കുകയും അല്ലെങ്കിൽ ചിലപ്പോൾ അവർക്കു് ഈ വൈദഗ്ദ്ധ്യം പ്രകടിപ്പിക്കുന്നതിനുള്ള സൗകര്യം കൊടുക്കാതിരിക്കുകയും മറ്റു ചിലപ്പോൾ അനാവശ്യമായ രംഗത്തു് പ്രകടിപ്പിക്കുകയും ചെയ്യുന്നതുകൊണ്ടാണു് ഈ കുഴപ്പങ്ങൾ ഉണ്ടാകുന്നതു്. അനാവശ്യമായ രംഗത്തു് വൈദഗ്ദ്ധ്യം പ്രകടിപ്പിക്കുന്നതിന്റെ ഉദാഹരണങ്ങൾ പലതും ഇവിടെ പറഞ്ഞുകഴിഞ്ഞു. കാൺട്രാക്റ്റു കൊടുക്കുന്നതിനും മറ്റും രാജ്യത്തിന്റെ പൊതു താല്പര്യത്തേക്കാൾ ചില ആളുകളെ പ്രീണിപ്പിക്കുന്നതിനു മുൻഗണന

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തുകൊണ്ട് പ്രവർത്തിക്കുന്നതുകൊണ്ടാണ് ഈ ആക്ഷേപം ഉണ്ടാകുന്നത്. പക്ഷേ ഞാൻ ഈ അവസരത്തിൽ ഇലക്ട്രിസിറ്റി ബോർഡിനെ മാത്രം കുറ്റപ്പെടുത്താൻ ആഗ്രഹിക്കുന്നില്ല. ഈ ഗവണ്മെന്റ് ഈ പ്രശ്നം ഗൗരവ പൂർവ്വം കൈകാര്യം ചെയ്തിട്ടില്ലെന്നാണ് എനിക്കു പറയുവാനുള്ളത്. ഈ സംസ്ഥാനത്തിന്റെ വിദൂരഭാവിയെ കണ്ടുകൊണ്ട് വ്യാവസായിക രംഗത്തിലും കാർഷികരംഗത്തിലും ഗാർഹികരംഗത്തിലും മറ്റു എല്ലാ രംഗങ്ങളിലും എത്ര വിദ്യുച്ഛക്തി ആവശ്യമായി വരുമെന്നുള്ളതു കണക്കിലെടുത്തുകൊണ്ട് അതിന്റെ അടിസ്ഥാനത്തിൽ ഉല്പാദനം ത്വരിത പ്പെടുത്തുന്നതിനുള്ള ഒരു പ്ലാൻ ഈ ബോഡ്നോ ഗവണ്മെൻറിനോ ഇല്ല. അങ്ങനെയൊരു പ്ലാൻ ഉണ്ടാക്കുന്നകാര്യത്തിൽ ഗവണ്മെൻറിനാണ് പ്രഥമമായ ഉത്തരവാദിത്വം എന്നാണ് എനിക്ക് പറയുവാനുള്ളത്. മൂന്നാം പഞ്ചവത്സരപദ്ധതിയുടെ ആലോചനാഘട്ടത്തിൽ പിലത്തെർമൽപ്ലാൻറ്സ് ഈ സംസ്ഥാനത്തു ആരംഭിക്കുന്നതിനുള്ള ആലോചന ഉണ്ടായിരുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. പിന്നീട് അതു നിറുത്തലാക്കി. അതു ആരുടെ ഉത്തരവാദിത്വത്തിൽപ്പെട്ടതാണെങ്കിലും പദ്ധതിയിൽനിന്നു കുറവു ചെയ്തതിന്റെ ഉത്തരവാദിത്വം ഗവണ്മെൻറിന്റെ മേൽ ചുമത്തുകയാണ്. എന്റെ അറിവു ശരിയാണെങ്കിൽ കേരളം ഒഴിച്ചു മറ്റു എല്ലാ സംസ്ഥാനങ്ങളിലും തെർമൽപ്ലാൻറ്സ് ഉണ്ട്. തെർമൽ പ്ലാൻറിൽ ഉൽപ്പാദിപ്പിക്കുന്ന വിദ്യുച്ഛക്തിക്കു അല്പം ചെലവു കൂടുമെങ്കിലും മുടക്കംകൂടാതെ നമ്മുടെ രാജ്യത്തെ വ്യാവസായികാവശ്യത്തിനും, കാർഷികാവശ്യത്തിനും, ഗാർഹികാവശ്യത്തിനും വിദ്യുച്ഛക്തി ലഭിക്കുമെന്നുള്ള അഡ്വാന്റേജ് ഉണ്ട്. അതുകൊണ്ട് ഈ അവസരത്തിൽ തെർമൽ പ്ലാൻറ്സ് സ്ഥാപിക്കുന്ന കാര്യം ഗവണ്മെൻറ കാര്യമായി പരിഗണിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്. നമ്മുടെ ആവശ്യത്തിന്റെ ആകെത്തുക ഗവണ്മെൻറും ബോർഡും കണക്കിലെടുക്കുന്നില്ലെന്നുള്ളതാണ് എന്റെ പ്രധാന പരാതി. പള്ളിവാസൽ പദ്ധതിയും ചെങ്കുളം പദ്ധതിയും പൂർത്തിയായിക്കഴിഞ്ഞാൽ ഇവിടെ വിദ്യുച്ഛക്തി മിച്ചമായിപ്പോകുമെന്നുള്ള ധാരണ ഇതിന്റെ ആളുകൾക്കുണ്ടായിരുന്നു. ശബരിഗിരി പൂർത്തിയായാലും മതിയാകുകയില്ല, കുറിയാടി പദ്ധതി പൂർത്തിയായാലും മതിയാകുകയില്ല എന്നുള്ള നിലയാണ് ഇന്നുള്ളതു. ഇന്നത്തെ ആവശ്യമല്ല, പത്തോ ഇരുപതോ കൊല്ലം കഴിയുമ്പോൾ വരുന്ന ആവശ്യത്തെ കണക്കിലെടുത്തുകൊണ്ട് നാം പദ്ധതികൾ തയ്യാറാക്കേണ്ടിയിരിക്കുന്ന ഈ അവസരത്തിൽ എനിക്കു ഒരു വാക്കു പറയുവാനുള്ളതു സതേൺ റീജിയൺ ഗ്രിഡ്-നെപ്പറ്റിയാണ്. അതേപ്പറ്റി ആലോചനകൾ നടക്കുന്നുണ്ട്. അതു ഒരു നല്ല കാര്യമാണ്. പക്ഷേ അതു ഗൗരവപൂർവ്വം കൈകാര്യം ചെയ്യണമെന്നു ഞാൻ ഈ ഗവണ്മെൻറിനോടു അഭ്യർത്ഥിക്കുന്നു. മദ്രാസ്സിലെ ഒരു മന്ത്രി ഇതിന്റെ ഫാർമേഷൻ അടുത്തുതന്നെ നടക്കുമെന്നു പറയുകയുണ്ടായി. കേരളത്തിലെ എല്ലാ ജല-വൈദ്യുതീകരണ പദ്ധതികളും പൂർത്തിയായിക്കഴിഞ്ഞാൽ വ്യവസായികളെ ഈ സംസ്ഥാനത്തേക്കു ആകർഷിക്കാനുള്ള ഏകമാർഗ്ഗം കുറഞ്ഞ വിലയ്ക്കു ഇലക്ട്രിസിറ്റി കൊടുക്കുക എന്നുള്ളതാണ്. ഒരു കാമൺ റേറ്റു വന്നു കഴിഞ്ഞാൽ, അങ്ങനെ കാമൺറേറ്റിനു കേരളത്തിലെ ഇലക്ട്രിസിറ്റി മൈസൂറിലും മദ്രാസിലും ലഭിക്കുമെന്നു വന്നുകഴിഞ്ഞാൽ വ്യവസായികളും അവിടെ വ്യവസായങ്ങളും തുടങ്ങാനാണ് കൂടുതലും ശ്രമിക്കുക. അതുകൊണ്ട് റേറ്റിനെ സംബന്ധിച്ചു ഒരു തീരുമാനം എടുക്കുമ്പോൾ വളരെ സൂക്ഷ്മിച്ചുവേണം അതു കൈകാര്യം ചെയ്യേണ്ടതു എന്നും നമുക്കു കുറഞ്ഞ വിലയ്ക്കു നമ്മുടെ സംസ്ഥാനത്തിൽ വിദ്യുച്ഛക്തി വിൽക്കുവാനുള്ള അവകാശം സംരക്ഷിച്ചുകൊണ്ടുവേണം ഗ്രിഡിൽ ചേരുവാനെന്നുമാണ് എനിക്കു ഇവിടെ പറയുവാനുള്ളതു.

അഴിമതിയുടെ കാര്യത്തിനെപ്പറ്റി ഇവിടെ പറയുകയുണ്ടായി. സമയദൗർല്ലഭ്യംകൊണ്ട് അതിന്റെകൂടെ ഒന്നുകൂടി ഞാൻ പറയാം. അന്നു സിമൻറു മോഷണം പോയ കാര്യമാണ്. 200 ടൺ സിമൻറു കൊണ്ടുവരുന്നതിനു റോഡു ട്രാൻസ്പോർട്ടു ഏജൻസിക്കു കാൺട്രാക്റ്റു കൊടുത്തു. എക്സിക്യൂട്ടീവു എൻജിനീയർ അതിനു പെർമിറ്റു ഇഷ്യു ചെയ്തുകഴിഞ്ഞതിനുശേഷം അതു കൊണ്ടുവരാതെ പിന്നെയും 200 ടൺ സിമൻറുകൂടി കൊണ്ടുവരുന്നതിനു. ആ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. വിശ്വംഭരൻ]

എക്സിക്യൂട്ടീവ് എൻജിനീയർ വീണ്ടും പെർമിറ്റു കൊടുത്തു. അതും കൊണ്ടു വന്നിട്ടില്ല. ആദ്യത്തെ 200 ടൺ സിമൻറു കിട്ടുന്നതിനു മുൻപു് ഇങ്ങനെ രണ്ടാമതു പെർമിറ്റു കൊടുത്തിട്ടുള്ളതിനെപ്പറ്റി അന്വേഷിക്കേണ്ടതായിട്ടുണ്ടു്. ആരോപണം പുറത്തുവരുന്ന അവസരത്തിൽ സിമൻറിന്റെ കൺട്രോൾ വിലയനുസരിച്ചു് അതിനു വില ഈടാക്കിയാൽ പോരാ. രണ്ടു മൂന്നു കൊല്ലം മുൻപു് റോഡ് ലൈസൻസ് കാർപ്പറേഷൻ എന്നുപറയുന്ന ഒരു സ്ഥാപനത്തിനു് ഇങ്ങനെ കുറേ സാധനങ്ങൾ കൊണ്ടുവരുന്നതിനു് കാൺട്രാക്റ്റു കൊടുത്തിട്ടു് ആ സാധനങ്ങൾ കൊണ്ടുവന്നില്ല എന്നുള്ള ആക്ഷേപം ഈ സഭാതലത്തിൽ വച്ചശേഷം ഒടുവിൽ എനിക്കു് കിട്ടിയ മറുപടി ഒരു കൊല്ലം കഴിഞ്ഞതിനു ശേഷം ആ സാധനങ്ങൾ റിപ്ലേയിസ് ചെയ്തു എന്നാണു്. അങ്ങനെ ഇതു വിട്ടുകളയരുതു്. ഇതിനു ഞാൻ ബോർഡിനെ മാത്രം കുറ്റപ്പെടുത്താൻ ആഗ്രഹിക്കുന്നില്ല. കാൺട്രാക്റ്റിന്റെയും മറ്റും കാര്യത്തിൽ ഗവണ്മെൻറിന്റെയും ഭരണകക്ഷി അംഗങ്ങളുടേയും സമ്മർദ്ദങ്ങൾ പലപ്പോഴും ഉണ്ടാകുന്നു എന്നുള്ള ആക്ഷേപം ഞാൻ ഉന്നയിക്കുന്നു. ഇങ്ങനെ കാൺട്രാക്റ്റു കൊടുക്കുന്നതിലും മറ്റും ഭരണകക്ഷി അംഗങ്ങൾ ഇടപെടുന്നു എന്നുള്ള വ്യക്തമായ അറിവു വച്ചുകൊണ്ടാണു് ഞാനിതു പറയുന്നതു്. അതുകൊണ്ടു് ബോർഡിനെമാത്രം ഞാൻ കുറ്റപ്പെടുത്തുന്നില്ല.

ഒരു കാര്യംകൂടി എനിക്കു് പറയുവാനുള്ളതു് അവിടത്തെ സ്റ്റാഫിനെ സംബന്ധിച്ചാണു്. എലക്ട്രിസിറ്റി ബോർഡിൽ വല്ലാത്ത ഒരു പ്രവണത വന്നിട്ടുണ്ടു്. അവിടത്തെ എൻജിനീയറിംഗ് വിഭാഗത്തെ പ്രോത്സാഹിപ്പിച്ചു കൊണ്ടു പോകുകയും അതേ സമയത്തു് മിനിസ്ട്രീരിയൽ വിഭാഗത്തെ അവഗണിക്കുകയുമാണു് ചെയ്യുന്നതു്. ഇതൊരു ഗവണ്മെൻറു ഡിപ്പാർട്ടുമെൻറായിരുന്നാൽ പോരാ ഒരു കമേഴ്സ്യൽ കൺസേൺ ആകണമെന്ന അടിസ്ഥാനത്തിലാണു് ബോർഡു് രൂപീകരിച്ചിട്ടുള്ളതു്. അങ്ങനെ രൂപീകരിക്കുന്ന അവസരത്തിൽ കമേഴ്സ്യൽ ആസ്പെക്ടിനു കൂടുതൽ പ്രാധാന്യം നൽകണം. അതു നൽകണമെന്നുണ്ടെങ്കിൽ മിനിസ്ട്രീരിയൽ സ്റ്റാഫിനെ സ്ട്രെങ്തൻ ചെയ്യേണ്ടതു് ആവശ്യമാണു്. പക്ഷേ നിർഭാഗ്യവശാൽ ബോർഡു് അതു ചെയ്യുന്നില്ല. റവന്യൂ ബിൽ എങ്ങനെ എഴുതണമെന്നു നിശ്ചയിക്കുന്നതിനു് ഒരു സ്പെഷ്യൽ ചീഫ് എൻജിനീയറെ 1500 രൂപ ശമ്പളത്തിൽ ഈ ബോർഡു് നിശ്ചയിക്കുകയുണ്ടായി. അതേയവസരത്തിൽ മിനിസ്ട്രീരിയൽ വിഭാഗത്തു് ഒരു അസിസ്റ്റൻറു സെക്രട്ടറിയെ വച്ചാൽ ഈ ജോലി ഭംഗിയായി ചെയ്യാൻ സാധിക്കും. അങ്ങനെ മിനിസ്ട്രീരിയൽ വിഭാഗത്തോടു് ഒരു അവഗണനാ മനോഭാവമാണു് ബോർഡു് കാട്ടുന്നതു്. ഇന്നലെത്തന്നെ അടിയന്തിരമായി ബോർഡു് ഒരു സെക്രട്ടറിയേറ്റു രൂപീകരിച്ചു. അതിന്റെ അവസാന തീരുമാനമെടുത്തു ഇന്നലെ അതിനുള്ള ആർഡർ ഇറക്കി ഇന്നു മുതൽ കുറേ ആളുകളെ അങ്ങോട്ടുമിങ്ങോട്ടും മാറ്റാനുള്ള നടപടികളും സ്വീകരിച്ചിരിക്കുകയാണു് ചെയ്യുന്നതെന്നു പറയുന്നു. ഇതിനെ കുറിച്ചൊക്കെ ഗവണ്മെൻറു് ഒന്നു ആലോചിക്കണം. ഈ വിധത്തിൽ മിനിസ്ട്രീരിയൽ വിഭാഗത്തോടു കാട്ടുന്ന അവഗണനാ പ്രവണത അവസാനിപ്പിക്കുന്ന കാര്യത്തിൽ ഗവണ്മെൻറു പ്രത്യേകം ശ്രദ്ധിക്കണം. ഇവിടെ നേരത്തേ പറഞ്ഞിട്ടുള്ളതുപോലെ അവർ ഗവണ്മെൻറു സർവ്വീസിൽനിന്നു് മാറ്റപ്പെട്ടവരാണു്. അവർക്കു മറ്റു ഗവണ്മെൻറു സർവ്വീസിലുള്ളവരെപ്പോലെയുള്ള ആനുകൂല്യങ്ങളെല്ലാം ലഭിക്കണം. ഈ വക കാര്യങ്ങളെല്ലാം പരിഗണിക്കണമെന്നു പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: മാഡം, കേരള ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനത്തിൽ വളരെയേറെ അഴിമതികളും നടക്കുന്നു എന്നു് ഈ നിയമസഭയിലെ പല മെമ്പറന്മാരും എടുത്തു പറയുകയുണ്ടായി. ഇതിനുമുമ്പു് ഇതേസംബന്ധിച്ചു് പല ആരോപണങ്ങളും പ്രത്യാരോപണങ്ങളും പത്രത്തിൽ വന്നിരുന്നു. ഇത്രയും വലിയ ഒരു സ്ഥാപനത്തിൽ തുടർച്ചയായി അഴിമതികളും നടക്കുന്നു എന്നറിയുമ്പോൾ ആ സ്ഥാപനത്തിലുള്ള നിരപരാധികളായ ഉദ്യോഗസ്ഥന്മാരുടെ

12 noon]

LIBRARY ARCHIVES Kerala Legislative Assembly

നിരപരാധിത്വം തെളിയിക്കാനെങ്കിലും ഇതിനെസംബന്ധിച്ച് ഒരന്വേഷണം നടത്തേണ്ടതു് വളരെ ആവശ്യമാണെന്നു ഞാൻ പറയുകയാണു്. മാഡം, ഇലക്ട്രിസിറ്റി ബോർഡിനെ സംബന്ധിച്ചിടത്തോളം ഈ ബോർഡു് ഒരു ഓട്ടോണമസ് ബോഡിയാണെന്നും ഈ ബോർഡിന്റെ പ്രവർത്തനങ്ങളിൽ ഇവിടത്തെ പൊതുജനങ്ങൾക്കും ഗവണ്മെന്റിനും യാതൊരു ബന്ധവുമില്ലെന്നും ധരിച്ചിട്ടുള്ള ചില ഉദ്യോഗസ്ഥന്മാർ ബോർഡിലുണ്ടു്. ഗവണ്മെന്റിന്റെ കൽപ്പനകളെപ്പോലും ധിക്കരിക്കാൻ പല ഉയർന്ന ഉദ്യോഗസ്ഥന്മാരും ബോർഡിൽ മുതിരുന്നതായി എനിക്കു് നേരിട്ടറിയാൻ സാധിച്ചിട്ടുണ്ടു്. ഉദാഹരണമായി എന്റെ അനുഭവത്തിൽനിന്നു് ഒരു കാര്യം എടുത്തുപറയാൻ ഞാനാഗ്രഹിക്കുകയാണു്. 1963–64–ൽ പത്തനംതിട്ടയിൽ ഒരു ആരക്കു് ഷാപ്പു് നടത്താൻ ഗവണ്മെന്റു് കാൺട്രാക്ടു കൊടുത്തു് ലേലം വയ്ക്കുകയുണ്ടായി. അതു് മൂഴിയാർ പ്രോജക്ടിന്റെ ഏരിയായിൽ ആയിരുന്നു. ആ ഏരിയായിൽ രണ്ടു സെന്റു ഭൂമി കാൺട്രാക്ടർ ആവശ്യപ്പെടുകയും ഗവണ്മെന്റു് രണ്ടു സെന്റു് ഭൂമി അതിനു കൊടുക്കണമെന്നു് കൽപ്പന പുറപ്പെടുവിക്കുകയും ഉണ്ടായി. ആ കൽപ്പനയുടെ അടിസ്ഥാനത്തിൽ കാൺട്രാക്ടർ ഒരു ഷെഡ്ഡു് പണിയുകയുണ്ടായി. എന്നാൽ ആ ഷെഡ്ഡു് പൊളിച്ചുകളയണമെന്നു പറഞ്ഞു് ചീഫ് ഇഞ്ചിനീയർ നിർദ്ദേശം കൊടുക്കുകയും ഗവണ്മെന്റു് ആഡ്റിനെ ധിക്കരിച്ചുകൊണ്ടു് ആ ഷെഡ്ഡു് പൊളിച്ചുകളയുകയുമുണ്ടായി. അഞ്ചു മാസക്കാലംപോലും ഷാപ്പു നടത്താൻ സാധിച്ചില്ല. തൻമൂലം ഈ ഗവണ്മെന്റിനു് 13,000 ഉറുപ്പിക നഷ്ടം വന്നിരിക്കുകയാണു്. അതിൽ കാൺട്രാക്ടർ ഗവണ്മെന്റിനോടു് നഷ്ടം ആവശ്യപ്പെടുകയും ഗവണ്മെന്റു് 13,000 രൂപ അനുവദിച്ചുകൊണ്ടു് കൽപ്പന പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ടു്. ഈ അടുത്ത ആണ്ടിലും ഇങ്ങനെ സംഭവിക്കാൻ പോവുകയാണു്. അവിടെത്തന്നെ വീണ്ടും ഷാപ്പു് ലേലത്തിനു വച്ചിരിക്കുകയാണു്. ഗവണ്മെന്റിനു് റവന്യൂ ഉണ്ടാക്കുന്ന കാര്യത്തിൽ നാമെല്ലാം വളരെ ശ്രദ്ധിക്കുന്നുണ്ടു്. ഷാപ്പിനു് രണ്ടു സെന്റു സ്ഥലം വേണമെന്നു് കാൺട്രാക്ടർ ആവശ്യപ്പെട്ടപ്പോൾ ഇലക്ട്രിസിറ്റി ബോർഡിന്റെ ചെയർമാൻ വളരെ അനുഭാവപൂർവ്വം മറുപടി പറഞ്ഞു് ഇക്കാര്യം കൈകാര്യം ചെയ്യാൻ പോകുന്ന എന്നറിഞ്ഞിട്ടു് ഇലക്ട്രിസിറ്റി ബോർഡു് ചീഫ് ഇഞ്ചിനീയർ അവിടെ സ്ഥലം കൊടുക്കാൻ പാടില്ലെന്നു് മുൻകൂട്ടി എക്സിക്യൂട്ടീവു് ഇഞ്ചിനീയക്കു് നിർദ്ദേശം കൊടുത്തതായി അറിയാൻ സാധിച്ചിട്ടുണ്ടു്. ഇങ്ങനെ ഇനിയും അബദ്ധം വരാൻ പോകുകയാണു്. ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനത്തിനുവേണ്ടി 1710 ലക്ഷം രൂപ ഗവണ്മെന്റു് കടമായി കൊടുക്കുകയാണു്. ഞാൻ ഈ ചീഫ് ഇഞ്ചിനീയരോടു് നേരിട്ടു സംസാരിച്ചു. ഗവണ്മെന്റിനു് റവന്യൂ ഉണ്ടാക്കുന്ന കാര്യത്തിൽ നിങ്ങൾ തടസ്സം ഉണ്ടാക്കരുതെന്നു പറഞ്ഞപ്പോൾ "ഞാൻ ഈ ആഫീസിൽ ഇരിക്കുന്നിടത്തോളംകാലം അവിടെ രണ്ടു സെന്റു് ഭൂമി കൊടുക്കുകയില്ലെ"ന്നാണു് പറഞ്ഞതു്. ഞാൻ പിന്നെ ചെയർമാനുമായി സംസാരിച്ചു. ചെയർമാൻ സ്ഥലം പരിശോധിച്ചു് വേണ്ട കാര്യങ്ങൾ ചെയ്യാമെന്നു സമ്മതിച്ചിരിക്കുകയാണു്. ഇതു് വളരെ കഷ്ടമാണു്. ഗവണ്മെന്റു് എത്തു് ഓർഡർ പുറപ്പെടുവിച്ചാലും അതിനെ ധിക്കരിക്കാൻ മുതിരുന്നതു് കഷ്ടമാണു്. ഇത്തരത്തിലുള്ള അനവധി പ്രവർത്തനം ബോർഡിന്റെ കീഴിൽ നടക്കുന്നു എന്നുള്ളതിനെ സംബന്ധിച്ചു് യാതൊരു തർക്കവുമില്ല. ഇതിനെ സംബന്ധിച്ചു് കുറ്റക്കാർ ആരാണെന്നു് ധിക്കാരമായി പെരുമാറുന്നതു് ആരാണെന്നു് ഈ രാജ്യത്തെ ജനങ്ങൾക്കു് അറിയേണ്ട ആവശ്യമുണ്ടു്. ഇതിനെപ്പറ്റി ഒരന്വേഷണം നടത്തേണ്ടതു് ഗവണ്മെന്റിന്റെ ധാർമ്മികമായ കടമയാണു്. ഇതുപോലെതന്നെ പല കേസ്സുകളും പറയാനുണ്ടു്. ഇലക്ട്രിസിറ്റി ബോർഡിന്റെ കീഴിൽ താനെതരം ജീവനക്കാരുണ്ടു്. ഇലക്ട്രിസിറ്റി ബോർഡിൽ വിദ്യുച്ഛക്തി ഉൽപ്പാദിപ്പിച്ചു് ഈ രാജ്യത്തു് സമ്പത്തു വർദ്ധിപ്പിക്കണമെന്നും ഈ രാജ്യത്തിന്റെ തൊഴിലില്ലായ്മ പരിഹരിക്കണമെന്നും ആഗ്രഹിക്കുന്ന തൊഴിലാളികൾ രാത്രിയും പകലും നിരന്തരം കഷ്ടപ്പെട്ടു പ്രവർത്തിക്കുകയാണു്. അവർ അവരുടെ എന്തെങ്കിലും ആവശ്യം ഉന്നയിച്ചുകൊണ്ടു് ഇലക്ട്രിസിറ്റി ബോർഡു കൈകാര്യം ചെയ്യുന്ന ചീഫ് ഇഞ്ചിനീയറെ കാണാൻ ചെന്നാൽ സമയം അനുവദിക്കാതിരിക്കുന്ന സമ്പ്രദായമുണ്ടു്. അവിടത്തെ എക്സിക്യൂട്ടീവു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കെ. ബാലകൃഷ്ണൻ]

എംപ്ലോയീസ് യൂണിയനും, വർക്ക് എസ്റ്റാബ്ലിഷ്മെൻറ് എംപ്ലോയീസ് യൂണിയനും ഔദ്യോഗികമായി എന്തെങ്കിലും കാര്യം പറയാൻ ചീഫ് ഇഞ്ചിനീയരുടെ അടുത്തു ചെന്നാൽ കേൾക്കാൻ സമയമില്ലെന്നും നിങ്ങളുടെ കാര്യത്തിൽ ഇപ്പോൾ ശ്രദ്ധിക്കാൻ നിവൃത്തിയില്ലെന്നുമാണ് അദ്ദേഹത്തിൻറെ വാദഗതി. ഞാൻ അതിൽ അത്ഭുതപ്പെട്ടുന്നില്ല. ഈ രാജ്യത്തു് കാട്ടാനകളോടും, കരിമൂലികളോടും മല്ലിടുന്ന ഈ രാജ്യത്തെ സേവിക്കുന്ന പാവപ്പെട്ട ജീവനക്കാരുടെ കാര്യത്തിൽ ഇലക്ട്രിസിറ്റി ബോർഡിലെ ഉദ്യോഗസ്ഥന്മാർ ഇത്തരത്തിലുള്ള മനോഭാവം കാണിക്കുന്നതേയുള്ളൂ എന്നു് ഞാൻ വിനയത്തോടുകൂടി പറയുകയാണു്. അവരെ സംബന്ധിച്ചിടത്തോളം പല പരാതികളും വന്നുകൊണ്ടിരിക്കുകയാണു്. വർക്ക് എസ്റ്റാബ്ലിഷ്മെൻറ് സ്റ്റാഫിനെ സംബന്ധിച്ചിടത്തോളം വളരെയധികം പരാതികളുണ്ടു്. ഇലക്ട്രിസിറ്റി ബോർഡു് ചെയർമാൻ ഇതിനെ സംബന്ധിച്ചു് വളരെ അനുഭാവത്തോടുകൂടി നടപടികളും സ്വീകരിക്കുന്നു എന്നും അറിയാം. ചെയർമാൻ അല്ലെങ്കിൽ ഇലക്ട്രിസിറ്റി ബോർഡെടുക്കുന്ന തീരുമാനം നടപ്പിലാക്കാൻ ബാദ്ധ്യസ്ഥരായ ഉദ്യോഗസ്ഥന്മാർ ആ തീരുമാനങ്ങളും നടപ്പിലാക്കാതെ കടലാസ്സുകളും മേശപ്പുറത്തു് വച്ചുപൂട്ടുന്ന സമ്പ്രദായമുണ്ടു്. ആറേഴു മാസങ്ങൾക്കു മുമ്പു് കല്പന പുറപ്പെടുവിച്ചാൽ അതും വെളിച്ചംകാണാതെകിടക്കുന്നുണ്ടു്. ഇങ്ങനെയുള്ളസ്ഥിതിമാറണം. ഈ രാജ്യത്തിൻറെ സമ്പദ്വ്യവസ്ഥ ഭദ്രമാക്കുന്നതിനുവേണ്ടി ഈ രാജ്യത്തെ ഇലക്ട്രിസിറ്റി ബോർഡുപോലുള്ള സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥന്മാർ വളരെ കാര്യക്ഷമമായി പ്രവർത്തിക്കാത്തതു് വളരെ വിഷമമാണെന്നു മാത്രമേ ഞാൻ ഇപ്പോൾ പറയുന്നുള്ളൂ. ഈ എക്സിക്യൂട്ടീവു് എംപ്ലോയീസ് യൂണിയനിലും വർക്ക് എസ്റ്റാബ്ലിഷ്മെൻറ് സ്റ്റാഫിലും ജോലിചെയ്യുന്ന ആളുകളും ഇന്നു് യോഗത്തോടുകൂടി കഴിഞ്ഞുകൂടുകയാണു്. അവിടെയുള്ള നിയമനം കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖേനയാണു് നടത്താൻ പോകുന്നതെന്നറിയുമ്പോൾ അവർ ഇത്രയും കാലം ഇലക്ട്രിസിറ്റി ബോർഡിനെ സേവിച്ചതിൻറെ സ്ഥിതി എന്താണെന്നുള്ളതിനു് ആശങ്കയുണ്ടു്. അവരെ സംബന്ധിച്ചിടത്തോളം ഒരാശങ്കയും വകനൽകാത്ത വിധത്തിൽ അവരുടെ സർവ്വീസിനു് യാതൊരു കോട്ടവുംതട്ടാത്ത വിധത്തിൽ അവർക്കു് ഭാവിയിൽ ന്യായമായി ലഭിക്കാനുള്ള പ്രമോഷനും മറ്റാനുകൂല്യങ്ങളും ലഭിക്കുന്നതിനും അവർക്കു് ആവശ്യമായ പരിരക്ഷകളും നൽകുന്നതിനും ബോർഡും അതോടൊപ്പംതന്നെ ഗവണ്മെൻറും പ്രത്യേകം ശ്രദ്ധ പതിപ്പിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണു്. ഇലക്ട്രിസിറ്റി ബോർഡിൻറെ പ്രവർത്തനത്തെ സംബന്ധിച്ചു് അതിലെ ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചു് പരാമർശിച്ചതിൽ എനിക്കു ഖേദമുണ്ടു്. സ്വന്തം അനുഭവത്തിൽ നിന്നും പറഞ്ഞുപോയതാണു്. ഈ സ്ഥിതിയൊന്നുമാറ്റി ഈ രീതിയിൽ സാമ്പത്തികമായ വരുമാനമുണ്ടാക്കുന്നതിൽ ഇലക്ട്രിസിറ്റി ബോർഡിലെ ഉദ്യോഗസ്ഥന്മാർക്കും പങ്കുണ്ടെന്നസ്ഥിതി വരുത്തി ഗവണ്മെൻറും ഇലക്ട്രിസിറ്റി ബോർഡും ഈ രാജ്യത്തെ ജനങ്ങളും ഒന്നായി പ്രവർത്തിക്കണമെന്നുള്ള കാര്യം വളരെ വിനയത്തോടുകൂടി എനിക്കു് പറയാനുണ്ടു്. സർ, ഞാൻ ആദ്യം പറഞ്ഞ കാര്യം ഒരിക്കൽ കൂടി പറയാൻ ആഗ്രഹിക്കുകയാണു്. ഇലക്ട്രിസിറ്റി ബോർഡു ഉദ്യോഗസ്ഥന്മാർ ഇന്നു് അഴിമതിക്കു വിധേയരായി കഴിയുകയാണു്. ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ പല ആളുകളും ഇതിൽ നിരപരാധികളാണെന്നറിയാം. അതുകൊണ്ടു് നിരപരാധികളായവരുടെ നിരപരാധിത്വം തെളിയിക്കാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിൽനിന്നും എൻറെ സ്നേഹിതന്മാർ ശ്രീ. വിശ്വംഭരനും, രവീന്ദ്രനും പറഞ്ഞതുപോലെ ഒരു അന്വേഷണം നടത്തുന്നതിനു വേണ്ട നടപടികളും സ്വീകരിക്കണമെന്നു് വിനയത്തോടുകൂടി അഭ്യർത്ഥിച്ചുകൊണ്ടു് എൻറെ വാക്കുകളും അവസാനിപ്പിക്കുന്നു.

[Mr. Speaker in the Chair]

ശ്രീ. ആർ. ശങ്കർ : സർ, ഇവിടെ നടന്ന വാദപ്രതിവാദം ഈ സംസ്ഥാനത്തു് കാര്യക്ഷമമായ രീതിയിൽ ഇലക്ട്രിസിറ്റി ഉല്പാദിപ്പിക്കുന്ന കാര്യം എത്രകണ്ടു് ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നുള്ള നിലകാണിക്കുന്നു. ഈ സംസ്ഥാനത്തു് ആവശ്യമുള്ളിടത്തോളം ഇലക്ട്രിസിറ്റി ഇന്നു ലഭിക്കുന്നില്ല എന്നുള്ളതു് നമുക്കൊക്കെ വളരെ വേദനയുണ്ടാക്കുന്ന ഒരു

LIBRARY ARCHIVES Kerala Legislative Assembly

കാര്യമാണു്. ഇതിൽ ആരെയെങ്കിലും കുറ്റം പറഞ്ഞിട്ട് കാര്യമില്ല. നേരത്തെ വേണ്ടതുപോലെ ആലോചിച്ചു് വേണ്ടസമയത്തു് ചെയ്യേണ്ട കാര്യങ്ങളെല്ലാം ചെയ്തിരുന്നുവെങ്കിൽ ഇന്നു് ഇങ്ങനെയുള്ള ഒരു ബുദ്ധിമുട്ടിൽ നാം എത്തിച്ചേരുകയില്ല എന്നുള്ളതു് പരമാർത്ഥമാണു്. ഇപ്പോഴും നമ്മുടെ സംസ്ഥാനത്തെ ജനങ്ങളെല്ലാം ഉറ്റുനോക്കുന്നതു് ഈ സംസ്ഥാനത്തിന്റെ പുരോഗതിയെ സഹായിക്കുന്ന വ്യവസായങ്ങളും വേണ്ടിടത്തോളം ഉണ്ടാവുക എന്നുള്ളതിനെയാണു്. ഈ സംസ്ഥാനത്തു് വളരെയേറെ ജനപ്പെരുപ്പമുണ്ടു്, തൊഴിലില്ലായ്മ വളരെയുണ്ടു്. സാമ്പത്തികമായ നില പൊതുവിൽ പിന്നാക്കമാണു്. ആ നിലയിൽ സംസ്ഥാനത്തു് അഭിവൃദ്ധി ഉണ്ടാകണമെന്നുവരികിൽ മുഖ്യമായും വ്യവസായരംഗത്തു് വളരെയേറെ പുരോഗതി ഉണ്ടായേമതിയാവൂ. കാർഷികരംഗത്തു് ഉണ്ടായികൊണ്ടിരിക്കുന്ന പുരോഗതിതന്നെ കുറെക്കൂടി പ്രോൽസാഹിപ്പിച്ചു് ആസന്നമായ ഭാവിയിലെങ്കിലും വ്യവസായത്തിൽ വളരെയേറെ പ്രയോജനം വരുത്താൻ നമുക്കു് കഴിയുന്നില്ലെങ്കിൽ മൊത്തത്തിൽ ഈ സംസ്ഥാനത്തെ പ്രതിനിധീകരിക്കുന്ന പ്രശ്നങ്ങൾക്കു് പരിഹാരം ഉണ്ടാക്കുന്ന കാര്യത്തിൽ നാം പരാജയപ്പെട്ടുമെന്നുള്ളതു് തീർച്ചയാണു്. കാർഷിക രംഗത്തുപോലും കൂടുതൽ പുരോഗതി ഉണ്ടാക്കണമെങ്കിൽ നാം വളരെയേറെ ഇലക്ട്രിസിറ്റിയെ ആശ്രയിച്ചേ മതിയാവൂ. കടുംകൃഷി നടത്തി ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്നുള്ളതാണു് ആ രംഗത്തെ പ്രവർത്തനത്തിനു് ഏറ്റവും മുഖ്യമായിട്ടുള്ളതു്. അതിനു് മറ്റു പല ഘടകങ്ങളുണ്ടെങ്കിലും ഏറ്റവും പ്രധാനപ്പെട്ട ഒരു ഘടകം ജലസേചനസൗകര്യങ്ങളും വർദ്ധിപ്പിക്കുക എന്നുള്ളതാണു്. ജലസേചന സൗകര്യത്തിനുപുറമെ നമ്മുടെ സംസ്ഥാനത്തിൽ പല സ്ഥലങ്ങളിലും ഭൂമിയുടെ കിടപ്പുകൊണ്ടു് ലിഫ്റ്റു് ഇറിഗേഷൻ വളരെ വലിയ തോതിൽ ഉണ്ടാകുന്നതായിട്ടാണു് കാണുന്നതു്. ലിഫ്റ്റു് ഇറിഗേഷനു് ആവശ്യമുള്ള സ്ഥലം ഇപ്രകാരം കൊടുക്കുന്നതിനും കുട്ടനാടൻ പ്രദേശങ്ങളും പോലുള്ള പ്രദേശങ്ങളിൽ നിന്നു് വെള്ളം പമ്പുചെയ്തു് പുറത്തുകളയുന്നതിനും ഇന്നു ഉപയോഗിക്കുന്നതിനെക്കാളും വളരെകൂടുതൽ ഇലക്ട്രിസിറ്റി ഉപയോഗിക്കാൻ നമുക്കു കഴിയും. അതുപോലെതന്നെ വ്യവസായരംഗത്തു് ഇന്നു് ഇലക്ട്രിസിറ്റി ആവശ്യം പോലെ ഇല്ലാത്തതുകൊണ്ടു് വളരെയേറെ തകരാറുകളും ഉണ്ടാവുന്നു. ഉള്ള വ്യവസായങ്ങളുതന്നെ മുഴുവൻ ശക്തിയും ഉപയോഗിച്ചു് ഉൽപ്പാദനം നടത്താൻ കഴിയാതിരിക്കുകയാണു്. മുൻആണ്ടിൽതന്നെ വേനൽക്കാലത്തു് ഇലക്ട്രിസിറ്റി കട്ടു് വർദ്ധിച്ചിരുന്നതായിട്ടാണു് കണ്ടുവന്നിരുന്നതു്. അതുമാത്രമല്ല പുതുതായി ആരംഭിക്കേണ്ട പല വ്യവസായങ്ങൾക്കും ആവശ്യത്തിനു കൊടുക്കാൻ വയ്യാത്ത വിഷമവും ഉണ്ടു്. ഈ സ്ഥിതിയിൽ നിശ്ചയമായും ഇലക്ട്രിസിറ്റിയുടെ ഉൽപ്പാദനം ഏറ്റവും വേഗത്തിൽ പ്ലാൻ അനുസരിച്ചു് മുന്നോട്ടു കൊണ്ടുപോകാൻ നമുക്കു് സാധിക്കണം. ഇലക്ട്രിസിറ്റി ബോർഡു് ഉണ്ടാക്കിയതു് അതിനു് സഹായകമായിരിക്കുന്നതിനവേണ്ടിയാണു്. ബോർഡിന്റെ പ്രവർത്തനത്തെപ്പറ്റി വളരെയേറെ ആക്ഷേപങ്ങളും പറഞ്ഞുകേട്ടു. അതു വിപുലമായ നിർദ്ദേശം കാര്യമായി പറഞ്ഞില്ലെങ്കിലും കുറെങ്ങളും പലതും എടുത്തുപറയുകയുണ്ടായി. ഈ കുറെങ്ങളും ഉണ്ടാകുന്നതിനു് ഇടയാക്കിയ സാഹചര്യങ്ങളെപ്പറ്റി ജനങ്ങളും വേണ്ടിടത്തോളം വിവരങ്ങളും ഇല്ല. ബോർഡിന്റെ പ്രവർത്തനങ്ങളും യഥാർത്ഥത്തിൽ എങ്ങനെയാണെന്നു് കേട്ടുകേൾവികൊണ്ടുമാത്രം അറിയുകയല്ലാതെ നേരിട്ടറിയാൻ നിർവാഹമില്ലാത്തതുകൊണ്ടു് നിയമസഭാസാമാജികന്മാർക്കുപോലും വളരെയേറെ തെറ്റിദ്ധാരണകളുണ്ടു്. ബോർഡിൽ നടക്കുന്നതെല്ലാം ശരിയാണെന്നു പറയാൻ വേണ്ടിയിട്ടു് ഇങ്ങനെ പറയുകയല്ല. എതായാലും വേണ്ടവണ്ണം ആളുകളും വിവരങ്ങളും അറിയുന്നില്ല, അതുകൊണ്ടു് തെറ്റിദ്ധാരണകളും വളരെ ഉണ്ടു് എന്നുള്ളതു് ഒരു വസ്തുതയാണു്.

ശ്രീ. എം. നാരായണക്കുറുപ്പു് : കൂടുതൽ പരിചയമുള്ള നിയമസഭാ സാമാജികന്മാരടങ്ങിയ ഒരു കമ്മിറ്റിയെ ഈ ബോർഡുമായി ബന്ധപ്പെടുത്താൻ ആലോചിക്കുമോ ?

ശ്രീ. ആർ. ശങ്കർ : ആലോചിച്ചു. ഞാൻ ഇപ്പോഴും എന്തെങ്കിലും പരിഹാരം നിർദ്ദേശിക്കുന്നില്ല. എന്നിരുന്നാലും എന്തെങ്കിലും ചെയ്യേണ്ടതു് ആവശ്യമാണെന്നു തോന്നുന്നു. ഇലക്ട്രിസിറ്റി ബോർഡിനെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. ശങ്കർ]

പുറമെ ചില വസ്തുതകളും എല്ലാവരും ഓർത്തിരിക്കുന്നതു് നന്നായിരിക്കും. ഇലക്ട്രിസിറ്റി ബോർഡു് 1963 മാർച്ചുമാസം അവസാനംവരെ 55 കോടി രൂപയോളം സ്ത്രീധനമായി മാറിയിട്ടുണ്ടു്.

1962–1963 വർഷത്തിൽ എലക്ട്രിസിറ്റി ബോർഡിന്റെ ഗ്രോസ്സു് വരുമാനം 4 കോടി രൂപയായിരുന്നു. അടുത്തകൊല്ലം, അതായതു് ഇന്നലെ അവസാനിച്ചവർഷത്തിൽ വരുമാനം അരക്കോടി കൂടി കൂടി. അതായതു്, 4,46,00,000 ആയി. വരുന്ന വർഷത്തിൽ 4,95,00,000 ആയിരിക്കുമെന്നാണു് പ്രതീക്ഷിക്കുന്നതു്. അങ്ങനെ നോക്കുമ്പോൾ ഈ ബോർഡു് വളരെ വ്യാപ്തിയുള്ള പ്രവർത്തനങ്ങളാണു നടത്തിവരുന്നതെന്നു് നമുക്കു് ഏറെക്കുറെ മനസ്സിലാക്കാം. ഇവിടെ ഉണ്ടായ ആക്ഷേപങ്ങളുടെ സ്വഭാവം, അനാവശ്യമായ ചെലവുകളും വളരെ ഉണ്ടായിട്ടുണ്ടെന്നുള്ളതരത്തിലാണു്. പണം സൂക്ഷിച്ചു ചെലവാക്കുന്നതിൽ ബോർഡിനു് പ്രത്യേക കരുതൽ ഇല്ലെന്നു പലരും ധരിച്ചുവച്ചിരിക്കുന്നതായി തോന്നുന്നു. വല്ല പ്രത്യേകമായ കാര്യവും എടുത്താൽ അങ്ങനെവല്ലതും ആക്ഷേപം പറയാൻകഴിയുമെങ്കിലും, ബോർഡിന്റെ പ്രവർത്തനം മൊത്തത്തിൽ പരിശോധിച്ചാൽ, അതു ശരിയല്ലെന്നു കാണിക്കുന്നതായ കണക്കുകളാണുള്ളതെന്നു് പറഞ്ഞുകൊള്ളട്ടെ. ഈ സംസ്ഥാനത്തു് എലക്ട്രിസിറ്റിബോർഡു് മൊത്തത്തിൽ ആപ്പറേറ്റിംഗ് എക്സ്പെൻസിലേക്കു വിനിയോഗിക്കുന്നതിന്റെ കണക്കു ഞാൻ പറയാം. 1962–1963–ൽ റെവന്യൂവിന്റെ 43 ശതമാനമായിരുന്നു. 1963–1964–ൽ അതു 46 ശതമാനമായി വർദ്ധിച്ചു. എന്നാൽ വരുംകൊല്ലം വീണ്ടും അതു കുറച്ചു് 43 ശതമാനത്തിൽ നിറുത്താൻ സാധിക്കുമെന്നാണു ബോർഡു പ്രതീക്ഷിക്കുന്നതു്. ആ അടിസ്ഥാനത്തിലുള്ള കണക്കുകളാണു നമ്മുടെ മുമ്പിലുള്ളതു്. ഈ അവസരത്തിൽ വേറെ ചില സംസ്ഥാനങ്ങളിലുള്ള ചെലവുകൂടി മനസ്സിലാക്കുന്നതു നല്ലതാണു്. മദ്രാസിൽ ഗ്രോസ്സു് റെവന്യൂവിന്റെ 57 ശതമാനം ആപ്പറേറ്റിംഗ് എക്സ്പെൻസായി ഉപയോഗിക്കുന്നുണ്ടെന്നുള്ള കണക്കാണു കിട്ടിയിട്ടുള്ളതു്. ബോംബേയിൽ അതിലുംകൂടുതലാണു്. 70 ശതമാനം എത്തുന്നു എന്നു കാണുന്നു. അപ്പോൾ മറ്റു സംസ്ഥാനങ്ങളോടു താരതമ്യപ്പെടുത്തിനോക്കിയാൽ ഇവിടത്തെ ചെലവു അധികമാണെന്നു പറയുക സാദ്ധ്യമല്ലെന്നുമാത്രമല്ല, ഒരു പക്ഷേ മിക്ക സംസ്ഥാനങ്ങളേയും അപേക്ഷിച്ചു് പരിമിതവുമാണു്.

ശ്രീ. ഈ. പി. ഗോപാലൻ : ഈ കാര്യത്തിൽ ആപേക്ഷികമായ പ്രാധാന്യം വിട്ടാൽ, 46 ശതമാനം ചെലവേ വരുന്നുള്ള എന്നുള്ളതുകൊണ്ടു് അതിൽ വേസ്റ്റു് ഇല്ലെന്നുവരുന്നില്ലല്ലൊ ?

ശ്രീ. ആർ. ശങ്കർ : ഇതിനകത്തും വേസ്റ്റുണ്ടായി എന്നുവരാം. എങ്കിലും, സാധാരണനിലയിൽ നോക്കിയാൽ, ഇവിടെ പ്രത്യേകിച്ചു് കാര്യക്ഷമതയില്ലായ്മയുണ്ടെന്നു കാണാൻകഴിയുകയില്ല. ഞാൻ മൊത്തത്തിലുള്ള കണക്കുകൾ പറഞ്ഞതാണു്. എലക്ട്രിസിറ്റിബോർഡു് ഗവണ്മെന്റു് മുടക്കിയിട്ടുള്ള തുകയ്ക്കു് നാലരശതമാനം പലിശ തരുന്നുണ്ടു്. ഏകദേശം വരുമാനത്തിന്റെ 50 ശതമാനം പലിശയ്ക്കു് മാറി വയ്ക്കേണ്ടിവരും. 57–ന ശേഷമുള്ള ലോണിനു് 5 ശതമാനം പലിശ കൊടുക്കേണ്ടിവരും. 50 ശതമാനത്തോളം പലിശയായി മാത്രം മാറിവയ്ക്കേണ്ടിവരികയും ആപ്പറേഷൻ ചെലവുകൾക്കു് 45,46 ശതമാനം വേണ്ടിവരികയുംചെയ്താൽ പിന്നീടുള്ള മാർജിൻ താരതമ്യേന കുറവായിരിക്കുമെന്നുള്ളതിനു സംശയമില്ല. ഒരുകാര്യം എലക്ട്രിസിറ്റിബോർഡിലെ അംഗങ്ങളും നിയമസാമാംഗങ്ങളും പൊതുജനങ്ങളും അറിഞ്ഞിരിക്കേണ്ടതാണു്. ഈ ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനു് മുഖ്യമായി ഏറ്റവും ചെലവുകുറച്ചു്, ഏറ്റവും അധികം എലക്ട്രിസിറ്റി ഉൽപ്പാദിപ്പിക്കാൻ നമുക്കു കഴിയണം. ഇന്നു് ഒരുതരത്തിൽ അതു പോകുന്നു എന്നിരുന്നാലും ഒരുപക്ഷേ ചെലവു് ഇതിനേക്കാൾ കുറയ്ക്കാൻ സാധിച്ചേക്കും. ഉൽപാദനച്ചെലവുതന്നെ ഒരുപക്ഷേ കുറച്ചു

LIBRARY ARCHIVES Kerala Legislative Assembly

കുറയ്ക്കാൻ കഴിഞ്ഞേക്കും, അതിനു മാർഗ്ഗമുണ്ടോയെന്നു നാം ആലോചിച്ചേ മതിയാകൂ. പൊതുജനങ്ങളും ഏലക്ടിസിറിക്കു കൊടുക്കേണ്ടിവരുന്ന റേറ്റു് അനുസരിച്ചു് അഭിപ്രായങ്ങളും രൂപീകരിക്കും. അവർ കഴിഞ്ഞ കൊല്ലം എന്റെ കൊടുത്തു, ഇപ്പോൾ എന്തു വ്യത്യാസമുണ്ടായി എന്നുമാത്രമേ നോക്കേയുള്ളൂ. ഏലക്ടിസിറിറി ഉൽപാദനച്ചെലവു് വർദ്ധിച്ചകാര്യം അവർ അറിഞ്ഞു എന്നു വരികയില്ല. എന്നാൽ, എല്ലാ കാര്യങ്ങളും പരിശോധിക്കേണ്ട നിയമസഭയിലെ അംഗങ്ങളും ഈ കാര്യങ്ങളും മനസ്സിലാക്കി താരതമ്യേന നമ്മുടെ ആളുകൾ ഏലക്ടിസിറിറിക്കു് കൂടുതൽ വില കൊടുക്കേണ്ടിവരുന്നുണ്ടോയെന്നു പരിശോധിക്കണം. ഇൻഡ്യയിലുള്ള മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ചു് ഇവിടത്തെ റേറ്റു് ഇന്നും കുറവാണു്. ഇവിടെ പലരും റേറ്റു കൂടി എന്നു പറഞ്ഞ റേറ്റു വന്നശേഷവും ഇവിടത്തെ റേറ്റു് താരതമ്യേന കുറവാണു്. ഇനി ഇതിനേക്കാളും കുറഞ്ഞ റേറ്റിൽ പൗവ്വർ കൊടുക്കാൻ സാധിക്കുമോയെന്നു സംശയമാണു്. ഫുൾ ഏലക്ടിഫിക്കേഷനു 10 ശതമാനം റിട്ടേൺ എന്നുള്ളതു് 6 ശതമാനമാക്കണമെന്നുള്ള നിർദ്ദേശം ഇവിടെ നേരത്തെതന്നെ വന്നിട്ടുള്ളതാണു്. ഫുൾ ഏലക്ടിഫിക്കേഷൻ 18 ശതമാനം റിട്ടേൺ കിട്ടുമെങ്കിൽ മാത്രമെ നഷ്ടമില്ലാതെ വികസിപ്പിക്കാൻ ഒക്കുകയുള്ളൂ. എന്നാൽ ഫുൾ ഏലക്ടിഫിക്കേഷൻ രാജ്യത്തിന്റെ പുരോഗതിക്കു ഒഴിച്ചുകൂടാൻ പാടില്ലാത്തതാണു് എന്നുള്ളതാണു് ഗവണ്മെന്റിന്റെ അംഗീകൃതനയം. അതുകൊണ്ടു് നഷ്ടം സഹിക്കേണ്ടിവന്നാലും, വരുമാനം കുറഞ്ഞ സ്ഥലങ്ങളിൽപോലും വ്യാപിപ്പിക്കണമെന്നു കരുതിയാണു് 18 ശതമാനം കിട്ടേണ്ട സ്ഥലത്തു് 10 ശതമാനം കിട്ടിയാലും മതിയെന്നു വച്ചതു്. ഇപ്പോൾ അതു് 6 ആയി കുറയ്ക്കണമെന്നു പറയുന്നു. അതുമും നഷ്ടപ്പെടാനുള്ള കഴിവുണ്ടെങ്കിൽ കുറച്ചാൽ തരക്കേടില്ലെന്നു് അഭിപ്രായമുണ്ടു്. പക്ഷേ അതു സാധിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഒരാൾ എതു ഏലക്ടിസിറിറി ഉപയോഗിക്കുന്നു എന്നുള്ളതു് ഒരു രാജ്യത്തിന്റെ വികസനത്തെ സംബന്ധിച്ചിടത്തോളം ഒരു മാനദണ്ഡമാണു്. അതു് ഇവിടെ ശ്രീ. വിശ്വനാഥനാണെന്നതോന്നുന്നു എടുത്തു പറഞ്ഞു. ഒരാളിനു് 7 യൂണിറ്റു് എന്നുപറഞ്ഞ കണക്കു ശരിയല്ല. രണ്ടാം പഞ്ചവത്സരപദ്ധതിയുടെ അവസാനത്തിൽതന്നെ ഇവിടത്തെ പെർക്യാപ്പിറിറ്റാ കൺസംപ്ഷൻ 30 യൂണിറിറായിരുന്നു. ഇപ്പോൾ അതു് ഏകദേശം 35 യൂണിറ്റു് ആയിട്ടുണ്ടു്. ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ചു് കൂടുതലാണെന്നു പറയാൻ കഴിയും. ഇപ്പോൾ ഏലക്ടിസിറിറിയുടെ പ്രൊഡക്ഷൻ വർദ്ധിച്ചുകൊണ്ടിരിക്കുകയാണു്. ഇവിടെ പറയുകയുണ്ടായി, നാം ഉദ്ദേശിച്ച ടാർജറിൽ എത്തിയിട്ടില്ലെന്നു്. രണ്ടാം പഞ്ചവത്സരപദ്ധതിയുടെ അവസാനത്തിൽ രണ്ടരലക്ഷം കിലോവാട്സുണ്ടാക്കേണ്ടതായിരുന്നു. എന്നാൽ ഒന്നരലക്ഷംതന്നെ കഷ്ടിച്ചേ ഉണ്ടാക്കിയിട്ടുള്ളൂ. ഇപ്പോൾ അതു രണ്ടുലക്ഷത്തിനടുത്തായിട്ടുണ്ടു്. ഉടൻതന്നെ അതു രണ്ടരലക്ഷമായി വർദ്ധിക്കും. ഈ പദ്ധതിയുടെ അവസാനത്തിൽ കാര്യമായ പുരോഗതി ഉണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു. 1965 ഡിസംബറിൽ പമ്പാ പദ്ധതിയിൽനിന്നും ഏക്ടിസിറിറി ഉൽപാദിപ്പിക്കാൻ സാധിക്കുമെന്നാണു ഇപ്പോൾ വിചാരിക്കുന്നതു്. അതിൽനിന്നും ആദ്യത്തെഘട്ടത്തിൽ 3 ലക്ഷം കിലോവാട്സും, രണ്ടാമത്തെ ഘട്ടത്തിൽ, 1 ലക്ഷം കിലോവാട്സുകൂടി കിട്ടുമെന്നാണു പ്രതീക്ഷ. ഇടുക്കി പദ്ധതിയുടെ പ്രാരംഭ പ്രവർത്തനമെ ആരംഭിച്ചിട്ടുള്ളൂ എങ്കിലും 4-ാം പദ്ധതിക്കാലത്തു് അതു പൂർത്തിയാകും. ആദ്യഘട്ടത്തിൽ 6 ലക്ഷം കിലോവാട്സു കിട്ടും. പിന്നീടു്, എട്ടുപത്തുലക്ഷം കിലോവാട്സു ഉൽപാദിപ്പിക്കാൻ കഴിയും. ഏതായിരുന്നാലും 4-ാം പദ്ധതിയുടെ അവസാനം ആകുമ്പോഴേക്കും, കുറിയാടിയും മറ്റു ചെറിയ പദ്ധതികളും ഉൾപ്പെടെ ഇവിടെ ലഭിക്കുന്ന ഏലക്ടിസിറിറിയുടെ അളവു് 18 ലക്ഷം കിലോവാട്സിൽ കുറഞ്ഞിരിക്കാൻ ഇടയില്ല. നാം വളരെ കരുതലോടുകൂടി പ്രവർത്തിച്ചു് മുമ്പോട്ടുപോകുന്നതിനു് സഹകരിക്കണമെന്നുള്ളതാണു് ഏറ്റവും മുഖ്യമായിട്ടുള്ളകാര്യം. ഗവണ്മെന്റു് ഇതു സംബന്ധിച്ചു ചെയ്യാവുന്ന എല്ലാ കാര്യങ്ങളും ചെയ്യുന്നുണ്ടു്.

ഏലക്ടിസിറിറിബോർഡിനെപ്പറ്റി ഇവിടെ പറഞ്ഞ വലിയ ആക്ഷേപങ്ങളിലൊന്നു്, സാമാന്യജനങ്ങളും എന്നൊരു കൂട്ടർ ഉണ്ടെന്നുപോലും വിചാരിക്കാതെ, ബോർഡു് അവർക്കു തോന്നിയതുപോലെ പ്രവർത്തിച്ചു പോകുന്നു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. ശങ്കർ]

എന്നാണു്. ബോർഡു് നിയമസഭയെപ്പോലെയും ഗവണ്മെൻറിനെപ്പോലെയും ഉള്ള ഒരു ബോഡിയല്ല. അവർ അവരുടെ കാര്യം മാത്രം നോക്കിപ്രവർത്തിക്കേണ്ടവരാണു്. എന്നാലും ഈ പുതിയ ജനാധിപത്യയുഗത്തിൽ ഏതെല്ലാം പരിമിതികളിൽനിന്നാണു് പ്രവർത്തിക്കുന്നതെന്നു് ഓർമ്മിക്കുന്നതു നന്നായിരിക്കും. ജനങ്ങളോടു് ഉത്തരംപറയേണ്ട ഗവണ്മെൻറാണു ഈ ബോർഡിനു് അവസാനത്തെ പൈവരെ ഉണ്ടാക്കേണ്ടതു്. ബോർഡു് ലോണെടുക്കുകയാണെങ്കിൽ ഗവണ്മെൻറു് ഗാരൻറി നൽകണം. ആ നിലയിൽ പൊതുജനങ്ങളോടു് എപ്പോഴും മറുപടി പറയേണ്ട ഗവണ്മെൻറു്, ഇതിനാവശ്യമുള്ള റിസോഴ്സു് മുഴുവൻ കൊടുക്കേണ്ടതുണ്ടെന്നുവന്നാൽ, പൊതുജനങ്ങളുടെയിടയിൽ വിശ്വാസം ഉണ്ടാക്കത്തക്കവണ്ണം പ്രവർത്തിക്കേണ്ടതാണെന്നു ബോർഡും കരുതേണ്ടതാണു്. എന്നാൽ ബോർഡു് പത്രത്തിലെഴുതുകയും, യോഗം വിളിച്ചുകൂട്ടുകയും, ചെയ്യണമെന്നു വിചാരിച്ചാൽ തെറ്റായിരിക്കും.

ഗവണ്മെൻറിനു് ഒരളവിൽ നിയന്ത്രണം ചെലുത്താനുള്ള വ്യവസ്ഥയുണ്ടു്. എവിടെയാണോ തെറ്റിപ്പോകുന്നതെന്നു കാണുന്നതു്. എവിടെയാണോ കൂടുതൽ അന്വേഷണംവേണമെന്നു കാണുന്നതു് അവിടെയെല്ലാം അന്വേഷിക്കാം. എന്നാൽ, അവരുടെ സാധാരണഗതിയിലുള്ള പ്രവർത്തനങ്ങൾക്കു് വിഘാതംവരുത്തക്കവണ്ണം ഇടപെടുന്നതു നന്നായിരിക്കുമെന്നു തോന്നുന്നില്ല. ഇവിടെ വളരെ അഴിമതികളെപ്പറ്റി പറയുകയുണ്ടായി. ഉദാഹരണങ്ങളും പറഞ്ഞു. കുറെ അന്വേഷണം നടത്തണമെന്നു പല മെമ്പറന്മാരും ഊന്നിപ്പറയുകയുണ്ടായി. അന്വേഷണം നടത്തേണ്ടതുണ്ടെന്നു തോന്നുന്ന കാര്യത്തെപ്പറ്റി അന്വേഷിക്കുമെന്നുള്ളതിനു് യാതൊരു സംശയവുമില്ല. ഓരോന്നായി എടുത്തുപറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഒരു ജോലിക്കു് ടെൻഡർ വിളിച്ചാൽ, ഏറ്റവും കുറഞ്ഞ ടെൻഡർ കൊടുത്തയാളിനു് കൊടുക്കണമെന്നാണു് സാമാന്യജനങ്ങളുടെ ഉദ്ദേശം.

ശ്രീ. ഈ. പി. ഗോപാലൻ : ഇപ്പോഴം മറിച്ചായിട്ടുണ്ടു്. അധികം ഉള്ള ടെൻഡറിനു് കൊടുക്കുന്നു എന്നാണു കാണുന്നതു്.

ശ്രീ. ആർ. ശങ്കർ : കുറഞ്ഞതിനാണു കൊടുക്കേണ്ടതെന്നു തോന്നാൻ പ്രയാസമില്ല. നമ്മുടെ സൈക്കോളോജിക്കലായ വിചാരം അങ്ങനെയാണു്. ജോലി ടെൻഡർ വിളിച്ചുകൊടുക്കണമെന്നു വിചാരിക്കുന്നതു് ലാഭകരമായി ചെയ്യാനാണെന്നു നമുക്കറിയാം. എന്നാൽ കേവലം തുക കുറഞ്ഞതുകൊണ്ടുമാത്രം ഒരു ജോലി ഒരാൾക്കു കൊടുക്കുന്നതു് ചിലപ്പോഴം ബുദ്ധിപൂർവ്വകമായിരിക്കുകയില്ല. സമയത്തു് ജോലി ചെയ്തില്ലെന്നുവരാം. അയാൾക്കു് അതിനുള്ള കപ്പാസിറ്റിയും, പുറുപാടും ഇല്ലെന്നുവരാം. അതൊക്കെ നോക്കി കാര്യക്ഷമമായി സമയത്തു വിചാരിക്കുന്നതുപോലെ നടത്തത്തക്കവണ്ണം കൊടുക്കണമെന്നു വച്ചു് കുറഞ്ഞ ടെൻഡറിനു കൊടുത്തില്ലെന്നുവരാം. 1963 നവംബർമാസത്തിൽ എങ്കിലും ഇത്ര പവ്വർ കിട്ടുമോ, 1965-ൽ ഇത്ര പവ്വർ കിട്ടുമോ എന്നെല്ലാം ചോദ്യം വരാറുണ്ടു്. അതിനിടയ്ക്കു വന്ന ഒരു കൺട്രാക്ടർ സമയത്തു ജോലിചെയ്യുന്ന പാരമ്പര്യമുള്ള ഒരാളല്ല, അതുകൊണ്ടു് ബുദ്ധിമുട്ടുണ്ടാകുമെന്നു് ആത്മാർത്ഥമായി തോന്നിയാൽ ബോർഡിനു് ആ കോൺട്രാക്ടു് സെറ്റിൽചെയ്യുമ്പോഴം കുറച്ചൊരു ഡിസ്ക്രിമിനേഷൻ പ്രയോഗിക്കാൻ നിശ്ചയമായും അനുവാദം കൊടുക്കണമെന്നു നമുക്കറിയാം. എന്നാൽ ഇങ്ങനെയൊരു ഡിസ്ക്രിമിനേഷൻ വച്ചുപിരിക്കുന്നതു് സൗകര്യംപോലെ ഉപയോഗിക്കാനാണെന്നു് അവർ തീർച്ചയായും കരുതുകയും അരുതു്.

ശ്രീ. ഈ. പി. ഗോപാലൻ : എസ്റ്റിമേറു കമ്മിറ്റി കാൺക്രീറായി ചില കാര്യങ്ങളം വച്ചിട്ടുണ്ടു്. അതു ഷോളയാർ ഡാമിനേയും പൊൻമുടി ഡാമിനേയും കാര്യമാണു്. ഇതിനെ എടുത്തു പരിശോധിക്കാൻ തയാറുണ്ടോയെന്നാണു ചോദിക്കുന്നതു്.

ശ്രീ. ആർ. ശങ്കർ : ഒരിക്കൽ യോഗ്യതയുള്ള ആളെപ്പെന്നുപറഞ്ഞു തള്ളിയ ആളിനു കൺട്രാക്ടുകൊടുത്തു എന്നു ശ്രീ. രവീന്ദ്രൻ പറയുകയുണ്ടായി, അതു പരിശോധിക്കാം. അതിനെപ്പറ്റി അന്വേഷിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. ഗോപാലൻ : എസ്റ്റിമേറ്റ് കമ്മിറ്റിയുടെ 1963–64–ലെ രണ്ടാം റിപ്പോർട്ടിൽ 73–ാം പേജിൽ അതു ശരിയായി എഴുതിയിട്ടുണ്ട്.

ശ്രീ. ആർ ശങ്കർ : അങ്ങനെ വ്യക്തമായി വിവരം കിട്ടിയ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം അന്വേഷണം നടത്താമെന്നുള്ളതിനു സംശയമില്ല.

ഞാൻ പൊതുവിൽ മാത്രമേ പറയുന്നുള്ളൂ. പ്രധാനമായിട്ടു ആക്ഷേപങ്ങളുണ്ടായിട്ടുള്ള കാര്യങ്ങളെപ്പറ്റി അന്വേഷിക്കുകയും അങ്ങനെ ആക്ഷേപങ്ങൾ ഉണ്ടാകുന്നതിനുള്ള സാഹചര്യം ഉണ്ടാകാതിരിക്കാൻ സൂക്ഷിക്കുകയും ചെയ്യാം.

ഉദ്യോഗങ്ങളെ സംബന്ധിച്ചു ചില പരാതികളൊക്കെയുണ്ട്. നിയമനങ്ങളെ സംബന്ധിച്ചിടത്തോളം അതു പബ്ലിക്ക് സർവ്വീസു കമ്മീഷനു വിട്ടുകൊടുക്കണമെന്നു തീരുമാനിച്ചിട്ടുണ്ട്. അതു സംബന്ധിച്ചു ഒരു ബിൽ അവതരിപ്പിച്ചു. അതു സംബന്ധിച്ചുള്ള നടപടികളും എടുത്തുവരുന്നുണ്ട്. അതിനിടയ്ക്കു ആവശ്യമായ ജോലികൾക്കുവേണ്ടി ബോർഡുതന്നെ റൂൾസ് അനുസരിച്ചു ഗവണ്മെന്റിന്റെ അനുമതിയോടുകൂടി നിയമനം നടത്തിവരുകയാണു്.

പിന്നെ, പെൻഷൻപറ്റി പിരിയാനുള്ള ഒരാളേയും വേറെ ഒരാളേയും കൂടി കൃഷിനഡയിൽ പരിശീലനത്തിനു അയച്ചു എന്നു പറഞ്ഞു അങ്ങനെ പരിശീലനത്തിനു അയച്ചിട്ടില്ല. അവരെ പരിശീലനത്തിനു അയച്ചതല്ല. അവിടെ പോയി ഡിസൈനും പ്ലാനുമൊക്കെ ഉണ്ടാക്കുന്നതു കണ്ടു മനസ്സിലാക്കിക്കൊണ്ടുവരാൻവേണ്ടി അയച്ചതാണു്. അതുകൊണ്ടു് പരിശീലനത്തിനായിട്ടു പോയതല്ലാ എന്നാണു് ഞാൻ അറിയുന്നതു്.

പിന്നെ പല ആക്ഷേപങ്ങളും ബഹുമാനപ്പെട്ട മെമ്പറന്മാർ ഉന്നയിക്കയുണ്ടായി. അതു് ഓരോന്നായി എടുത്തു പറയാൻ തുടങ്ങുന്നില്ല. കുറ്റ്യാടി പദ്ധതി പ്രയോഗത്തിൽ കൊണ്ടുവരാൻ ഗവണ്മെന്റു് നിഷ്കർഷയോടുകൂടി പ്രവർത്തിക്കുന്നതാണു്. കാരണം അവിടെ വേറെ പദ്ധതികളില്ല. ആ പദ്ധതി പ്രയോഗത്തിൽ വന്നാൽ അതിൽനിന്നും ലഭിക്കാവുന്ന വിദ്യുച്ഛക്തിയുടെ അളവു ചെറുതാണെങ്കിലും ഏറ്റവും വേഗത്തിൽ പ്രയോഗത്തിൽ കൊണ്ടുവരുന്നതിനു് ഗവണ്മെന്റു് ശ്രദ്ധിക്കുന്നതാണു്.

ഈ ബോർഡിന്റെ പ്രവർത്തനത്തിൽ വളരെ ഏറെ കാര്യക്ഷമതാരാഹിത്യം ഉണ്ടെന്നുള്ളതും മറ്റു പല കാര്യങ്ങളും ഇവിടെ പറഞ്ഞിട്ടുള്ളതെല്ലാത്തിനേക്കുറിച്ചും ബോർഡിന്റെ ശ്രദ്ധ ക്ഷണിക്കുന്നതാണു്. പൊതുവിൽ ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങൾ പ്രകടിപ്പിച്ച കാര്യങ്ങളെല്ലാം ഗവണ്മെന്റു് ശ്രദ്ധാപൂർവ്വം നോക്കുന്നതും അന്വേഷിക്കുന്നതുമാണു്.

HALF AN HOUR DISCUSSION UNDER RULE 48

Committee for solving unemployment.

ശ്രീമതി കെ. ആർ. ഗൗരി : സർ, തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുന്നതിനായി സംഘടിപ്പിച്ച കമ്മിറ്റികളെ സംബന്ധിച്ചു 1964 ഫെബ്രുവരി 24–ാം തീയതിയിലെ 1620–ാം നമ്പർ ചോദ്യത്തിനു മന്ത്രി മറുപടി നൽകിയതു് ഇങ്ങനെയാണു്. ഒന്നു്, കയർ വ്യവസായത്തിന്റെ അഭിവൃദ്ധിക്കായുള്ള കമ്മിറ്റിയുടെ അവസാന റിപ്പോർട്ടു് ഇതുവരെയും മുഴുവനാക്കാൻ സാധിച്ചിട്ടില്ല കമ്മിറ്റിയുടെ ഒന്നാമത്തെ മീറ്റിംഗ് കൂടിയപ്പോൾ അതിലെ ഒരു മെമ്പറായ ശ്രീ. ടി. വി. തോമസ്സു് കമ്മിറ്റിയുടെ പര്യാലോചനയ്ക്കായി അയച്ചുകൊടുക്കാമെന്നേറ്റിരുന്ന സെൻട്രൽ എക്സ്പോർട്ടു് ഏജൻസിക്കുള്ള ഒരു സ്കീം ഇതുവരെയും കിട്ടാതിരുന്നതിനാൽ കമ്മിറ്റിക്കു പിന്നീടു് മീറ്റിംഗ് കൂടാൻ കഴിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX V

Reply to the point raised by Shri P. Gopalan, M. L. A. under Rule 282 on 13-3-1964.

NOTE.

The starred Interpellation Nos. 474 of Shri. N. Gopala Kurup, M. L. A. and 1624 of Shri, S. Kumaran, M. L. A., were answered by the Minister (Industries) on 25-2-1964 and 27-2-1964 respectively. The lists of allottees of cars under the State quota furnished by the State Controller of Motor cars and scooters were laid on the table of the House in answer to these interpellations. Now the State Controller of Motor Cars and scooters has suggested the following corrections to be made in the lists previously furnished by him.

(i) It was stated in the lists that one unit of Ambassador car was allotted from the State quota for the quarter November 1959 to January 1960 to Shri V. Subramoniam, I. P. S., Superintendent of Police, Kottayam. This is not correct. The allotment was subsequently cancelled and the car was re-allotted to Shri T. N. N. Namboodiripad, Leprosy Centre, Nooranad.

(ii) The statement made in the lists that one unit of Ambassador car from the State quota for the quarter August to October 1960 was allotted to the Hon'ble Justice Mr. M. S. Menon, Judge, High Court, Ernakulam, is not correct. The allotment was subsequently cancelled and the car was re-allotted to Shri. A. L. Jacob, M. L. A., Ernakulam.

(iii) The statement made in the lists that allotment of one Ambassador car each from the State quota for the quarters Aug-Oct. 1962 and Feb-April 1963 was made to Shri K. I. Idiculla, Deputy Chief Engineer, Irrigation, Trivandrum, and Shri K. Chandrasekharan, M. L. A., respectively is not correct. The quotas lapsed as the parties did not intimate in time that they did not require the cars.

(iv) The statement made in the list that one unit of Standard car from the State quota for the quarter Aug-Oct. 1961 was allotted to Shri. P. Gopalan, Congress House, Trivandrum, is not correct. The correct position is that since this allotment was made after the expiry of the quarter, the dealers could not supply the car to the allottees as per rules. So, the quota lapsed.

(v) It was stated in the lists that allotment of a Standard car each from the State quota was made to Shri. V. N. Raghava Panicker, Tribal Officer, Department of Harijan Welfare, Trivandrum, Shri K. Unni Ram, M. B. B. S., Demonstrator, Medical College, Hospital, Trivandrum, and Dr. Manohar Kini, Asst. Surgeon and Tutor in Medicine, Medical College Hospital, Trivandrum. The above allotments were not availed of by the allottees and therefore the quota lapsed

(vi) It was also stated in the lists that one unit of Standard Herald car from State quota for the quarter February-April 1963 was allotted to Shri T. Krishnan, M. L. A. c/o Sree Narayana Medical Mission, Sherthalai. The correct position is that on receipt of the car

LIBRARY ARCHIVES Kerala Legislative Assembly

the dealer intimated the allottee (Shri T. Krishnan) by Registered post that the car was ready for delivery and requested him to pay price and take delivery of the same. That letter was returned to the dealer by the postal authorities stating that there was no such addressee. The car was kept for more than a month and afterwards the dealer requested instructions from the State Controller to dispose of it and permission was given by the State Controller to dispose of the car under the ordinary public quota.

(vii) In the list of persons to whom cars were allotted more than once, it was stated that allotment of Ambassador cars was made to Hon'ble Justice Mr. M. S Menon, Judge, High Court, Ernakulam (now Chief Justice, Ernakulam) from the State quota twice. This is not correct. The allotment of Ambassador car made to Shri M. S. Menon from the State quota for the quarter August to October 1960 was cancelled and the car was reallotted to Shri A. L. Jacob, M. L .A., Ernakulam. Hence, his name may be deleted from the list of persons to whom cars were allotted more than once.

LIBRARY ARCHIVES Kerala Legislative Assembly